# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

<u>സംഗ്രഹം</u>

**കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്-**

==============================================================

**ലേബർ വിഭാഗം, ചീഫ് ഓഫീസ്**

**നമ്പർ : എൽ.ആർ 8/043530/10 തിരുവനന്തപുരം, തിയതി: 03.12.2012**

==============================================================

വായന: -
(1). 22.05.2012-ലെ ഉഭയ കക്ഷി കരാർ
(2). 26.07.2012- ലെ ഭരണസമിതി യോഗത്തിന്റെ അജണ്ട ഇനം 53/2012 പ്രകാരമുള്ള തീരുമാനം.
(3). 09.08.2012, 01.09.2012 എന്നീ തീയതികളിലെ ഇതേ നമ്പർ കത്ത്.
(4). 22.10.2012-ലെ മേൽ നമ്പരായുള്ള ഉത്തരവ്.
(5). സർക്കാർ ഉത്തരവ് സ.ഉ.(പി) നമ്പർ 71/2012/ഗതാഗതം തീയതി: 27.11.2012.

## <u>ഉത്തരവ്</u>

കെ.എസ്.ആർ.ടി. കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരുടെ ഇപ്പോഴത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സേവന വ്യവസ്ഥകളും കേരള സർക്കാരിനാൽ അംഗീകരിക്കപ്പെട്ടതും 28.11.2008-ൽ ഒപ്പ് വയ്ക്കപ്പെട്ടതുമായ ഉഭയകക്ഷിക്കരാറിനാൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. 'ടി' കരാറിന്റെ കാലാവധി 28.02.2011-ൽ അവസാനിച്ച മുറയ്ക്ക് അംഗീകൃത തൊഴിലാളി സംഘടനകൾ പുതിയ കരാർ രൂപവത്ക്കരിക്കുന്നതിലേക്കുള്ള അവകാശ പത്രികകൾ സമർപ്പിച്ചു. നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിലേയ്ക്ക് വിശദമായ ഉഭയകക്ഷി ചർച്ചകൾ നടത്തുകയും തുടർന്ന് ഒരു ദീർഘകാല കരാർ രൂപീകരിക്കുന്നതിന് ധാരണയാവുകയും ചെയ്തു.

നിർദ്ദിഷ്ട സേവന വേതന പരിഷ്ക്കരണത്തിനുവേണ്ടി അംഗീകൃത തൊഴിലാളി സംഘടനകളുമായി 22.05.2012-ന് പുതിയ ഉഭയകക്ഷി കരാറിൽ ഔപചാരികമായി ഏർപ്പെടുകയും 'ടി' കരാർ 26.07.2012-ലെ ഭരണസമിതി യോഗം പരിഗണിക്കുകയും പുതിയ കരാർ സർക്കാർ അനുമതിയോടെ നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. അപ്രകാരം 22.05.2012-ന് അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി

ഒപ്പുവച്ച കരാർ നടപ്പിലാക്കുന്നതിനുള്ള സർക്കാർ അനുമതിക്കായി പരാമർശകത്ത് മുഖേന സമർപ്പിക്കുകയും ആയത് പരാമർശം 5-ലെ ഉത്തരവിനാൽ അനുവദിക്കപ്പെട്ടിട്ടുള്ളതുമാണ്.

പരാമർശം 5 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ സേവന വേതന കരാറിനെ അനുബന്ധം I ആയി ചേർക്കുകയും ടി കരാറിന്റെ ഭാഗമായുള്ള അനുബന്ധം I, II, III, IV, IV എ, IV ബി, IV സി, V, VI എന്നിവ യഥാക്രമം I-A, I-B, I-C, I-D, I-D(1), I-D(3), I-E, I-F എന്ന രീതിയിലും ചേർത്തിട്ടുള്ളതുമാകുന്നു.

ആകയാൽ കെ.എസ്.ആർ.ടി.സി.യിലെ സ്ഥിരം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള 22.05.2012-ലെ ഉഭയകക്ഷി കരാറിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഇതിനാൽ ഉത്തരവായിരിക്കുന്നു.

പുതുക്കിയ ശമ്പളം, വർദ്ധിപ്പിച്ച നിരക്കിലുള്ള ക്ഷാമബത്ത, വീട്ട് വാടക അലവൻസ് എന്നിവയുടെ സാമ്പത്തികാനുകൂല്യം അനുവദിക്കുന്ന തീയതി പ്രത്യേക ഉത്തരവിലൂടെ അറിയിക്കുന്നതാണ്.

എന്നാൽ സേവന വേതന കരാറിലെ ഖണ്ഡം XXVI-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും അനുബന്ധം III-ൽ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടുള്ളതുമായ പുതുക്കിയ അലവൻസുകൾ (ക്രമ നമ്പർ 1-ഉം, 3-ഉം ഒഴികെ) സൂചന (4) പ്രകാരം പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്.

ഖണ്ഡം XXXI-ൽ പ്രതിപാദിച്ചിട്ടുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യങ്ങളിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളവ പ്രാബല്യത്തിൽവരുന്ന തീയതി ഇതു സംബന്ധമായി പുറപ്പെടുവിക്കുന്ന പ്രത്യേക ഉത്തരവിൽ പറയുന്നതാണ്.

## I. അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കുന്ന ക്ഷാമബത്ത (Merger D.A)

64% ക്ഷാമബത്ത 01.03.2011-ലോ ഓപ്ഷൻ തീയതിയിലോ നിലവിലുള്ള അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കുന്നതാണ്.

## II. ശമ്പള സ്കെയിലുകൾ (Scales of Pay)

നിലവിലുള്ള മാസ്റ്റർ സ്കെയിലിനു പകരം 8730 - 230 (2) - 9190 - 250 (3) - 9940 - 270 (3) - 10750 - 300 (3) - 11650 - 330 (2) - 12310 - 360 (3) - 13390 - 410 (2) - 14210 - 500 (3) - 15710 - 580 (4) - 18030 - 630 (5) - 21180 - 660 (9) - 27120 - 740 (9) - 33780 - 820 (4) - 37060 - 900 (6) - 42460. (ആകെ 58 വർഷം) എന്ന മാസ്റ്റർ സ്കെയിലും അതിന്റെ ഭാഗമായിട്ടുള്ള 11 ടൈം സ്കെയിലുകളുമായിരിക്കും (ഇനിയുള്ള ഭാഗങ്ങളിൽ പുതിയ സ്കെയിലുകൾ എന്ന് പരാമർശിക്കുന്നത്) മേലിൽ ഉണ്ടായിരിക്കുക.

### നിലവിലുള്ള സ്കെയിലുകളും പരിഷ്ക്കരിച്ച സ്കെയിലുകളും

### I. മാസ്റ്റർ സ്കെയിൽ

| നിലവിലുള്ള മാസ്റ്റർ സ്കെയിൽ | പരിഷ്കരിച്ച മാസ്റ്റർ സ്കെയിൽ |
|---|---|
| 4510 -120 (4) – 4990 – 130 (2) – 5250 – 140 (4) – 5810 – 160 (3) – 6290 – 180 (2) – 6650 – 220 (3) – 7310 – 250 (2) – 7810 – 300 (3) – 8710 – 350 (3) – 9760 – 380 (5) – 11660 – 400 (8) – 14860 – 450 (7) – 18010 – 500 (6) – 21010. (ആകെ 52 വർഷം) | 8730 - 230 (2) - 9190 - 250 (3) - 9940 - 270 (3) - 10750 - 300 (3) - 11650 - 330 (2) - 12310 - 360 (3) - 13390 - 410 (2) - 14210 - 500 (3) - 15710 - 580 (4) - 18030 - 630 (5) - 21180 - 660 (9) - 27120 - 740 (9) - 33780 - 820 (4) - 37060 - 900 (6) - 42460. (ആകെ 58 വർഷം) |

## II. പരിഷ്കരിച്ച ശമ്പള സ്കെയിലുകൾ

| നിലവിലുള്ള സ്കെയിൽ (2006) | സ്കെയിൽ നമ്പർ | പരിഷ്ക്കരിച്ച സ്കെയിൽ (2011) |
|---|---|---|
| 4510 – 120 – 4990 – 130 – 5250 – 140 – 5810 – 160 – 6290 – 180 – 6650. | 1 | 8730 - 230 - 9190 - 250 - 9940 - 270 - 10750 - 300 - 11650 - 330 - 12310. |
| 4750 – 120 – 4990 – 130 – 5250 – 140 – 5810 – 160 – 6290 – 180 – 6650 – 220 – 7310 – 250 – 7810 – 300 – 8710 – 350 – 9410. | 2 | 9190 - 250 - 9940 - 270 - 10750 - 300 - 11650 - 330 - 12310 - 360 - 13390 - 410 - 14210. |
| 5250 – 140 – 5810 – 160 – 6290 – 180 – 6650 – 220 – 7310 – 250 – 7810 – 300 – 8710 – 350 – 9760 – 380 – 10900. | 3 | 9940 - 270 - 10750 - 300 - 11650 - 330 - 12310 - 360 - 13390 - 410 - 14210 - 500 - 15710 - 580 - 18030 - 630 - 21180. |
| 5390 – 140 – 5810 – 160 – 6290 – 180 – 6650 – 220 – 7310 – 250 – 7810 – 300 – 8710 – 350 – 9760 – 380 – 11660. | 4 | 10210 - 270 - 10750 - 300 - 11650- 330 - 12310 - 360 - 13390 - 410 - 14210 - 500 - 15710 - 580 - 18030 - 630 - 21180 - 660 - 23160 . |
| 5810 – 160 – 6290 – 180 – 6650 – 220 – 7310 – 250 – 7810 – 300 – 8710 – 350 – 9760 – 380 – 11660 – 400 – 13260. | 5 | 11050 - 300 - 11650 - 330 - 12310 - 360 - 13390 - 410 - 14210 - 500 - 15710 - 580 - 18030 - 630 - 21180 - 660 - 27120 - 740 - 27860 . |
| 6470 – 180 – 6650 – 220 – 7310 – 250 – 7810 – 300 – 8710 – 350 – 9760 – 380 – 11660 – 400 – 14860. | 6 | 12310 - 360 - 13390 - 410 - 14210 - 500 - 15710 - 580 - 18030 - 630 - 21180 - 660 - 27120 - 740 - 28600 . |
| 7090 – 220 – 7310 – 250 – 7810 – 300 – 8710 – 350 – 9760 – 380 – 11660 – 400 – 14860 – 450 – 16210. | 7 | 13390 - 410 - 14210 - 500 - 15710 - 580 - 18030 - 630 - 21180 - 660 - 27120 - 740 - 30820. |
| 7560 – 250 – 7810 – 300 – 8710 – 350 – 9760 – 380 – 11660 – 400 – 14860 – 450 – 16660. | 8 | 14210 - 500 - 15710 - 580 - 18030 - 630 - 21180 - 660 - 27120 - 740 - 31560. |
| 8110 – 300 – 8710 – 350 – 9760 – 380 – 11660 – 400 – 14860 – 450 – 18010. | 9 | 15710 - 580 - 18030 - 630 - 21180 - 660 - 27120 - 740 - 33780 - 820 - 34600. |
| 9060 – 350 – 9760 – 380 – 11660 – 400 – 14860 – 450 – 18010 – 500 – 19010. | 10 | 16290 - 580 - 18030 - 630 - 21180 - 660 - 27120 - 740 - 33780 - 820 - 37060. |
| 9760 – 380 – 11660 – 400 – 14860 – 450 – 18010 – 500 – 21010. | 11 | 18030 - 630 - 21180 - 660 - 27120 - 740 - 33780 - 820 - 37060 - 900 - 42460. |

## III. ക്ഷാമബത്ത (Dearness Allowance)

സർക്കാർ ജീവനക്കാർക്ക് കാലാകാലങ്ങളിൽ അനുവദിക്കുന്ന നിരക്കിലുള്ള ക്ഷാമബത്ത കോർപ്പറേഷൻ ജീവനക്കാർക്ക് അനുവദിക്കും. കോർപ്പറേഷൻ ജീവനക്കാർക്ക് 01.09.2011 മുതൽ 78% ക്ഷാമബത്ത നൽകി വരുന്നു. അടിസ്ഥാന ശമ്പളത്തിൽ 64% ലയിപ്പിച്ചതിനു ശേഷം ബാക്കിയുള്ള 14% ക്ഷാമബത്തക്ക് തുല്യമായ പരിഷ്കരിച്ച സ്കെയിലിലെ 8% ക്ഷാമബത്ത ഈ ഗഡു അനുവദിച്ച തീയതിയായ 01.09.2011 മുതൽ നൽകുന്നതാണ്. **കുടിശ്ശിക ക്ഷാമബത്താ ഗഡുക്കൾ ഘട്ടംഘട്ടമായി നൽകും.**

## IV. വീട്ടുവാടക ബത്ത (House Rent Allowance)

പരിഷ്ക്കരിച്ച അടിസ്ഥാന ശമ്പളത്തിന്റെ 4% (നാല് ശതമാനം) എന്ന നിരക്കിൽ കുറഞ്ഞത് 500/- (അഞ്ഞൂറ്) രൂപയും പരമാവധി 1000/- (ആയിരം) രൂപയും പ്രതിമാസ വീട്ടുവാടക അലവൻസ് നൽകും.

## V. ഫിറ്റ്മെന്റ് ആനുകൂല്യം (Fitment benefit)

നിലവിലുള്ള അടിസ്ഥാന ശമ്പളത്തിന്റെ 10% അല്ലെങ്കിൽ കുറഞ്ഞത് 1000/- (ആയിരം) രൂപ ഫിറ്റ്മെന്റ് ആനുകൂല്യമായി ശമ്പള പരിഷ്ക്കരണത്തിന് കണക്കാക്കും.

## VI. വെയിറ്റേജ് (Weightage)

ഓപ്ഷൻ തീയതിയിൽ പൂർത്തിയാക്കുന്ന പി.എസ്.സി / ആശ്രിത നിയമനത്തെ തുടർന്നുള്ള റിസർവ് / പ്രി അപ്പോയ്ന്റ്മെന്റ് കാലയളവ് ഉൾപ്പെടെ ഇൻക്രിമെന്റിന് യോഗ്യമായ കോർപ്പറേഷൻ സർവ്വീസിന്റെ ഓരോ വർഷത്തിനും ഓപ്ഷൻ തീയതിയിലെ അടിസ്ഥാന ശമ്പളത്തിന്റെ ½%-ത്തിന് തുല്യമായ തുക പരമാവധി 30 വർഷ സേവനകാലത്തിന് 15% വരെ സർവ്വീസ് വെയിറ്റേജ് (Weightage) ആയി അനുവദിക്കുന്നതാണ്. (കോർപ്പറേഷൻ സർവ്വീസ് എന്നത് പി.എസ്.സി. / ആശ്രിത നിയമനംവഴി സ്ഥിരനിയമനം ലഭിച്ചതിനുശേഷമുള്ള റിസർവ്വ് / പ്രി അപ്പോയ്ന്റ്മെന്റ് ട്രെയിനിംഗ് കാലയളവ് ഉൾപ്പെടെയുള്ളത്) എന്നാൽ മതിയായ ഡ്യൂട്ടി ചെയ്യാത്തതിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തിനുശേഷം മാത്രം റഗുലർ സർവ്വീസിൽ ആഗിരണം (Absorb) ചെയ്യപ്പെടുകയാണെങ്കിൽ പ്രസ്തുത Absorption തീയതി വരെയുള്ള കാലയളവ് ഒരു വർഷമായി വെയിറ്റേജിന് കണക്കാക്കുന്നതാണ്. റിസർവ്വ് കാലയളവിൽ ഒരു മാസത്തിൽ ഒരു ഡ്യൂട്ടി എങ്കിലും ചെയ്തിട്ടില്ലെങ്കിൽ പ്രസ്തുത മാസം വെയിറ്റേജിന് ഒഴിവാക്കുന്നതാണ്. സഞ്ചിത പ്രാബല്യത്തോടെ (Cumulative Increment bar) ഇൻക്രിമെന്റ് തടഞ്ഞകാലത്തെ സർവ്വീസും വെയിറ്റേജിന് കുറവ് ചെയ്യുന്നതാണ്.

## VII. പരിഷ്ക്കരിച്ച ശമ്പളത്തിന്റെ പ്രാബല്യം

നിർദ്ദിഷ്ട ശമ്പള പരിഷ്ക്കരണം 01.03.2011 മുതൽ നിലവിൽ വരുമെങ്കിലും ആയതിന്റെ സാമ്പത്തികാനുകൂല്യം അനുവദിക്കുന്നതുവരെ നോഷണൽ പ്രാബല്യമായിരിക്കും.

നിർദ്ദിഷ്ട ശമ്പള സ്കെയിൽ പരിഷ്ക്കരണം, ക്ഷാമബത്ത, വീട്ടുവാടക അലവൻസ് എന്നിവ സംബന്ധിച്ചല്ലാത്ത വ്യവസ്ഥകൾക്ക് ഈ കരാർ നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവ് തീയതി മുതൽക്ക് മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

## VIII. ഓപ്ഷൻ

01.03.2011-ലെ ഹോൾഡിംഗ് പോസ്റ്റിൽ (Holding Post) മാത്രമേ പൊതുവിൽ ഓപ്ഷൻ അനുവദിക്കുകയുള്ളൂ. 01.03.2011 മുതൽ കരാർ കാലാവധി അവസാനിക്കുന്ന 28.02.2016 വരെയുള്ള കാലയളവിൽ ഓപ്ഷൻ അനുവദിക്കും. എന്നാൽ 01.03.2011-ലോ അതിനുശേഷമോ പ്രൊമോഷൻ ലഭിച്ചവർക്ക് അനുബന്ധം II-ലുള്ള ശമ്പള നിർണ്ണയ ചട്ടങ്ങളിലെ ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ ഓപ്ഷന് അവകാശമുണ്ടായിരിക്കുകയുള്ളൂ.

01.03.2011-ലോ അതിന് ശേഷമോ നടന്നിട്ടുള്ള എല്ലാ നിയമനങ്ങളും പ്രൊമോഷനുകളും പുതുക്കിയ ശമ്പള സ്കെയിലുകളിൽ നടന്നതായി കണക്കാക്കും.

ഓപ്ഷന് അവകാശമുള്ള ഏതെങ്കിലും ഒരു ജീവനക്കാരൻ / ജീവനക്കാരി ഓപ്ഷൻ നൽകുന്നതിലേക്ക് നിശ്ചയിക്കുന്ന കാലപരിധിക്കുള്ളിൽ ആയത് നൽകാതിരിക്കുകയോ അർഹതപ്പെട്ടതല്ലാത്ത തീയതിയിൽ ഓപ്ഷൻ നൽകുകയോ ചെയ്താൽ 01.03.2011-ലേക്ക് ഓപ്ഷൻ നൽകിയതായി കണക്കാക്കി ശമ്പളം പുതിയ സ്കെയിലിൽ നിർണ്ണയിക്കുന്നതായിരിക്കും. ഇപ്രകാരം സംഭവിക്കുന്നതായാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.

**ഒരിക്കൽ നൽകിയ ഓപ്ഷൻ അന്തിമമായിരിക്കും. ആകയാൽ റീ-ഓപ്ഷൻ അനുവദിക്കുന്നതല്ല.**

## IX. പുതിയ സ്കെയിലിലെ ശമ്പള നിർണ്ണയ ഘടകങ്ങൾ:

1. 01.03.2011-ലെ / ഓപ്ഷൻ തീയതിയിലെ നിലവിലുള്ള സ്കെയിലിലെ അടിസ്ഥാന ശമ്പളം (സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് ഉൾപ്പെടെ).

2. 'ടി' അടിസ്ഥാന ശമ്പളത്തിന് 64% നിരക്കിലുള്ള ക്ഷാമബത്ത.

3. നിലവിലുള്ള അടിസ്ഥാന ശമ്പളത്തിന്റെ 10%; കുറഞ്ഞത് 1000/- (ആയിരം) രൂപ ഫിറ്റ്മെന്റ് ആനുകൂല്യം (Fitment benefit).

4. ഓപ്ഷൻ തീയതിയിൽ നിലവിലുള്ള അടിസ്ഥാന ശമ്പളത്തിന് പൂർത്തിയാക്കുന്ന കോർപ്പറേഷൻ സർവ്വീസിന്റെ ഓരോ വർഷത്തിനും ½%-ത്തിന് തുല്യമായ തുക പരമാവധി 30 വർഷ സേവന കാലത്തിന് 15% വരെ സർവ്വീസ് വെയിറ്റേജായി അനുവദിക്കുന്നതാണ്.

5. മേൽ (1) മുതൽ (4) വരെ ഘടകങ്ങൾ ചേർന്ന തുക പുതിയ സ്കെയിലിലെ ശമ്പള സ്കെയിലിന്റെ അടുത്ത സ്റ്റേജിലേക്ക് സർക്കാരിലുള്ളതുപോലെ അനുവദിക്കുന്നതാണ്.

6. പുതിയ സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ (Pay Fixation Rules) അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.

## X. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് (Stagnation Increment)

പരിഷ്ക്കരിച്ച ശമ്പള സ്കെയിലുകളിലെ പരമാവധിയിലെത്തി സ്റ്റാഗ്നേറ്റ് ചെയ്യുന്നവർക്ക് സർക്കാരിൽ നിലവിലുള്ള രീതിയിൽ അഞ്ച് (5) സ്റ്റാഗ്നേഷൻ ഇൻക്രിമെന്റിന് അർഹതയുണ്ടായിരിക്കും. അപ്രകാരം ആദ്യത്തെ നാലെണ്ണം വാർഷികമായും അവസാനത്തേത് ദ്വൈവാർഷികമായും, അതാതു ശമ്പള സ്കെയിലിലെ ഒടുവിലത്തെ നിരക്കിൽ അനുവദിക്കും. എന്നാൽ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിക്കുമ്പോൾ മാസ്റ്റർ സ്കെയിലിന്റെ പരമാവധി തുകയായ 42,460/- രൂപയിൽ കവിയാൻ പാടില്ലാത്തതാണ്.

## XI. കണ്ടക്ടർ, ഡ്രൈവർ തസ്തികകളിലേക്ക് ഗ്രേഡ് II-ൽ നേരിട്ടുള്ള നിയമനം

കണ്ടക്ടർ, ഡ്രൈവർ വിഭാഗത്തിലേക്കുള്ള പ്രഥമ സ്ഥിര നിയമനം റിസർവ് തസ്തികയിൽ നടന്നുവന്നിരുന്നത് മേലിൽ ഗ്രേഡ് II-ൽ നടത്തും.

സ്ഥിര നിയമനം ലഭിച്ച് 01.03.2011-നോ അതിനുശേഷമോ റിസർവ്വ് തസ്തികയിൽ തുടർന്നുവരുന്നവരും II[nd] ഗ്രേഡിൽ ആഗിരണം ചെയ്യപ്പെട്ടവരുമായ കണ്ടക്ടർ, ഡ്രൈവർ വിഭാഗത്തിലുള്ള ജീവനക്കാരെ 01.03.2011 മുതലോ ഓപ്ഷൻ തീയതി മുതലോ II[nd] ഗ്രേഡ് തസ്തികയിൽ നിയമിച്ചതായി കണക്കാക്കി ശമ്പള നിർണ്ണയം നടത്തുന്നതും അത്തരത്തിൽ II[nd] ഗ്രേഡായ തീയതി മുതൽ ഒരു വർഷം കണക്കാക്കി (ഇൻക്രിമെന്റ് വർഷം) ഇൻക്രിമെന്റ് നൽകുന്നതുമാണ്. എന്നാൽ ഗ്രേഡ് II-ൽ നിയമനം ലഭിച്ച് ഒരു വർഷത്തിനുള്ളിൽ 240 ഡ്യൂട്ടി പൂർത്തീകരിക്കാതെ വരുന്നപക്ഷം 240 ഡ്യൂട്ടി പൂർത്തീകരിച്ച് ഇൻക്രിമെന്റിന് അർഹമായ കാലാവധി തികയുന്നതിനനുസരിച്ച് ആദ്യ ഇൻക്രിമെന്റ് അനുവദിക്കും. ഒരു വർഷത്തിനുള്ളിൽ 240 ഡ്യൂട്ടി തികഞ്ഞാലും ഇൻക്രിമെന്റിന് അർഹമായ കാലാവധി പൂർത്തിയാകുന്ന മുറയ്ക്കു മാത്രമേ ആദ്യ ഇൻക്രിമെന്റ് അനുവദിക്കുകയുള്ളൂ. ഇതിന് 01.03.2011 മുതൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കും.

## XII. കണ്ടക്ടർ, ഡ്രൈവർ തസ്തികകളുടെ അടിസ്ഥാന യോഗ്യത

ഡ്രൈവർ തസ്തികയിലെ നിയമനത്തിനുള്ള കുറഞ്ഞ അടിസ്ഥാന യോഗ്യത നിലവിലെ 9-ാം ക്ലാസ് (ജയം) എന്നത് തുടരും. എന്നാൽ കണ്ടക്ടർ തസ്തികയുടെ കുറഞ്ഞ അടിസ്ഥാന യോഗ്യത നിലവിലെ എസ്.എസ്.എൽ.സി എന്നത് പ്ലസ്ടു / തത്തുല്യം (ജയം) ആയി ഉയർത്തും.

## XIII. മെക്കാനിക്ക് വിഭാഗത്തിലെ ഗ്രേഡ് II തസ്തികയിലെ പരിശീലനകാലം

മെക്കാനിക്ക് വിഭാഗത്തിലെ ഗ്രേഡ് II തസ്തികയിലെ പ്രഥമ നിയമനത്തിന് മുന്നോടിയായുള്ള മൂന്ന് മാസ പരിശീലനകാലം ഇൻക്രിമെന്റ്, ലീവ്, ഗ്രേഡ് പ്രൊമോഷൻ, പെൻഷൻ എന്നിവയ്ക്ക് കണക്കാക്കുന്നതാണ്. ഇതിന് 01.03.2011 മുതൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കും.

## XIV. ഗാരേജ് മസ്ദൂർ വിഭാഗത്തിന്റെ ദിവസവേതന സേവനകാലം

ഗാരേജ് മസ്ദൂർ വിഭാഗത്തിന്റെ പ്രഥമ നിയമനത്തിന് ശേഷമുള്ള രണ്ട് വർഷ ദിവസവേതന സേവനകാലം ഒഴിവാക്കി മേലിൽ ഗാരേജ് മസ്ദൂർ II[nd] ഗ്രേഡിൽ നിയമനം നൽകുന്നതാണ്. ടി സേവനകാലം ഇൻക്രിമെന്റ്, ലീവ്, ഗ്രേഡ് പ്രൊമോഷൻ, പെൻഷൻ എന്നിവയ്ക്ക് കണക്കാക്കുന്നതാണ്. ഇതിന് 01.03.2011 മുതൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കും.

**XV. ഇലക്ട്രിഷ്യൻ തസ്തികയിലെ നിയമനം**

ഇലക്ട്രിഷ്യൻമാരുടെ ഒഴിവുകളിലേക്ക് ഐ.ടി.ഐ ഇലക്ട്രിക്കൽ / ഇലക്ട്രോണിക്സ് യോഗ്യത ഉള്ളവരും R.I.സെന്റർ മുഖേന ഒരു വർഷത്തെ പെയ്ഡ് അപ്രന്റീസ്ഷിപ്പ് തൃപ്തികരമായി പൂർത്തിയാക്കിയവരുമായ ഉദ്യോഗാർത്ഥികളിൽ നിന്നും പി.എസ്.സി മുഖേന നേരിട്ട് നിയമനം നടത്തും.

**XVI. ടയർ റീട്രേഡർ തസ്തികയിലെ നിയമനം**

ഏതെങ്കിലും ട്രേഡിൽ ഐ.ടി.ഐ കോഴ്സ് പാസായവരും രജിസ്റ്റേർഡ് വർക്ക് ഷോപ്പുകളിലെ ടയർ റീട്രേഡിംഗ് വിഭാഗത്തിൽ ആറ് മാസത്തെ അപ്രന്റീസ്ഷിപ്പ് / പരിചയ യോഗ്യത നേടിയവരുമായ ഉദ്യോഗാർത്ഥികളിൽ നിന്നും ടയർ റീട്രേഡർ തസ്തികയിലേക്ക് പി.എസ്.സി മുഖാന്തിരം നേരിട്ട് നിയമനം നടത്തും.

**XVII. അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ തസ്തികയിൽ നിന്നുള്ള ഗ്രേഡ്**

അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ (ADE) തസ്തികയിൽ 9 വർഷം പൂർത്തിയാക്കിയവർക്ക് ഡിപ്പോ എഞ്ചിനീയർ (DE) തസ്തികയുടെ (ഹയർ ഡിവിഷൻ ഓഫീസർമാരുടെ ഒന്നാമത്തെ സ്കെയിൽ) പരിഷ്കരിച്ച സ്കെയിലിൽ ഗ്രേഡ് പ്രൊമോഷൻ അനുവദിക്കും. അത്തരത്തിൽ പ്രൊമോഷന്റെ പ്രയോജനം ലഭിക്കുന്നതിനാൽ പിന്നീട് യഥാർത്ഥ പ്രൊമോഷന് അർഹത നേടുമ്പോൾ വീണ്ടും ശമ്പള പുനർനിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**XVIII. വെഹിക്കിൾ മൊബിലിറ്റി ഓഫീസർ തസ്തിക**

എസ്.എസ്.എൽ.സി യോഗ്യതയുള്ള വെഹിക്കിൾ സൂപ്പർവൈസർ (VS), ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ (HVS) എന്നിവരിൽ നിന്നും സെലക്ഷന്റെ അടിസ്ഥാനത്തിൽ ഒരു ശതമാനം ഹയർ ഡിവിഷൻ ഓഫീസർ തസ്തികയിലുൾപ്പെടുത്തി വെഹിക്കിൾ മൊബിലിറ്റി ഓഫീസർ (VMO) തസ്തികയിൽ സ്ഥാനകയറ്റം നൽകും. നിലവിലെ ഹയർ ഡിവിഷൻ ഓഫീസർമാരുടെ മൂന്ന് തസ്തികകൾ താൽക്കാലികമായി വെഹിക്കിൾ മൊബിലിറ്റി ഓഫീസർ തസ്തികയിലേക്ക് മാറ്റും. ഈ മൂന്ന് തസ്തികകൾ സ്റ്റാഫ് ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം, എറണാകുളം സോണൽ ഓഫീസ്, റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ എന്നിവിടങ്ങളിലായിരിക്കും.

**XIX. ഹയർ ഡിവിഷൻ ഓഫീസർമാരുടെ പ്രൊമോഷൻ**

ഹയർ ഡിവിഷൻ ഓഫീസറുടെ പ്രൊമോഷൻ ലഭിക്കുന്നതിന് നിശ്ചിത യോഗ്യതാ പരീക്ഷ നിർബന്ധിതമായ വിഭാഗം ഒഴികെയുള്ള എല്ലാ വിഭാഗം ജീവനക്കാരും എം.ഒ.പി, കെ.എസ്.ആർ.ടി.സി മാന്വൽ (മലയാളം / ഇംഗ്ലീഷ്) എന്നിവ പാസായിരിക്കണം. 01.01.2014-ന് ശേഷമുള്ള പ്രൊമോഷന് ഇത് ബാധകമായിരിക്കും. കെ.എസ്.ആർ.ടി.സി മാന്വൽ പരീക്ഷ നടത്തുന്നതിനുള്ള ചുമതല പുറമെയുള്ള വിദഗ്ധ ഏജൻസിയെ ഏൽപ്പിക്കും.

**XX. മിനിസ്റ്റീരിയൽ ജീവനക്കാർ**

എം.ഒ.പി, അക്കൗണ്ട് ടെസ്റ്റ് എന്നിവ പാസാകാത്ത മിനിസ്റ്റീരിയൽ ജീവനക്കാരുടെ ആനുകൂല്യങ്ങൾ സർക്കാരിലേതുപോലെ കെ.എസ്.ആർ.ടി.സി.യിലും അനുവദിക്കും.

**XXI. കമ്പ്യൂട്ടർ ഹാർഡ്‌വെയർ സൂപ്പർവൈസർക്ക് വ്യക്തിഗത ശമ്പളം (Personal Pay)**

ചീഫ് ഓഫീസിലെ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സൂപ്പർവൈസർക്ക് നിലവിൽ അനുവദിച്ചുവരുന്ന പ്രതിമാസ വ്യക്തിഗത ശമ്പളം (Personal Pay) 500/- രൂപയിൽ നിന്ന് 1500/- (ആയിരത്തി അഞ്ഞൂറ്) രൂപയായി വർദ്ധിപ്പിക്കും. ഈ വ്യക്തിഗത ശമ്പളം എല്ലാ ആനുകൂല്യങ്ങൾക്കും കണക്കിലെടുക്കും. പ്രസ്തുത ആനുകൂല്യത്തിന് പൂർവ്വകാല പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

കോർപ്പറേഷനിലെ വിവരസാങ്കേതികവിദ്യാ വിഭാഗം പുനഃസംഘടിപ്പിക്കുന്നതുവരെ ഇതു നൽകുന്നതും അതിനുശേഷം പുനഃപരിശോധന നടത്തുന്നതുമാണ്.

**XXII. സമയബന്ധിത ഗ്രേഡ് പ്രൊമോഷനുകൾ**

2008-ലെ സേവന വേതന കരാറിലെ XVI, XVII, XVIII ഖണ്ഡം അനുസരിച്ചുള്ള റേഷ്യോ പ്രൊമോഷൻ, സമയബന്ധിത ഗ്രേഡ് പ്രൊമോഷൻ, പുതിയ ഗ്രേഡ് പ്രൊമോഷനുകൾ എന്നിവയിലെ വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരും.

**XXIII. പ്രൊവിഷണൽ ഗ്രേഡ് പ്രൊമോഷനുകൾ**

അസിസ്റ്റന്റ് സ്റ്റോർ കീപ്പർ. ഇലക്ട്രീഷ്യൻ, ടയർ ഇൻസ്പെക്ടർ എന്നീ തസ്തികകൾക്ക് 2008-ലെ സേവന വേതന കരാറിലെ ഖണ്ഡം XVIII (4) പ്രകാരം അനുവദിച്ചിട്ടുള്ള പ്രൊവിഷണൽ ഗ്രേഡ് പ്രൊമോഷൻ വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരും.

**XXIV. തസ്തികമാറ്റം (Category Change)**

ശാരീരിക അവശതമൂലം ഒരു തസ്തികയിൽ ജോലി ചെയ്യാൻ കഴിയില്ലെന്നുള്ള മെഡിക്കൽ ബോർഡ് ശുപാർശയുടെ അടിസ്ഥാനത്തിൽ താഴ്ന്ന തസ്തികയിലേയ്ക്ക് സ്ഥിരമായ മാറ്റത്തിന് ലഭിച്ച വ്യക്തിഗത അപേക്ഷയുടെ അടിസ്ഥാനത്തിൽ മറ്റേതെങ്കിലും താഴ്ന്ന തസ്തികയിൽ ജോലി ചെയ്യാൻ അനുവദിക്കുകയും ചെയ്തശേഷം ഏതെങ്കിലും സാഹചര്യത്തിൽ മുൻ തസ്തികയിലേക്ക് മടങ്ങിവരുന്നപക്ഷം മാറിയ തസ്തികയിൽ പ്രവർത്തിച്ചകാലം മുൻ തസ്തികയുടെ ഗ്രേഡിനും, പ്രൊമോഷനും കണക്കാക്കുന്നതല്ല. അവർ തസ്തിക മാറിയ അവസരത്തിലെ ഗ്രേഡിൽതന്നെ മടങ്ങി വരേണ്ടതും തുടർന്നുള്ള ഗ്രേഡുകൾ ലഭിക്കുന്നതിന് നിശ്ചിത കാലയളവ് ടി തസ്തികയിൽ പൂർത്തീകരിക്കേണ്ടതും അവർക്കു മുൻപ് പ്രൊമോഷൻ ലഭിച്ചവരുടെ ജൂനിയർ ആയി കണക്കാക്കുന്നതുമാണ്.

**XXV. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് (Medical Reimbursement)**

(1) കോർപ്പറേഷൻ ജീവനക്കാർക്ക് നിലവിലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സ്കീം തുടരും. എന്നാൽ ഒരു ജീവനക്കാരന്റെ ആകെ സർവ്വീസ് കാലത്ത് അനുവദിക്കാവുന്ന പരമാവധി തുക 3,00,000 (മൂന്ന് ലക്ഷം മാത്രം) രൂപയായി വർദ്ധിപ്പിക്കും. ചികിത്സിക്കുന്ന ആശുപത്രിയിലെ മേലധികാരി നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഈ തുകയുടെ 40% വരെ വ്യവസ്ഥകൾക്ക് വിധേയമായി മുൻകൂർ (Advance) അനുവദിക്കും. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കും (Treatment in Notified Hospitals) റീ-ഇംബേഴ്സ്മെന്റ് അനുവദിക്കും. നിലവിലുള്ള 'ടി' ആശുപത്രികളുടെ പട്ടിക അനുബന്ധം VI-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ആവശ്യത്തിലേക്കായി കാലാകാലങ്ങളിൽ സർക്കാർ അംഗീകരിക്കുന്ന ആശുപത്രികൾ കോർപ്പറേഷന് ബാധകമായിരിക്കും.

(2) (എ) കോർപ്പറേഷനിൽ ഡ്യൂട്ടി അനുഷ്ഠിക്കുന്നതിനിടെ ഉണ്ടാകുന്ന അപകടങ്ങളിൽപ്പെടുന്ന ജീവനക്കാർക്ക് തൊട്ടടുത്ത സ്വകാര്യ ആശുപത്രിയിലെ (Non-Notified Hospital ആയാൽ പോലും) ജീവൻ രക്ഷാർത്ഥമുള്ള അടിയന്തിര ചികിത്സയ്ക്ക് റീ-ഇംബേഴ്സ്മെന്റ് അനുവദിക്കും. ഇതിന് ഒന്നിലെ (1) പരിധി ബാധകമായിരിക്കുന്നതല്ല.

(ബി) ഡ്യൂട്ടിക്കിടയിൽ ജീവൻ രക്ഷാർത്ഥമുള്ള അടിയന്തിര ചികിൽസ വേണ്ടിവരുന്ന മറ്റു സന്ദർഭങ്ങളിലും ബന്ധപ്പെട്ട ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് അടുത്തുള്ള സ്വകാര്യ ആശുപത്രിയിലെ ചികിൽസക്ക് റീ-ഇംബേഴ്സ്മെന്റ് അനുവദിക്കും.

(3) 1000/- (ആയിരം) രൂപ വരെയുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ അതാതു യൂണിറ്റുകളിൽ അനുവദിക്കും.

(4) നോട്ടിഫൈഡ് ആശുപത്രികൾ ഇല്ലാത്ത പാലക്കാട്, വയനാട്, കാസർകോട്, ഇടുക്കി ജില്ലകളിൽ ലക്ഷ്മി ആശുപത്രി (പാലക്കാട്), വിനായക ആശുപത്രി (വയനാട്), കെയർവെൽ ആശുപത്രി (കാസർകോട്), സെന്റ് ജോൺസ് മെഡിക്കൽ മിഷൻ ആശുപത്രി കട്ടപ്പന (ഇടുക്കി) എന്നിവിടങ്ങളിലെ ചികിൽസക്ക് റീ-ഇംബേഴ്സ്മെന്റ് അനുവദിക്കും.

(5) അർബുദ ചികിൽസ, വൃക്കമാറ്റിവെയ്ക്കൽ ശസ്ത്രക്രിയ, ഡയാലിസിസ്, ഹൃദയ ശസ്ത്രക്രിയ എന്നീ ചികിൽസകൾക്ക് വേണ്ടിവരുന്ന അർഹതപ്പെട്ട മുഴുവൻ തുകയും റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ അനുവദിക്കും.

## XXVI. പ്രത്യേക ബത്തകൾ (Special Allowances)

പ്രത്യേക ബത്തകൾ അനുബന്ധം III-ൽ പറഞ്ഞിട്ടുള്ള പ്രകാരം പരിഷ്ക്കരിക്കും.

## XXVII. കണ്ണടയ്ക്കുള്ള ബത്ത (Spectacle Allowance)

കണ്ണടയ്ക്കുള്ള ബത്ത 500/- രൂപയിൽ നിന്നും 1000/- (ആയിരം) രൂപയായി വർദ്ധിപ്പിക്കും. ആയത് 10 വർഷ സേവനത്തിന് ഒന്ന് എന്ന ക്രമത്തിൽ അനുവദിക്കും.

## XXVIII. യാത്രാ ബത്ത (Traveling Allowance)

സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കുകൾ അവർക്ക് ബാധകമായ വ്യവസ്ഥകളിന്മേൽ അനുവദിച്ചുവരുന്നത് തുടരും. പരിഷ്ക്കരിച്ച സർക്കാർ നിരക്കുകൾ അനുബന്ധം V-ൽ ചേർത്തിരിക്കുന്നു.

## XXIX. യൂണിഫാറം - തയ്യൽക്കൂലി അലവൻസ്

അനുബന്ധം III-ൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള യൂണിഫാറം - തയ്യൽക്കൂലി അലവൻസ് എല്ലാ വർഷവും ജനുവരി മാസത്തിൽ നൽകും.

1. (എ) സ്റ്റേഷൻ മാസ്റ്റർ, ഇൻസ്പെക്ടർ, വെഹിക്കിൾ സൂപ്പർവൈസർ, ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ, ചാർജ്മാൻ, ഗാർഡ്, അസിസ്റ്റന്റ് സാർജന്റ്, സാർജന്റ്, ചീഫ് സാർജന്റ് - പ്രതിവർഷം 1250/- രൂപ (ആയിരത്തി ഇരുന്നൂറ്റി അൻപത്).

   (ബി) യൂണിഫാറം അണിയാൻ നിഷ്ക്കർഷിച്ചിട്ടുള്ള മറ്റ് പുരുഷ / സ്ത്രീ ജീവനക്കാർക്ക് - പ്രതിവർഷം 1000/- രൂപ (ആയിരം).

2. നിലവിൽ യൂണിഫാറം അണിയാൻ നിഷ്ക്കർഷിക്കപ്പെട്ടിട്ടില്ലാത്ത ജീവനക്കാർക്കും, 'ടി' 1(എ)-യിലും, (ബി)-യിലും ഉൾപ്പെടുന്നവരിൽ അതത് വിഭാഗത്തിന്റെതല്ലാത്ത ജോലിക്ക് നിയോഗിക്കപ്പെട്ടിട്ടുള്ളവർക്കും യൂണിഫാറം അലവൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല.

3. പുതുതായി സർവ്വീസിൽ പ്രവേശിച്ചവർക്ക് അതാതു ജനുവരി മാസത്തിന് മുമ്പ് കുറഞ്ഞത് 6 മാസത്തെ സർവ്വീസില്ലാത്തപക്ഷം യൂണിഫാറം അലവൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല.

## XXX. ശമ്പളത്തോടെയുള്ള അവധികൾ

1999 സേവന വേതന കരാറിലെ പതിനേഴാം ഖണ്ഡം അനുസരിച്ചുള്ള അവധി തത്വങ്ങൾ മാറ്റമില്ലാതെ തുടരും. എന്നാൽ വിവിധ യൂണിറ്റുകൾക്ക് അനുവദിച്ച് നൽകാറുള്ള പ്രാദേശിക അവധി (വർഷത്തിൽ ഒന്ന്) മറ്റ് അവധികളൊടൊപ്പം മുൻകൂർ തീരുമാനിക്കും. കൂടാതെ സർക്കാർ അനുവദിക്കുന്ന നിയന്ത്രിത അവധികളും (RH) നൽകും.

## XXXI. റീ-ഇംബേഴ്സ്മെന്റ് ഓഫ് ലീഗൽ എക്സ്പെൻസസ് (Reimbursement of Legal Expenses)

ലീഗൽ എക്സ്പെൻസ് റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ പരമാവധി അനുവദിക്കുന്ന തുക 1500/- രൂപയിൽ നിന്നും 2000/- (രണ്ടായിരം) രൂപയായി വർദ്ധിപ്പിക്കും. ഈ ഇനത്തിൽ മുൻകൂറായി അനുവദിക്കാവുന്ന തുക ഇപ്പോഴത്തെ 1000/- രൂപ (ആയിരം) രൂപയിൽ നിന്നും 1500/- (ആയിരത്തി അഞ്ഞൂറ്) രൂപയായി വർദ്ധിപ്പിക്കും.

(1) കോർപ്പറേഷനാൽ നിയോഗിക്കപ്പെട്ട ജോലി നിർവ്വഹിക്കുന്നതിനിടയിൽ ഉണ്ടായ സംഭവങ്ങൾ കാരണം കോടതികളിൽ കേസിന് പ്രതിസ്ഥാനത്ത് ഹാജരാകേണ്ടിവരുന്ന സ്ഥിരം ജീവനക്കാർക്ക് ലീഗൽ എക്സ്പെൻസ് റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ പരമാവധി അനുവദിക്കുന്ന തുക 1500/- രൂപയിൽ നിന്നും 2000/- രൂപയായി വർദ്ധിപ്പിക്കും. ഈ ഇനത്തിൽ മുൻകൂറായി അനുവദിക്കാവുന്ന തുക ഇപ്പോഴത്തെ 1000/- രൂപയിൽ നിന്നും 1500/- (ആയിരത്തി അഞ്ഞൂറ്) രൂപയായി വർദ്ധിപ്പിക്കും. 'ടി' മുൻകൂർ തുക അതാതു യൂണിറ്റുകളിൽ അനുവദിക്കും. പ്രസ്തുത കേസ് വെറുതെ വിടുന്നപക്ഷം അവർ യഥാർത്ഥത്തിൽ കോടതിയിൽ ഹാജരായ ദിവസങ്ങൾക്ക് പരമാവധി 20 (ഇരുപത്) ദിവസം പ്രത്യേക അവധി (Special Leave) അനുവദിക്കും. ഇതിലേക്ക് കോടതിയിൽ നിന്നുള്ള 'ബി' ഡയറി ഹാജരാക്കേണ്ടതാണ്. കോർപ്പറേഷൻ വാദി ഭാഗത്തുള്ള കേസുകളിൽപ്പെട്ട ജീവനക്കാർക്ക് പ്രസ്തുത കേസുകളിൽ 'ടി' ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) വിചാരണ കോടതിയിൽ ശിക്ഷിക്കപ്പെടുകയോ വിചാരണ കോടതി വിധിക്കെതിരെയുള്ള അപ്പീലിന്മേൽ പ്രസ്തുത ശിക്ഷ ശരി വയ്ക്കപ്പെടുകയോ ചെയ്താൽ ജീവനക്കാരൻ മുൻകൂറായോ അന്തിമമായോ കൈപ്പറ്റിയ 'ടി' ആനുകൂല്യം ബാദ്ധ്യതയായി കണക്കാക്കി തിരികെ പിടിക്കും അപ്പീൽ കോടതി കേസ് വെറുതെവിട്ടാൽ 'ടി' ആനുകൂല്യം അനുവദിക്കും. എന്നാൽ അപ്പീൽ കോടതിയിൽ കേസിന് ഹാജരായ ദിവസങ്ങളിലേക്ക് പ്രത്യേക അവധി (Special Leave) അനുവദിക്കുന്നതല്ല.

## XXXII. സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം

അടുത്ത വർഷം മുതൽ സർക്കാറിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീമിൽ എംപാനൽ ജീവനക്കാരെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

## XXXIII. ഇൻവാലിഡ് പെൻഷൻ

കേരള സർക്കാരിൽ നിലവിലുള്ള കെ.എസ്.ആർ.പ്രകാരമുള്ള വ്യവസ്ഥകൾ തുടരും. ഇൻവാലിഡ് പെൻഷണർ യഥാർത്ഥ വിരമിക്കൽ കാലത്തിനുള്ളിൽ മരണപ്പെട്ടാൽ ആശ്രിതന് നിയമനം നൽകും. ഇൻവാലിഡ് പെൻഷൻവാങ്ങി വിരമിക്കുന്നവർക്ക് ധനസഹായം നൽകുന്നതിനുള്ള പുതിയ സ്കീം കെ.ടി.ഡി.എഫ്.സി.യുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് നടപ്പിലാക്കുന്നതാണ്.

## XXXIV. പാസ് നിയമങ്ങൾ

നിലവിലുള്ള പാസ് നിയമങ്ങൾ താഴെ പറയുന്ന ഭേദഗതിയോടെ തുടരും.

1. പന്ത്രണ്ട് വർഷത്തെ യോഗ്യ സേവനകാലം പൂർത്തിയാക്കിയ എല്ലാ വിഭാഗം സ്ഥിരം ജീവനക്കാർക്കും ത്രൂ ഔട്ട് സിസ്റ്റം പാസ് (Through out the System) അനുവദിക്കും.

## XXXV. സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ (Transfer guidelines)

പൊതുസ്ഥലം മാറ്റങ്ങൾ ഓരോ കലണ്ടർ വർഷത്തിലും ഏപ്രിൽ മാസത്തിൽ അനുവദിക്കും. നിശ്ചിത ഫാറത്തിൽ അതാത് യൂണിറ്റാഫീസർമാർ മുഖാന്തിരം അയയ്ക്കുന്ന അപേക്ഷകൾ മാത്രമേ സ്ഥലം മാറ്റത്തിന് പരിഗണിക്കുകയുള്ളൂ. സ്ഥലം മാറ്റങ്ങൾ നിർണ്ണയിക്കുന്നത് അനുബന്ധം IV-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കും.

**XXXVI. പെൻഷൻ**

കേരളാ സർവ്വീസ് ചട്ടങ്ങൾ (K.S.R) പ്രകാരമുള്ള പെൻഷൻ വ്യവസ്ഥകൾ നിലവിലുള്ളത് പൊതുവിൽ മാറ്റമില്ലാതെ തുടരും. കുറഞ്ഞ സർവ്വീസ് / കുടുംബ പെൻഷൻ 4500/- രൂപയായിരിക്കും. എന്നാൽ 01.03.2011 മുതൽക്കുള്ള പെൻഷൻ കമ്മ്യൂട്ടേഷൻ വ്യവസ്ഥ താഴെപറയുന്ന പ്രകാരമായിരിക്കും.

1. **കമ്മ്യൂട്ടേഷൻ** - 01.03.2011-നും ശേഷവും വിരമിച്ചവർക്കും മേലിൽ വിരമിക്കുന്നവർക്കും പരിഷ്ക്കരിച്ച ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള പെൻഷന്റെ 20% കമ്മ്യൂട്ടേഷൻ അനുവദിക്കും.

2. **ഗ്രാറ്റുവിറ്റി** - 01.03.2011-നും ശേഷവും വിരമിച്ചവർക്കും മേലിൽ വിരമിക്കുന്നവർക്കും പരിഷ്ക്കരിച്ച ശമ്പളത്തെ ആധാരമാക്കി അനുവദിക്കാവുന്ന പരമാവധി ഗ്രാറ്റുവിറ്റി 7,00,000/- (എഴ് ലക്ഷം) രൂപ ആയിരിക്കും. പെൻഷൻ നിർണ്ണയിക്കുന്നത് കെ.എസ്.ആർ. പ്രകാരമായതിനാൽ ഗ്രാറ്റുവിറ്റി ആക്ട് അനുസരിച്ചുള്ള ഗ്രാറ്റുവിറ്റിയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

3. **സർവ്വീസ് പെൻഷനും കുടുംബ പെൻഷനും**

ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് 28.02.2011 വരെയുള്ള സർവ്വീസ് പെൻഷനും, കുടുംബ പെൻഷനും താഴെ പറയും പ്രകാരം പരിഷ്ക്കരിക്കും.

(i) **പെൻഷൻ / കുടുംബ പെൻഷൻ പുതുക്കി നിർണ്ണയിക്കുന്നതിനുള്ള ഘടകങ്ങൾ**

(എ) നിലവിലുള്ള അടിസ്ഥാന പെൻഷൻ (കമ്മ്യൂട്ട് ചെയ്ത പെൻഷൻ തുക ഉൾപ്പെടെയുള്ളത്)

(ബി) അടിസ്ഥാന പെൻഷന്റെ 64% ക്ഷാമാശ്വാസം.

(സി) അടിസ്ഥാന പെൻഷന്റെ 12% ഫിറ്റ്മെന്റ് ആനുകൂല്യം.

'ടി' മൂന്ന് ഘടകങ്ങളുടെയും ആകെത്തുകയായിരിക്കും പുതുക്കിയ അടിസ്ഥാന പെൻഷൻ. എന്നാൽ 'ടി' ആകെത്തുക 4500/- രൂപയിൽ കുറവായാൽ പുതുക്കിയ പെൻഷൻ 4500/- രൂപയായി നിർണ്ണയിക്കും.

(ii) **പ്രതിമാസ ചികിത്സാബത്ത:-** സർവ്വീസ് പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും 300/- (മുന്നൂറ്) രൂപ നിരക്കിൽ പ്രതിമാസ ചികിത്സാ ബത്ത (Medical Allowance) അനുവദിക്കും.

(iii) **എക്സ്ഗ്രേഷ്യാ പെൻഷൻ** സർക്കാരിലേതിനു തുല്യമായി പരിഷ്ക്കരിക്കും. എന്നാൽ എക്സ്ഗ്രേഷ്യാ പെൻഷന് ഡിയർനസ് റിലീഫ് ഉണ്ടായിരിക്കുന്നതല്ല.

| പൂർത്തീകരിച്ച സേവനകാലം | പ്രതിമാസ തുക | |
|---|---|---|
| | നിലവിലുള്ളത് | പരിഷ്കരിച്ചത് |
| 9 വർഷം | 2160 | 4050 |
| 8 വർഷം | 1920 | 3600 |
| 7 വർഷം | 1680 | 3150 |
| 6 വർഷം | 1440 | 2700 |
| 5 വർഷം | 1200 | 2250 |
| 4 വർഷം | 960 | 1800 |
| 3 വർഷവും അതിനുതാഴെയും | 720 | 1350 |

### XXXVII. ആർജ്ജിതാവധി സറണ്ടർ (Surrender of Earned Leave)

സർവ്വീസ് അവസാനത്തിലെ ആർജ്ജിതാവധി സറണ്ടർ (Terminal Leave Surrender) മാത്രം തുടർന്നും അനുവദിക്കും. ഈ ആനുകൂല്യം നിലവിലുള്ളതുപോലെ 13.04.1999-ന് ശേഷം ആർജ്ജിച്ച അവധികൾക്കായി (പരമാവധി 300) പരിമിതപ്പെടുത്തും.

### XXXVIII. ജാമ്യമെടുക്കുന്നതിനുള്ള ഹാജർ

കോർപ്പറേഷൻ വാഹനങ്ങൾ അപകടങ്ങളിൽപ്പെടുമ്പോൾ കേസിൽ പ്രതിസ്ഥാനത്ത് വരുന്ന കൃത്യനിർവ്വഹണത്തിലായിരുന്ന ജീവനക്കാരെ ജാമ്യത്തിലെടുക്കുന്നതിന് പോലീസ് സ്റ്റേഷനിലോ കോടതിയിലോ ഹാജരാകുന്ന സ്ഥിരം ജീവനക്കാർക്ക് ഹാജർ അനുവദിക്കും. ഇത് ഒരു കേസിൽ തന്നെ കോടതിയിൽ നിന്നുള്ള ജാമ്യത്തിന് രണ്ടുപേർക്കും, പോലീസ് സ്റ്റേഷനിൽ നിന്നുള്ള ജാമ്യത്തിന് രണ്ട് പേർക്കും ഒരിടത്തേയ്ക്ക് ഓരോ തവണ അനുവദിക്കും.

### XXXIX. അപകട സ്ഥലത്തും അപ്രതീക്ഷിത സാഹചര്യങ്ങളിലും ബ്രേക്ക്ഡൗൺ കാരണവും കാത്തിരിക്കുന്നവർക്ക് ഹാജർ നൽകുന്ന വിധം

ജീവനക്കാർ സർവ്വീസ് നടത്തിപ്പിനിടെ അപകടത്തിൽപ്പെട്ട് കാത്ത് കഴിയേണ്ടിവരുമ്പോഴും അപ്രതീക്ഷിത സാഹചര്യങ്ങളിൽ മറ്റ് ഡിപ്പോകളിൽ കാത്ത് കഴിയേണ്ടിവരുമ്പോഴും കൂടാതെ ബസ്സിന്റെ ബ്രേക്ക്ഡൗൺ കാരണം കാത്ത് കഴിയേണ്ടിവരുമ്പോഴും പ്രസ്തുത കാലയളവിലേക്ക് ഹാജർ നൽകുന്നതിന് നിലവിൽ പിന്തുടരുന്നതും 28.12.1990 കരാറിലെ ഖണ്ഡം XXXVI-ലും, 28.12.2008-ലെ കരാറിലെ ഖണ്ഡം XXXV-ലും പ്രതിപാദിച്ചിരിക്കുന്നതുമായ താഴെപ്പറയുന്ന വ്യവസ്ഥകൾ തുടരും.

| | | |
|---|---|---|
| 1 | ആദ്യത്തെ എട്ട് (8) മണിക്കൂറിനുള്ളിലോ എട്ടാം മണിക്കൂറിലോ റിലീവ് ചെയ്താൽ | ഒരു ഡ്യൂട്ടി |
| 2 | പതിമൂന്ന് (13) മണിക്കൂർ വരെ | രണ്ട് ഡ്യൂട്ടി |
| 3 | അടുത്ത പതിനൊന്ന് (11) മണിക്കൂർ പൂർത്തിയാകുമ്പോൾ മാത്രം | ഒരു ഡ്യൂട്ടി |
| 4 | പിന്നീടുള്ള പൂർത്തിയാക്കിയ ഓരോ എട്ട് (8) മണിക്കൂറിനും | ഓരോ ഡ്യൂട്ടി വീതം |

### XL. അവശതയ്ക്കുള്ള പ്രത്യേക അവധി (Special Disability Leave)

കോർപ്പറേഷനിലെ കൃത്യനിർവ്വഹണത്തിനിടയിൽ അപകടങ്ങളെത്തുടർന്ന് അവശതയുണ്ടാകുന്നവർക്ക് അനുവദിച്ചുവരുന്ന 'ടി' അവധി ആനുകൂല്യം അനുവദിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ ഇനിപ്പറയുന്ന ഭേദഗതികളോടെ തുടരും.

(എ) മുപ്പത് (30) ദിവസം വരെയുള്ള അവധികൾ യൂണിറ്റുകളിൽ അനുവദിക്കും. എന്നാൽ യൂണിറ്റ്തലത്തിൽ അനുവദിക്കാവുന്ന അവധികൾ 14 ദിവസത്തിലധികരിക്കുമ്പോൾ അക്കാര്യം ചീഫ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ബി) 30-ൽ കൂടുതലുള്ളവ ചീഫ് ഓഫീസിൽ തീർപ്പാക്കി നൽകും. ഇതിന് 60 ദിവസം വരെയുള്ള അവധികൾക്ക് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രവും അറുപത് ദിവസത്തിൽ കൂടുതലായാൽ ആശുപത്രിയിലെ കിടത്തി ചികിത്സാ കാലത്തിനല്ലെങ്കിൽ (Period of treatment as Inpatient) ബന്ധപ്പെട്ട മെഡിക്കൽ ബോർഡിന്റെ ശുപാർശയും നിർബന്ധമായിരിക്കും.

### XLI. പ്രത്യേക കാഷ്വൽ അവധി (Special Casual Leave)

സർക്കാരിൽ നിലവിലുള്ള രീതിയിൽ ഗർഭപാത്രം നീക്കം ചെയ്യൽ, കീമോതെറാപ്പി / റേഡിയേഷൻ, വൃക്ക മാറ്റിവയ്ക്കൽ എന്നീ ചികിൽസകൾക്ക് വിധേയരാകുന്ന ജീവനക്കാർക്ക് ഒരു വർഷത്തിൽ പരമാവധി 45 ദിവസം പ്രത്യേക കാഷ്വൽ അവധി അനുവദിക്കും.

## XLII. സൂപ്പർവൈസറി തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം

സൂപ്പർവൈസറി തസ്തികകളിൽ കാലാകാലങ്ങളിലുണ്ടാകുന്ന ഒഴിവുകൾ അതാതു സമയം നികത്തും. എന്നാൽ ബന്ധപ്പെട്ട സൂപ്പർവൈസറി തസ്തികകളുടെ തൊട്ടു താഴെയുള്ള ഫീഡർ തസ്തികയിൽ ജീവനക്കാരില്ലാതെവന്നാൽ (അത് സമയബന്ധിത ഗ്രേഡ് പ്രൊമോഷൻ തസ്തികയായാലും) അതിനു തൊട്ടു താഴത്തെ തസ്തികയെ ഫീഡർ തസ്തികയായി കണക്കാക്കി ആ തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ആ കാറ്റഗറിയുടെ സൂപ്പർവൈസറി തസ്തികയിലേക്ക് നേരിട്ട് സ്ഥാനക്കയറ്റം നൽകി ഒഴിവുകൾ നികത്തും. എൻട്രി കേഡറിൽ നിന്നും ഇത്തരത്തിൽ ഒഴുവുകൾ നികത്തേണ്ടിവരുന്ന സാഹചര്യത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ച സീനിയറിനെ പരിഗണിക്കും.

## XLIII. പ്രോവിഡന്റ് ഫണ്ട്

നിലവിലുള്ളതുപോലെ പ്രോവിഡന്റ് ഫണ്ടിൽ നിന്നും 25,000/- രൂപ വരെയുള്ള താൽക്കാലിക വായ്പകൾ (Temporary Advance) അതാതു യൂണിറ്റുകളിൽ അനുവദിക്കും.

## XLIV. പ്രസവാവധിയും (Maternity Leave) പ്രസവാനന്തര കാലത്ത് (Post Maternity Period) ജോലി ചെയ്യുന്നതിനുള്ള ക്രമീകരണവും

പ്രസവാവധി അനുവദിക്കുന്നതിന് നിലവിലുള്ള സർക്കാർ വ്യവസ്ഥകൾ (കാലാകാലങ്ങളിലുണ്ടാകുന്ന ഭേദഗതികൾ സഹിതം) തുടരും.

സ്ത്രീ ജീവനക്കാർക്ക് പ്രസവാവധിയെത്തുടർന്ന് വരുന്ന ആറ് (6) മാസക്കാലത്തേയ്ക്ക് ഡ്യൂട്ടികൾ അനുയോജ്യമായ വിധത്തിൽ ക്രമീകരിച്ചു (കഴിയുന്നത്ര) നൽകും. 'ടി' രണ്ടിനങ്ങളിലും കൂടി പരമാവധി അനുവദിക്കാവുന്ന കാലം 360 (പ്രസവാവധി പരമാവധി 180 ദിവസം + ഡ്യൂട്ടി ക്രമീകരണം പരമാവധി 180 ദിവസം) ദിവസമായി പരിമിതപ്പെടുത്തും.

## XLV. മരണാനന്തര ചെലവ്

ഒരു ജീവനക്കാരൻ / ജീവനക്കാരി കൃത്യ നിർവ്വഹണത്തിനിടെ അപകടംമൂലം മരണപ്പെട്ടാൽ മരണാനന്തര ചെലവിലേക്ക് 10,000/- (പതിനായിരം) രൂപ അനുവദിക്കും. കൂടാതെ ഒരു ജീവനക്കാരൻ / ജീവനക്കാരി മരിച്ചാൽ സംസ്ക്കാരചെലവിനത്തിൽ (Funeral expense) 2,000/- (രണ്ടായിരം) രൂപ അനുവദിച്ചുവന്നിരുന്നത് തുടരും. **രണ്ടും ബാദ്ധ്യതയായി കണക്കാക്കുന്നതല്ല.**

## XLVI. കുടിശ്ശിക

നിർദ്ദിഷ്ട ശമ്പള പരിഷ്ക്കരണ വ്യവസ്ഥകൾക്ക് 01.03.2011 മുതൽ നോഷണൽ പ്രാബല്യമാകയാൽ ശമ്പള പരിഷ്ക്കരണത്തിന്റെ സാമ്പത്തികാനുകൂല്യം അനുവദിക്കുന്ന തീയതി വരെയുള്ള കുടിശ്ശികയ്ക്കും ശമ്പള പരിഷ്ക്കരണത്തെ തുടർന്നുണ്ടാകുന്ന പ്രതിമാസ പെൻഷൻ വർദ്ധനവിന്റെ കുടിശ്ശികയ്ക്കും അർഹതയുണ്ടായിരിക്കുന്നതല്ല.

## XLVII. സേവന വ്യവസ്ഥകൾ (Work Norms)

കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്ക് വിവിധ വിഭാഗങ്ങളിലെ സേവന വ്യവസ്ഥകളിൽ അവശ്യംവരുത്തേണ്ട പരിഷ്കാരങ്ങൾ നിർണ്ണയിക്കുന്നതിനും, യോജിച്ച തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കുന്നതിനും മാനേജ്മെന്റ് - അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുടെ ഉപസമിതിയെ ചുമതലപ്പെടുത്തുന്നതാണ്.

## XLVIII. സൂപ്പർവൈസറി തസ്തികകളുടെ എണ്ണം

കാലാകാലങ്ങളിൽ വർദ്ധിക്കുന്ന ഷെഡ്യൂളുകൾക്കാനുപാതികമായി എല്ലാ വിഭാഗം സൂപ്പർവൈസറി തസ്തികകളുടെയും എണ്ണം അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് പുനർ നിർണ്ണയിക്കുന്നതാണ്.

**XLIX. പൊതുവിഷയങ്ങൾ**

കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പൊതു വിഷയങ്ങളെ സംബന്ധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

ഓപ്ഷനുകൾ ക്ഷണിച്ചുകൊണ്ടുള്ള ഉത്തരവുകൾ പേഴ്സണൽ വിഭാഗത്തിൽ നിന്ന് പുറപ്പെടുവിക്കുന്നതാണ്.

ഈ സേവന വേതന പരിഷ്ക്കരണത്തിന്റെ കാലാവധി 01.03.2011 മുതൽ അഞ്ച് വർഷമായിരിക്കും. എന്നാൽ പുതിയ സേവന വേതന വ്യവസ്ഥകൾ രൂപീകരിച്ച് നടപ്പിലാക്കുന്നതുവരെ ആയതിന് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**ചെയർമാൻ & മാനേജിങ് ഡയറക്ടർ**

എല്ലാ യൂണിറ്റ് ഓഫീസർമാർക്കും.
എല്ലാ മേഖലാ ഓഫീസർമാർക്കും.

പകർപ്പ്:-

സി.എം.ഡി.യുടെ പി.എസ്-ന്.
എഫ്.എ & സി.എ.ഒ.യുടെ പി.എ.യ്ക്ക്.
ജനറൽ മാനേജരുടെ സ്റ്റെനോയ്ക്ക്.
എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ സ്റ്റെനോമാർക്ക്.
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും.
എല്ലാ വെൽഫെയർ ഓഫീസർമാർക്കും.
അംഗീകൃത തൊഴിലാളി സംഘടനകൾക്ക്.
കരുതൽ ഫയലിലേക്കും / ഫയലിലേക്കും.

# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
## സേവന - വേതന കരാർ - 2012
## അനുബന്ധം - I
### തസ്തികകളും ബന്ധപ്പെട്ട സ്കെയിലുകളും

| സ്കെയിൽ നമ്പർ | ക്രമ നമ്പർ | തസ്തികയുടെ പേര് | നിലവിലുള്ള സ്കെയിൽ | പുതുക്കിയ സ്കെയിൽ |
|---|---|---|---|---|
| I. | 1. | പ്യൂൺ ഗ്രേഡ് II | 4510 - 6650 | 8730 - 12310 |
| | 2. | സ്വീപ്പർ ഗ്രേഡ് II | | |
| | 3. | സ്വീപ്പർ കം-സ്കാവഞ്ചർ ഗ്രേഡ് II | | |
| | 4. | ഗാരേജ് മസ്ദൂർ ഗ്രേഡ് II | | |
| | 5. | ലിഫ്റ്റ് ഓപ്പറേറ്റർ ഗ്രേഡ് II | | |
| | | | | |
| II. | 1. | പ്യൂൺ ഗ്രേഡ് I | 4750 - 9410 | 9190 - 14210 |
| | 2. | സ്വീപ്പർ ഗ്രേഡ് I | | |
| | 3. | സ്വീപ്പർ കം-സ്കാവഞ്ചർ ഗ്രേഡ് I | | |
| | 4. | ഗാരേജ് മസ്ദൂർ ഗ്രേഡ് I | | |
| | 5. | ലിഫ്റ്റ് ഓപ്പറേറ്റർ ഗ്രേഡ് I | | |
| | 6. | ഗാർഡ് ഗ്രേഡ് II | | |
| | 7. | ബൈൻഡർ ഗ്രേഡ് II | | |
| | 8. | ഡെക്ക്മാൻ (വാട്ടർ ട്രാൻസ്പോർട്ട്) ഗ്രേഡ് II | | |
| | 9. | പമ്പ് ഓപ്പറേറ്റർ ഗ്രേഡ് II | | |
| | 10. | സ്റ്റോർ ഇഷ്യൂവർ ഗ്രേഡ് II | | |
| | 11. | വാട്ടർ പമ്പ് ഓപ്പറേറ്റർ ഗ്രേഡ് II | | |
| | | | | |
| III. | 1. | പ്യൂൺ സെലക്ഷൻ ഗ്രേഡ് | 5250 - 10900 | 9940 - 21180 |
| | 2. | സ്വീപ്പർ സെലക്ഷൻ ഗ്രേഡ് | | |
| | 3. | സ്വീപ്പർ കം-സ്കാവഞ്ചർ സെലക്ഷൻ ഗ്രേഡ് | | |
| | 4. | ഗാരേജ് മസ്ദൂർ സെലക്ഷൻ ഗ്രേഡ് | | |
| | 5. | ലിഫ്റ്റ് ഓപ്പറേറ്റർ സെലക്ഷൻ ഗ്രേഡ് | | |
| | 6. | ഗാർഡ് ഗ്രേഡ് I | | |
| | 7. | ബൈൻഡർ ഗ്രേഡ് I | | |
| | 8. | ഡെക്ക്മാൻ (വാട്ടർ ട്രാൻസ്പോർട്ട്) ഗ്രേഡ് I | | |
| | 9. | പമ്പ് ഓപ്പറേറ്റർ ഗ്രേഡ് I | | |
| | 10. | സ്റ്റോർ ഇഷ്യൂവർ ഗ്രേഡ് I | | |
| | 11. | വാട്ടർ പമ്പ് ഓപ്പറേറ്റർ ഗ്രേഡ് I | | |
| | 12. | ജൂനിയർ അസിസ്റ്റന്റ് | | |
| | 13. | എൽ.ഡി. ടൈപ്പിസ്റ്റ് | | |
| | 14. | എൽ.ഡി. ടിക്കറ്റ് ഇഷ്യൂവർ | | |

| | | | | |
|---|---|---|---|---|
| | 15. | മെക്കാനിക്ക് ഗ്രേഡ് II | 5250 - 10900 | 9940 - 21180 |
| | 16. | ബ്ലാക്സ്മിത്ത് ഗ്രേഡ് II | | |
| | 17. | കോച്ച് ബിൽഡർ ഗ്രേഡ് II | | |
| | 18. | ഇലക്ട്രീഷ്യൻ ഗ്രേഡ് II | | |
| | 19. | അപ്ഹോൾസ്റ്ററർ ഗ്രേഡ് II | | |
| | 20. | പെയിന്റർ ഗ്രേഡ് II | | |
| | 21. | വെൽഡർ ഗ്രേഡ് II | | |
| | 22. | ടിങ്കർ ഗ്രേഡ് II | | |
| | 23. | മെഷീനിസ്റ്റ് ഗ്രേഡ് II | | |
| | 24. | ടയർ റീട്രേഡർ ഗ്രേഡ് II | | |
| | 25. | ടയർ ഇൻസ്പെക്ടർ ഗ്രേഡ് II | | |
| | 26. | മോൾഡർ ഗ്രേഡ് II | | |
| | 27. | ഗ്ലാസ് കട്ടർ ഗ്രേഡ് II | | |
| | 28. | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II (സിവിൽ & മെക്കാനിക്കൽ) | | |
| | 29. | ബോയിലർ ഓപ്പറേറ്റർ ഗ്രേഡ് II | | |
| | 30. | കണ്ടക്ടർ ഗ്രേഡ് II | | |
| | | | | |
| IV. | 1. | പ്യൂൺ സ്പെഷ്യൽ ഗ്രേഡ് | 5390 - 11660 | 10210 - 23160 |
| | 2. | സ്വീപ്പർ സ്പെഷ്യൽ ഗ്രേഡ് | | |
| | 3. | സ്വീപ്പർ കം-സ്കാവഞ്ചർ സ്പെഷ്യൽ ഗ്രേഡ് | | |
| | 4. | ഗാരേജ് മസ്ദൂർ സ്പെഷ്യൽ ഗ്രേഡ് | | |
| | 5. | ബൈൻഡർ സെലക്ഷൻ ഗ്രേഡ് | | |
| | 6. | ഡെക്ക്മാൻ (വാട്ടർ ട്രാൻസ്പോർട്ട് സെലക്ഷൻ ഗ്രേഡ് | | |
| | 7. | ഗാർഡ് സെലക്ഷൻ ഗ്രേഡ് | | |
| | 8. | പമ്പ് ഓപ്പറേറ്റർ സെലക്ഷൻ ഗ്രേഡ് | | |
| | 9. | സ്റ്റോർ ഇഷ്യൂവർ സെലക്ഷൻ ഗ്രേഡ് | | |
| | 10. | വാട്ടർ പമ്പ് ഓപ്പറേറ്റർ സെലക്ഷൻ ഗ്രേഡ് | | |
| | 11. | സ്റ്റോർ അസിസ്റ്റന്റ് | | |
| | 12. | ഡ്രൈവർ ഗ്രേഡ് II | | |
| | 13. | ലിഫ്റ്റ് ഓപ്പറേറ്റർ സ്പെഷ്യൽ ഗ്രേഡ് | | |
| | | | | |
| V. | 1. | പ്യൂൺ ഹയർ ഗ്രേഡ് | 5810 - 13260 | 11050 - 27860 |
| | 2. | സ്വീപ്പർ ഹയർ ഗ്രേഡ് | | |
| | 3. | സ്വീപ്പർ കം-സ്കാവഞ്ചർ ഹയർ ഗ്രേഡ് | | |
| | 4. | ഗാരേജ് മസ്ദൂർ ഹയർ ഗ്രേഡ് | | |

| | | | | |
|---|---|---|---|---|
| | 5. | സ്റ്റോർ അസിസ്റ്റന്റ് ഹയർ ഗ്രേഡ് | 5810 - 13260 | 11050 - 27860 |
| | 6. | സ്റ്റോർ ഇഷ്യൂവർ ഹയർ ഗ്രേഡ് | | |
| | 7. | ബൈൻഡർ സ്പെഷ്യൽ ഗ്രേഡ് | | |
| | 8. | ഡെക്ക്മാൻ (വാട്ടർ ട്രാൻസ്പോർട്ട്) സ്പെഷ്യൽ ഗ്രേഡ് | | |
| | 9. | അസിസ്റ്റന്റ് സ്റ്റോർ കീപ്പർ ഗ്രേഡ് II | | |
| | 10. | ജെട്ടി മാസ്റ്റർ (വാട്ടർ ട്രാൻസ്പോർട്ട്) ഗ്രേഡ് II | | |
| | 11. | ടിക്കറ്റ് എക്സാമിനർ (വാട്ടർ ട്രാൻസ്പോർട്ട്) ഗ്രേഡ് II | | |
| | 12. | ബോട്ട് മാസ്റ്റർ (വാട്ടർ ട്രാൻസ്പോർട്ട്) ഗ്രേഡ് II | | |
| | 13. | ഡ്രൈവർ (വാട്ടർ ട്രാൻസ്പോർട്ട്) ഗ്രേഡ് II | | |
| | 14. | സ്രാങ്ക് (വാട്ടർ ട്രാൻസ്പോർട്ട്) ഗ്രേഡ് II | | |
| | 15. | അസിസ്റ്റന്റ് സാർജന്റ് | | |
| | 16. | പമ്പ് ഓപ്പറേറ്റർ സ്പെഷ്യൽ ഗ്രേഡ് | | |
| | | | | |
| VI. | 1. | ബൈൻഡർ ഹയർ ഗ്രേഡ് | 6470 - 14860 | 12310 - 28600 |
| | 2. | മെക്കാനിക്ക് ഗ്രേഡ് I | | |
| | 3. | ബ്ലാക്സ്മിത്ത് ഗ്രേഡ് I | | |
| | 4. | കോച്ച് ബിൽഡർ ഗ്രേഡ് I | | |
| | 5. | ഇലക്ട്രീഷ്യൻ ഗ്രേഡ് I | | |
| | 6. | അപ്ഹോൾസ്റ്ററർ ഗ്രേഡ് I | | |
| | 7. | പെയിന്റർ ഗ്രേഡ് I | | |
| | 8. | വെൽഡർ ഗ്രേഡ് I | | |
| | 9. | ടിങ്കർ ഗ്രേഡ് I | | |
| | 10. | മെഷീനിസ്റ്റ് ഗ്രേഡ് I | | |
| | 11. | ടയർ റീട്രേഡർ ഗ്രേഡ് I | | |
| | 12. | ടയർ ഇൻസ്പെക്ടർ ഗ്രേഡ് I | | |
| | 13. | മോൾഡർ ഗ്രേഡ് I | | |
| | 14. | ഗ്ലാസ്സ് കട്ടർ ഗ്രേഡ് I | | |
| | 15. | ഡ്രാഫ്റ്റ്മാൻ ഗ്രേഡ് I (സിവിൽ & മെക്കാനിക്കൽ) | | |
| | 16. | ബോയിലർ ഓപ്പറേറ്റർ ഗ്രേഡ് I | | |
| | 17. | കണ്ടക്ടർ ഗ്രേഡ് I | | |
| | 18. | ഡ്രൈവർ ഗ്രേഡ് I | | |

| | | | | |
|---|---|---|---|---|
| | 19. | ജെട്ടി മാസ്റ്റർ<br>(വാട്ടർ ട്രാൻസ്പോർട്ട്) ഗ്രേഡ് I | 6470 - 14860 | 12310 - 28600 |
| | 20. | ടിക്കറ്റ് എക്സാമിനർ<br>(വാട്ടർ ട്രാൻസ്പോർട്ട്) ഗ്രേഡ് I | | |
| | 21. | ബോട്ട് മാസ്റ്റർ<br>(വാട്ടർ ട്രാൻസ്പോർട്ട്) ഗ്രേഡ് I | | |
| | 22. | ഡ്രൈവർ<br>(വാട്ടർ ട്രാൻസ്പോർട്ട്) ഗ്രേഡ് I | | |
| | 23. | സ്രാങ്ക്<br>(വാട്ടർ ട്രാൻസ്പോർട്ട്) ഗ്രേഡ് I | | |
| | 24. | സ്റ്റെനോഗ്രാഫർ ഗ്രേഡ് II | | |
| | 25. | അസിസ്റ്റന്റ് | | |
| | 26. | യു.ഡി. ടൈപ്പിസ്റ്റ് | | |
| | 27. | യു.ഡി. ടിക്കറ്റ് ഇഷ്യൂവർ | | |
| | 28. | ഇലക്ട്രീഷ്യൻ<br>പ്രോവിഷണൽ ഗ്രേഡ് I | | |
| | 29. | ടയർ ഇൻസ്പെക്ടർ<br>പ്രോവിഷണൽ ഗ്രേഡ് I | | |
| | 30. | പമ്പ് ഓപ്പറേറ്റർ<br>ഹയർ ഗ്രേഡ് | | |
| | 31. | ഡെക്ക്മാൻ<br>ഹയർ ഗ്രേഡ് | | |
| | | | | |
| VII. | 1. | ജെട്ടി മാസ്റ്റർ (വാട്ടർ ട്രാൻസ്പോർട്ട്)<br>സെലക്ഷൻ ഗ്രേഡ് | 7090 - 16210 | 13390 - 30820 |
| | 2. | ടിക്കറ്റ് എക്സാമിനർ<br>(വാട്ടർ ട്രാൻസ്പോർട്ട് )<br>സെലക്ഷൻ ഗ്രേഡ് | | |
| | 3. | ബോട്ട് മാസ്റ്റർ (വാട്ടർ ട്രാൻസ്പോർട്ട്)<br>സെലക്ഷൻ ഗ്രേഡ് | | |
| | 4. | ഡ്രൈവർ (വാട്ടർ ട്രാൻസ്പോർട്ട്)<br>സെലക്ഷൻ ഗ്രേഡ് | | |
| | 5. | സ്രാങ്ക് (വാട്ടർ ട്രാൻസ്പോർട്ട്)<br>സെലക്ഷൻ ഗ്രേഡ് | | |
| | 6. | ടിക്കറ്റ് ഇഷ്യൂവർ സെലക്ഷൻ ഗ്രേഡ് | | |
| | 7. | സാർജന്റ് | | |
| | | | | |

| | | | | |
|---|---|---|---|---|
| VIII. | 1. | ജെട്ടി മാസ്റ്റർ (വാട്ടർ ട്രാൻസ്പോർട്ട്) സ്പെഷ്യൽ ഗ്രേഡ് | 7560 - 16660 | 14210 - 31560 |
| | 2. | ടിക്കറ്റ് എക്സാമിനർ (വാട്ടർ ട്രാൻസ്പോർട്ട് ) സ്പെഷ്യൽ ഗ്രേഡ് | | |
| | 3. | ബോട്ട് മാസ്റ്റർ (വാട്ടർ ട്രാൻസ്പോർട്ട്) സ്പെഷ്യൽ ഗ്രേഡ് | | |
| | 4. | ഡ്രൈവർ (വാട്ടർ ട്രാൻസ്പോർട്ട്) സ്പെഷ്യൽ ഗ്രേഡ് | | |
| | 5. | സ്രാങ്ക് (വാട്ടർ ട്രാൻസ്പോർട്ട്) സ്പെഷ്യൽ ഗ്രേഡ് | | |
| | 6. | ടിക്കറ്റ് ഇഷ്യൂർ സ്പെഷ്യൽ ഗ്രേഡ് | | |
| | 7. | മെക്കാനിക്ക് സെലക്ഷൻ ഗ്രേഡ് | | |
| | 8. | ബ്ലാക്സ്മിത്ത് സെലക്ഷൻ ഗ്രേഡ് | | |
| | 9. | കോച്ച് ബിൽഡർ സെലക്ഷൻ ഗ്രേഡ് | | |
| | 10. | ഇലക്ട്രീഷ്യൻ സെലക്ഷൻ ഗ്രേഡ് | | |
| | 11. | അപ്ഹോൾസ്റ്ററർ സെലക്ഷൻ ഗ്രേഡ് | | |
| | 12. | പെയിന്റർ സെലക്ഷൻ ഗ്രേഡ് | | |
| | 13. | വെൽഡർ സെലക്ഷൻ ഗ്രേഡ് | | |
| | 14. | ടിങ്കർ സെലക്ഷൻ ഗ്രേഡ് | | |
| | 15. | മെഷീനിസ്റ്റ് സെലക്ഷൻ ഗ്രേഡ് | | |
| | 16. | ടയർ റീട്രേഡർ സെലക്ഷൻ ഗ്രേഡ് | | |
| | 17. | ടയർ ഇൻസ്പെക്ടർ സെലക്ഷൻ ഗ്രേഡ് | | |
| | 18. | മോൾഡർ സെലക്ഷൻ ഗ്രേഡ് | | |
| | 19. | ഗ്ലാസ് കട്ടർ സെലക്ഷൻ ഗ്രേഡ് | | |
| | 20. | ഡ്രാഫ്റ്റ്മാൻ സെലക്ഷൻ ഗ്രേഡ് (സിവിൽ & മെക്കാനിക്കൽ) | | |
| | 21. | ബോയിലർ ഓപ്പറേറ്റർ സെലക്ഷൻ ഗ്രേഡ് | | |
| | 22. | കണ്ടക്ടർ സെലക്ഷൻ ഗ്രേഡ് | | |
| | 23. | ഡ്രൈവർ സെലക്ഷൻ ഗ്രേഡ് | | |
| | 24. | സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് | | |
| | 25. | ഇലക്ട്രിഷ്യൻ പ്രോവിഷണൽ സെലക്ഷൻ ഗ്രേഡ് | | |
| | 26. | ടയർ ഇൻസ്പെക്ടർ പ്രോവിഷണൽ സെലക്ഷൻ ഗ്രേഡ് | | |
| | 27. | ടൈപ്പിസ്റ്റ് സെലക്ഷൻ ഗ്രേഡ് | | |
| | 28. | അസിസ്റ്റന്റ് സ്റ്റോർ കീപ്പർ ഗ്രേഡ് I | | |
| | 29. | അസിസ്റ്റന്റ് സ്റ്റോർ കീപ്പർ പ്രൊവിഷണൽ ഗ്രേഡ് I | | |

| | | | | |
|---|---|---|---|---|
| IX. | 1. | മെക്കാനിക്ക് സ്പെഷ്യൽ ഗ്രേഡ് | 8110 - 18010 | 15710 - 34600 |
| | 2. | ബ്ലാക്സ്മിത്ത് സ്പെഷ്യൽ ഗ്രേഡ് | | |
| | 3. | കോച്ച് ബിൽഡർ സ്പെഷ്യൽ ഗ്രേഡ് | | |
| | 4. | ഇലക്ട്രീഷ്യൻ സ്പെഷ്യൽ ഗ്രേഡ് | | |
| | 5. | അപ്ഹോൾസ്റ്ററർ സ്പെഷ്യൽ ഗ്രേഡ് | | |
| | 6. | പെയിന്റർ സ്പെഷ്യൽ ഗ്രേഡ് | | |
| | 7. | വെൽഡർ സ്പെഷ്യൽ ഗ്രേഡ് | | |
| | 8. | ടിങ്കർ സ്പെഷ്യൽ ഗ്രേഡ് | | |
| | 9. | മെഷീനിസ്റ്റ് സ്പെഷ്യൽ ഗ്രേഡ് | | |
| | 10. | ടയർ റീട്രേഡർ സ്പെഷ്യൽ ഗ്രേഡ് | | |
| | 11. | ടയർ ഇൻസ്പെക്ടർ സ്പെഷ്യൽ ഗ്രേഡ് | | |
| | 12. | മോൾഡർ സ്പെഷ്യൽ ഗ്രേഡ് | | |
| | 13. | ഗ്ലാസ് കട്ടർ സ്പെഷ്യൽ ഗ്രേഡ് | | |
| | 14. | ബോയിലർ ഓപ്പറേറ്റർ സ്പെഷ്യൽ ഗ്രേഡ് | | |
| | 15. | കണ്ടക്ടർ സ്പെഷ്യൽ ഗ്രേഡ് | | |
| | 16. | ഡ്രൈവർ സ്പെഷ്യൽ ഗ്രേഡ് | | |
| | 17. | സ്പെഷ്യൽ അസിസ്റ്റന്റ് | | |
| | 18. | ടൈപ്പിസ്റ്റ് സ്പെഷ്യൽ ഗ്രേഡ് | | |
| | 19. | അസിസ്റ്റന്റ് സ്റ്റോർ കീപ്പർ സെലക്ഷൻ ഗ്രേഡ് | | |
| | 20. | സ്റ്റെനോഗ്രാഫർ I ഗ്രേഡ് | | |
| | 21. | അസിസ്റ്റന്റ് സ്റ്റോർ കീപ്പർ പ്രൊവിഷണൽ സെലക്ഷൻ ഗ്രേഡ് | | |
| | 22. | ടിക്കറ്റ് എക്സാമിനർ ഹയർ ഗ്രേഡ് | | |
| | 23 | ടിക്കറ്റ് ഇഷ്യൂവർ ഹയർ ഗ്രേഡ് | | |
| | 24. | ഇലക്ട്രീഷ്യൻ പ്രൊവിഷണൽ സ്പെഷ്യൽ ഗ്രേഡ് | | |
| | 25. | ടയർ ഇൻസ്പെക്ടർ പ്രൊവിഷണൽ സ്പെഷ്യൽ ഗ്രേഡ് | | |
| | 26. | സ്രാങ്ക് ഹയർ ഗ്രേഡ് | | |
| | | | | |
| X. | 1. | സ്റ്റേഷൻ മാസ്റ്റർ | 9060 – 19010 | 16290 - 37060 |
| | 2. | വെഹിക്കിൾ സൂപ്പർവൈസർ | | |
| | 3. | ചാർജ്മാൻ (ഇലക്ട്രിക്കൽ) | | |
| | 4. | ചാർജ്മാൻ (ജനറൽ) ഗ്രേഡ് II | | |
| | 5. | ചാർജ്മാൻ (ആട്ടോ) | | |

| | | | | |
|---|---|---|---|---|
| | 6. | സ്റ്റെനോഗ്രാഫർ സെലക്ഷൻ ഗ്രേഡ് | 9060 - 19010 | 16290 - 37060 |
| | 7. | സീനിയർ അസിസ്റ്റന്റ് | | |
| | 8. | ടൈപ്പിസ്റ്റ് സീനിയർ ഗ്രേഡ് | | |
| | 9. | ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) / ഓവർസിയർ സ്പെഷ്യൽ ഗ്രേഡ് | | |
| | | | | |
| XI. | 1. | ഇൻസ്പെക്ടർ | 9760 - 21010 | 18030 - 42460 |
| | 2. | ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ | | |
| | 3. | ചാർജ്മാൻ (ജനറൽ) ഗ്രേഡ് I | | |
| | 4. | സ്റ്റെനോഗ്രാഫർ സ്പെഷ്യൽ ഗ്രേഡ് | | |
| | 5. | സൂപ്രണ്ട് | | |
| | 6. | ഫെയർ കോപ്പി സൂപ്രണ്ട് | | |
| | 7. | ലീഗൽ അസിസ്റ്റന്റ് | | |
| | 8. | സ്റ്റോർ കീപ്പർ | | |
| | 9. | ചീഫ് സാർജന്റ് | | |
| | 10. | അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ | | |
| | 11. | കമ്പ്യൂട്ടർ ഹാർഡ് വെയർ സൂപ്പർവൈസർ | | |

# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
# സേവന - വേതന കരാർ - 2012
# അനുബന്ധം - II

## പുതുക്കിയ സ്കെയിലിൽ
## ശമ്പളം നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ

## (PAY FIXATION RULES)

### I. മാസ്റ്റർ സ്കെയിലും അതിന്റെ പ്രാബല്യവും

8730 - 230 (2) - 9190 - 250 (3) - 9940 - 270 (3) - 10750 - 300 (3) - 11650 - 330 (2) - 12310 - 360 (3) - 13390 - 410 (2) - 14210 - 500 (3) - 15710 - 580 (4) - 18030 - 630 (5) - 21180 - 660 (9) - 27120 - 740 (9) - 33780 - 820 (4) - 37060 - 900 (6) - 42460. (ആകെ 58 വർഷം) എന്ന മാസ്റ്റർ സ്കെയിലിന്റെ ഭാഗമായിട്ടുള്ള 11 പുതുക്കിയ ശമ്പള സ്കെയിലുകൾക്ക് 01.03.2011 മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

(ഈ ചട്ടങ്ങളിൽ നിലവിലുള്ള ശമ്പള സ്കെയിൽ എന്ന് പരാമർശിക്കുന്നത് 01.03.2011 -ന് തൊട്ട് മുമ്പുള്ള ശമ്പള സ്കെയിലും പുതിയ സ്കെയിൽ എന്നത് പരിഷ്ക്കരിച്ച ശമ്പള സ്കെയിലും ആയിരിക്കും).

### II. ഓപ്ഷൻ

1. 01.03.2011 മുതൽ കരാർ കാലാവധി അവസാനിക്കുന്ന 28.02.2016 വരെയുള്ള കാലയളവിൽ ഓപ്ഷൻ അനുവദിക്കും.

2. 01.03.2011-ൽ ഒരു ജീവനക്കാരൻ ഏത് തസ്തികയിലായിരുന്നുവോ ആ തസ്തികയിൽ മാത്രമേ ഓപ്ഷൻ അനുവദിക്കുകയുള്ളൂ. അതായത് 01.03.2011-ൽ നിലവിലുള്ള തസ്തികയുടെ താഴത്തെ തസ്തികയിൽ ഓപ്ഷന് അനുവാദമുണ്ടായിരിക്കുകയില്ല.

3. 01.03.2011-ലും ശേഷവും നടത്തിയിട്ടുള്ള എല്ലാ നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളും (All appointments and Promotions) പുതിയ സ്കെയിലിൽ നടന്നതായി കണക്കാക്കും.

   (i) 01.03.2011-നും ഈ ശമ്പള പരിഷ്ക്കരണത്തിന്റെ സാമ്പത്തികാനുകൂല്യം നടപ്പിലാവുന്ന തീയതിക്കുമിടയിൽ ഏതു തരം പ്രൊമോഷൻ ലഭിച്ചവർക്കും പ്രൊമോഷൻ തീയതിവരെ താഴത്തെ തസ്തികയിൽ നിലവിലുള്ള സ്കെയിലിൽ തുടരുന്നതിനുള്ള അവസരമുണ്ടായിരിക്കും. ഇത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചട്ടങ്ങളിലെ ഖണ്ഡം - III-ൽ പ്രതിപാദിച്ചിരിക്കുന്നു.

4. ഇനം 1-ൽ പറഞ്ഞിട്ടുള്ള കാലാവധിക്കുള്ളിൽ ഭാവിയിലേക്ക് ഓപ്ഷൻ (Option on future date) സമർപ്പിച്ച ഒരു ജീവനക്കാരന് പ്രസ്തുത ഓപ്ഷൻ തീയതിക്കുമുമ്പായി പ്രൊമോഷൻ (സമയ ബന്ധിത ഗ്രേഡ് പ്രൊമോഷനായാലും അല്ലാത്ത പ്രൊമോഷനായാലും) അനുവദിക്കുന്നപക്ഷം ആ ജീവനക്കാരൻ നൽകിയിട്ടുള്ള ഓപ്ഷൻ സ്വമേധയാ അസാധുവാകുന്നതായിരിക്കും. ഇപ്രകാരം സംഭവിക്കുന്നതായാൽ പ്രസ്തുത ജീവനക്കാരന് പ്രൊമോഷൻ തീയതിക്കു മുമ്പുള്ള സൗകര്യപ്രദമായ ഒരു തീയതിയിലേക്ക് (പ്രൊമോഷൻ ഉത്തരവ് തീയതി മുതൽ 30 ദിവസങ്ങൾക്കകം) ഓപ്ഷൻ മാറ്റി നൽകാവുന്നതാണ്. അല്ലാത്തപക്ഷം ആ ജീവനക്കാരൻ 01.03.2011-ലേക്ക് ഓപ്ഷൻ നൽകിയതായി കണക്കാക്കി പുതിയ സ്കെയിലിലെ ശമ്പളം നിർണ്ണയിക്കും.

5. ഒരു ജീവനക്കാരന് ഒന്നിൽ കൂടുതൽ ഓപ്ഷൻ നൽകാൻ അനുവാദമുണ്ടായിരിക്കുകയില്ല.

6. നിശ്ചിത ഫാറത്തിൽ നിശ്ചിത സമയ പരിധിക്കകം ഓപ്ഷൻ നൽകാത്തവരുടെ പുതിയ സ്കെയിലിലെ ശമ്പളം അവർ 01.03.2011-ലേക്ക് ഓപ്ഷൻ നൽകിയതായി കണക്കാക്കി നിർണ്ണയിക്കും.

7. ഒരിക്കൽ നൽകിയ ഓപ്ഷൻ അന്തിമമായിരിക്കും. റീ-ഓപ്ഷൻ അനുവദിക്കുന്നതല്ല.

8. 01.03.2011-നോ അതിനുശേഷമോ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ഓപ്ഷന് അവകാശമുണ്ടായിരിക്കും. എന്നാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഓപ്ഷൻ സമർപ്പിക്കാതെ വന്നാൽ അവരുടെ പുതിയ സ്കെയിലിലെ ശമ്പളം ഈ ചട്ടങ്ങൾക്കകത്തു നിന്നുകൊണ്ട് പരമാവധി നേട്ടം ലഭിക്കുന്നവിധം അനുയോജ്യമായ തീയതിയിൽ നിർണ്ണയിച്ചു നൽകും.

9. 01.03.2011-നുശേഷമോ ഓപ്ഷൻ സമർപ്പിക്കുന്ന സമയ പരിധിക്കുള്ളിലോ മരണ പ്പെട്ട ജീവനക്കാരുടെ പുതിയ സ്കെയിലിലെ ശമ്പളം അവകാശികൾക്ക് പരമാവധി നേട്ടം ലഭിക്കുന്നവിധം അനുയോജ്യമായ തീയതിയിൽ ഈ ചട്ടങ്ങൾക്കകത്തു നിന്നുകൊണ്ട് നിർണ്ണയിച്ചുനൽകും.

10. 01.03.2011-നുശേഷം മുൻകൂർ അനുമതിയോടെ സ്വദേശത്തോ വിദേശത്തോ ജോലിക്കോ ജോലി അന്വേഷിക്കുന്നതിനോ ശൂന്യ വേതന അവധിയിൽ (LWA for five years for employment / seeking employment abroad) പ്രവേശിച്ചിട്ടുള്ളവർക്കും സസ്പെൻഷനിൽ കഴിയുന്നവർക്കും മുൻകൂട്ടിയുള്ള അനുമതിയോടെ ദീർഘകാല അവധിയിൽ കഴിയുന്നവർക്കും അവർ തിരികെ ജോലിയിൽ പ്രവേശിച്ച് മുപ്പത് (30) ദിവസങ്ങൾക്കകം ഓപ്ഷൻ നൽകുന്നതിന് അവകാശമുണ്ടായിരിക്കും. ഇപ്രകാരം സാധ്യതയുള്ള ഓപ്ഷൻ നൽകാത്തവരുടെ പുതിയ സ്കെയിലിലെ ശമ്പളം ബന്ധപ്പെട്ട ചട്ടങ്ങൾ അനുസരിച്ച് നിർണ്ണയിക്കും.

11. ഭാവിയിലേക്ക് ഓപ്ഷൻ (Option on future date) സമർപ്പിച്ച് നിലവിലുള്ള സ്കെയിലിൽ തുടരുന്നവർക്ക് അവരുടെ ഓപ്ഷൻ തീയതി വരെ നിലവിലുള്ള സ്കെയിലിലെ അർഹമായ അടിസ്ഥാന ശമ്പളത്തോടൊപ്പം 64% ക്ഷാമബത്തയും ചേർന്ന തുകയെ അടിസ്ഥാന ശമ്പളമായി കണക്കാക്കി പുതിയ നിരക്കിലുള്ള വീട്ടുവാടക അലവൻസും അർഹമായ മറ്റ് ബത്തകളും അനുവദിക്കും.

## III. <u>പ്രൊമോഷൻ തീയതിയിലെ ഓപ്ഷൻ</u>

ഈ ഖണ്ഡത്തിലെ പ്രൊമോഷൻ തീയതി എന്നത് 'ടി' ഖണ്ഡം II -3 (1)-ൽ പറഞ്ഞിരിക്കുന്ന കാലാവധിക്കകത്ത് വരുന്ന (01.03.2011 മുതൽ ശമ്പള പരിഷകരണത്തിന്റെ സാമ്പാത്തികാനുകൂല്യം നടപ്പിലാവുന്ന തീയതി)

(എ) സമയബന്ധിത ഗ്രേഡ് പ്രൊമോഷന്റെ ടെന്റേറ്റീവ് / അബ്സൊല്യൂട്ട് പ്രൊമോഷൻ തീയതികൾ:-

(ബി) സാധാരണ കേഡർ പ്രൊമോഷൻ ലഭിച്ച തീയതി / താഴെത്തെ തസ്തികയിലെ വാർഷിക ഇൻക്രിമെന്റിന്റെ തീയതി (Date of Refixation)

1. 01.03.2011-നും ഈ ശമ്പള പരിഷ്ക്കരണത്തിന്റെ സാമ്പത്തികാനുകൂല്യം നടപ്പിലാവുന്ന തീയതിക്കുമിടയിൽ ഏത് പ്രൊമോഷൻ ലഭിച്ചവർക്കും ലഭിക്കുന്നവർക്കും പ്രസ്തുത പ്രൊമോഷൻ കിട്ടിയ തീയതി വരെ താഴത്തെ തസ്തികയുടെ നിലവിലുള്ള സ്കെയിലിൽ തുടരുന്നതിന് അവസരമുണ്ടായിരിക്കും. ഈ അവസരം വിനിയോഗിക്കുന്നവർക്ക് പ്രൊമോഷൻ ലഭിച്ച / ലഭിക്കുന്ന തീയതിയിൽ പ്രൊമോഷൻ തസ്തികയുടെ പുതുക്കിയ സ്കെയിലിന് വേണ്ടി ഓപ്ഷൻ നൽകാവുന്നതാണ്. ഇത്തരത്തിൽ ഓപ്ഷൻ നൽകുന്നവർക്ക് നിലവിലുള്ള സ്കെയിലിൽ പ്രൊമോഷൻ തസ്തികയിലെ ശമ്പളം നിർണ്ണയിച്ച് ആ

ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ തസ്തികയുടെ പുതിയ സ്കെയിലിലെ ശമ്പളം നിർണ്ണയിച്ചു നൽകും.

(i) എന്നാൽ 'ടി' കാലയളവിൽ ഒന്നിലധികം പ്രൊമോഷനുകൾ ലഭിച്ചിട്ടുള്ള പക്ഷം 'ടി' ആനുകൂല്യം ആദ്യത്തെ പ്രൊമോഷന് മാത്രമായി പരിമിതപ്പെടുത്തും.

2. 25.03.2006-ലെ ജി.ഒ.(പി) നമ്പർ 145/2006/ഫിൻ, 26.02.2011-ലെ ജി.ഒ.(പി) നമ്പർ 55/2011/ഫിൻ, 30.03.2011-ലെ ജി.ഒ.(പി) നമ്പർ 143/2011/ഫിൻ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കെ.എസ്.ആർ ഭാഗം - I-ലെ 28A, 37(a) എന്നീ ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ പുതിയ സ്കെയിലിലെ എല്ലാത്തരം പ്രൊമോഷനുകൾക്കും ബാധകമായിരിക്കും. ഇതിന്റെ വിശദാംശങ്ങൾ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ പ്രതിപാദിക്കുന്നതാണ്.

## IV. പുതിയ സ്കെയിലിലെ ശമ്പള നിർണ്ണയ ഘടകങ്ങളും ശമ്പളം നിർണ്ണയിക്കുന്ന വിധവും:-

1. 01.03.2011-ലെ / ഓപ്ഷൻ തീയതിയിലെ നിലവിലുള്ള സ്കെയിലിലെ അടിസ്ഥാന ശമ്പളം.

2. 'ടി' അടിസ്ഥാന ശമ്പളത്തിന് 64% നിരക്കിലുള്ള ക്ഷാമബത്ത.

3. നിലവിലുള്ള അടിസ്ഥാന ശമ്പളത്തിന്റെ 10%; കുറഞ്ഞത് 1000/- (ആയിരം) രൂപ - ഫിറ്റ്മെന്റ് ആനുകൂല്യം (Fitment benefit)

4. ഓപ്ഷൻ തീയതിയിൽ പൂർത്തിയാക്കുന്ന പി.എസ്.സി / ആശ്രിത നിയമനത്തെ തുടർന്നുള്ള റിസർവ് / പ്രി അപ്പോയ്ന്റ്മെന്റ് കാലയളവ് ഉൾപ്പെടെ ഇൻക്രിമെന്റിന് യോഗ്യമായ കോർപ്പറേഷൻ സർവ്വീസിന്റെ ഓരോ വർഷത്തിനും ഓപ്ഷൻ തീയതിയിലെ അടിസ്ഥാന ശമ്പളത്തിന്റെ ½%-ത്തിന് തുല്യമായ തുക പരമാവധി 30 വർഷ സേവനകാലത്തിന് 15% വരെ സർവ്വീസ് വെയിറ്റേജ് (Weightage) ആയി അനുവദിക്കുന്നതാണ്. (കോർപ്പറേഷൻ സർവ്വീസ് എന്നത് പി.എസ്.സി. / ആശ്രിത നിയമനം വഴി സ്ഥിരനിയമനം ലഭിച്ചതിനുശേഷമുള്ള റിസർവ്വ് / പ്രി അപ്പോയ്ന്റ്മെന്റ് ട്രെയിനിംഗ് കാലയളവ് ഉൾപ്പെടെയുള്ളത്) എന്നാൽ മതിയായ ഡ്യൂട്ടി ചെയ്യാത്തതിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തിനുശേഷം മാത്രം റഗുലർ സർവ്വീസിൽ ആഗീരണം (Absorbe) ചെയ്യപ്പെടുകയാണെങ്കിൽ പ്രസ്തുത Absorption തീയതി വരെയുള്ള കാലയളവ് ഒരു വർഷമായി വെയിറ്റേജിന് കണക്കാക്കുന്നതാണ്. റിസർവ്വ് കാലയളവിൽ ഒരു മാസത്തിൽ ഒരു ഡ്യൂട്ടി എങ്കിലും ചെയ്തിട്ടില്ലെങ്കിൽ പ്രസ്തുത മാസം വെയിറ്റേജിന് ഒഴിവാക്കുന്നതാണ്. സഞ്ചിത പ്രാബല്യത്തോടെ (Cumulative Increment bar) ഇൻക്രിമെന്റ് തടഞ്ഞകാലത്തെ സർവ്വീസും വെയിറ്റേജിന് കുറവ് ചെയ്യുന്നതാണ്.

5. മേൽ (1) മുതൽ (4) വരെ ഘടകങ്ങൾ ചേർന്ന തുക പുതിയ സ്കെയിലിലെ ശമ്പള സ്കെയിലിന്റെ അടുത്ത സ്റ്റേജിലേക്ക് സർക്കാരിലുള്ളതുപോലെ അനുവദിക്കുന്നതാണ്.

6. 'ടി' ചട്ടം 5-ൽ പറഞ്ഞിട്ടുള്ള ശമ്പളം പുതിയ സ്കെയിലിലെ പരമാവധിയിലും കൂടുന്നതായാൽ പുതിയ ശമ്പളം ആ പരമാവധി തുകയായി നിർണ്ണയിക്കും. ബാക്കി തുക വ്യക്തിഗത ശമ്പളമായി (Personal Pay) നൽകും. ഈ വ്യക്തിഗത ശമ്പളം പിന്നീടുള്ള ഇൻക്രിമെന്റുകൾക്ക് ശേഷം തുടർന്നും നൽകും. ഈ വ്യക്തിഗത ശമ്പളം എല്ലാ കാര്യങ്ങൾക്കും യഥാർത്ഥ ശമ്പളത്തിന് തുല്യമായി പരിഗണിക്കും.

## V. അടുത്ത ഇൻക്രിമെന്റ് തീയതി

പുതുക്കിയ സ്കെയിലിൽ ശമ്പളം നിർണ്ണയിക്കപ്പെട്ട തീയതി മുതൽ ഒരു ഇൻക്രിമെന്റ് വർഷം (Incremental Year) പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ സ്കെയിലിൽ ആദ്യത്തെ ഇൻക്രിമെന്റ് അനുവദിക്കും. ചട്ടം III പ്രകാരം ശമ്പള നിർണ്ണയം നടന്നവർക്കും ഇത് ബാധകമായിരിക്കും.

## VI. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് (Stagnation Increment)

പരിഷ്ക്കരിച്ച ശമ്പള സ്കെയിലുകളിലെ പരമാവധിയിലെത്തി സ്റ്റാഗ്നേറ്റ് ചെയ്യുന്നവർക്ക് സർക്കാരിൽ നിലവിലുള്ള രീതിയിൽ അഞ്ച് (5) സ്റ്റാഗ്നേഷൻ ഇൻക്രിമെന്റിന് അർഹതയുണ്ടായിരിക്കും. അപ്രകാരം ആദ്യത്തെ നാലെണ്ണം വാർഷികമായും അവസാനത്തേത് ദ്വൈവാർഷികമായും, അതാതു ശമ്പള സ്കെയിലിലെ ഒടുവിലത്തെ നിരക്കിൽ അനുവദിക്കും. എന്നാൽ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അനുവദിക്കുമ്പോൾ മാസ്റ്റർ സ്കെയിലിന്റെ പരമാവധി തുകയായ 42,460/- രൂപയിൽ കവിയാൻ പാടില്ലാത്തതാണ്.

## VII. ജൂനിയർ സീനിയർ അനോമലി

01.03.2011-ന് മുമ്പ് ഉയർന്ന സ്കെയിലിൽ സമയ ബന്ധിത ഗ്രേഡ് പ്രൊമോഷനോ ഉയർന്ന തസ്തികയിലുള്ള കേഡർ പ്രൊമോഷനോ ലഭിച്ച ഒരു സീനിയറിന് 'ടി' തീയതിയിലോ അതിന് ശേഷമോ അതേ പ്രോമോഷൻ ലഭിക്കുന്ന ജൂനിയറിനേക്കാൾ കുറഞ്ഞ ശമ്പളമാണ് ലഭിക്കുന്നതെങ്കിൽ അത് സീനിയർ ജൂനിയർ അനോമലിയായി പരിഗണിച്ച് സീനിയറിന് ജൂനിയറുടെ ശമ്പളത്തിന് തുല്യമായ ശമ്പളം നൽകും. ഇത് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

1. സീനിയറും ജൂനിയറും ഒരേ തസ്തികയിലുള്ളവരും അവർക്ക് സ്ഥാനക്കയറ്റം (പ്രൊമോഷൻ) ലഭിച്ചത് ഒരേ തസ്തികയിലുമായിരിക്കണം.

2. അവരുടെ ആദ്യത്തെ തസ്തികയുടെയും സ്ഥാനക്കയറ്റം ലഭിച്ച തസ്തികയുടെയും ബന്ധപ്പെട്ട ശമ്പള സ്കെയിലുകൾ (നിലവിലുള്ള സ്കെയിലിലും പുതിയ സ്കെയിലിലും) തുല്യമായിരിക്കണം.

3. സ്ഥാനക്കയറ്റം ലഭിച്ച തീയതികളിലെ ഇരുവരുടെയും ശമ്പളം തുല്യമായിരിക്കണം. അല്ലെങ്കിൽ ടി തീയതിയിൽ സീനിയർ ജൂനിയറിനെക്കാൾ കൂടുതൽ ശമ്പളം പറ്റുന്നയാളായിരിക്കണം.

4. 'ടി' അനോമലി പുതിയ സ്കെയിലിലെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയതുകൊണ്ട് മാത്രം ഉണ്ടായതായിരിക്കണം.

5. സീനിയർക്കുണ്ടാകുന്ന ശമ്പളക്കുറവ് തെറ്റായ തീയതിയിൽ ഓപ്ഷൻ (Unwise Option) നൽകിയതിന്റെ ഫലമായുളവായതോ ജൂനിയർക്ക് താഴ്ന്ന തസ്തികയിൽ അധികം ഇൻക്രിമെന്റുകൾ (മുൻകൂർ ഇൻക്രിമെന്റുൾപ്പെടെ) ലഭിച്ചതു കൊണ്ടുവന്നതോ ആയിരിക്കരുത്.

കുറിപ്പ്:-

1. താഴ്ന്ന തസ്തികയിലെ നിലവിലുള്ള സ്കെയിലിൽ ജൂനിയർക്ക് ഉയർന്ന ശമ്പളം ലഭിച്ചിട്ടുണ്ടെങ്കിൽ സീനിയർക്കുണ്ടായ 'ടി' അനോമലി പരിഹരിക്കുന്നതല്ല.

2. ജൂനിയർ സീനിയർ അനോമലി പരിഹാരാർത്ഥം സീനിയർക്ക് ശമ്പളം വർദ്ധിപ്പിച്ചു കിട്ടിയ തീയതി മുതൽ ഒരു ഇൻക്രിമെന്റ് വർഷം പൂർത്തിയായാൽ മാത്രമേ അടുത്ത ഇൻക്രിമെന്റിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

## VIII. സാധാരണ ഇൻക്രിമെന്റുകൾ പ്രൊബേഷൻ കാരണമോ യോഗ്യതാ പരീക്ഷ പാസ്സാകാത്തതിന്റെ പേരിലോ തടയപ്പെട്ടാൽ

പ്രൊബേഷൻ കാലം പൂർത്തിയാകാത്തതു കാരണം ഇൻക്രിമെന്റ് തടയപ്പെട്ടവരുടെ ശമ്പളം പുതിയ സ്കെയിലിൽ നിർണ്ണയിക്കുമ്പോൾ അവരുടെ നിലവിലുള്ള സ്കെയിലിലെ ഓപ്ഷൻ തീയതിവരെ 01.03.2011 വരെയുള്ള അർഹമായ ഇൻക്രിമെന്റുകൾ നോഷണലായി അനുവദിച്ച് പുതിയ സ്കെയിലിലെ ശമ്പളം നിർണ്ണയിക്കും. എന്നാൽ പുതിയ സ്കെയിലിലെ അടുത്ത ഇൻക്രിമെന്റിന് നിശ്ചിത പ്രൊബേഷൻകാലവും ഓപ്ഷൻ തീയതി 01.03.2011 മുതൽ ഇൻക്രിമെന്റിനു കണക്കാക്കുന്ന ഒരു വർഷത്തെ യോഗ്യതാ കാലവും (One Incremental year) പൂർത്തിയായിരിക്കണം. അല്ലെങ്കിൽ യോഗ്യതാ പരീക്ഷ ജയിച്ചിരിക്കുകയും ഒരു വർഷത്തെ ഇൻക്രിമെന്റ് കാലം പൂർത്തിയായിരിക്കുകയും വേണം. (ഏതാണോ ബാധകം അത്.)

## IX. ഇൻക്രിമെന്റ് താല്ക്കാലികമായി തടയപ്പെട്ടവരുടെ ശമ്പള നിർണ്ണയം

ഓപ്ഷൻ തീയതിയിൽ താല്ക്കാലികമായി ഇൻക്രിമെന്റ് തടയൽ (Temporary Increment bar) നടപ്പിലിരിക്കുന്ന ജീവനക്കാരുടെ ശമ്പളം നിലവിലുള്ള അടിസ്ഥാന ശമ്പളത്തെ ആധാരമാക്കി പുതിയ സ്കെയിലിൽ നിർണ്ണയിക്കും. എന്നാൽ പ്രസ്തുത ഇൻക്രിമെന്റ് തടയലിന്റെ കാലാവധിക്കുശേഷം ഓപ്ഷൻ തീയതിയിൽ പുതിയ സ്കെയിലിലെ ശമ്പളം യഥാർത്ഥത്തിൽ അർഹമായ ശമ്പളത്തെ അടിസ്ഥാനമാക്കി പുനർനിർണ്ണയിച്ചു നൽകണം. ഇവരുടെ അടുത്ത വാർഷിക ഇൻക്രിമെന്റ് ശമ്പള പുനർ നിർണ്ണയ തീയതി മുതൽ ഒരു വർഷത്തെ ഇൻക്രിമെന്റിനുള്ള യോഗ്യതാകാലം പൂർത്തിയാകുമ്പോൾ മാത്രം അനുവദിക്കും.

## X. ശമ്പളത്തിൽ മുൻകാല പ്രാബല്യത്തോടെ മാറ്റം വരുന്നവർക്ക്

ഏതെങ്കിലും കാരണത്താൽ ഓപ്ഷൻ പ്രകാരമുള്ള ശമ്പള നിർണ്ണയം നടന്ന തീയതിക്കുശേഷം ഒരു ജീവനക്കാരന്റെ ഓപ്ഷൻ തീയതിക്കു മുമ്പുള്ള കാലത്തെ ശമ്പളത്തിൽ മുൻകാല പ്രാബല്യത്തോടെ മാറ്റം വരുന്നപക്ഷം (ഏത് കാരണത്താൽ ഉണ്ടായതായാലും) ആ ജീവനക്കാരന് പുതിയ സ്കെയിലിൽ റീ - ഓപ്ഷന് അവകാശമുണ്ടായിരിക്കും. മുൻകാല പ്രാബല്യത്തോടെ ശമ്പളത്തിൽ മാറ്റം നടന്ന വിവരം ബന്ധപ്പെട്ട ജീവനക്കാരനെ രേഖാമൂലം അറിയിക്കും. പ്രസ്തുത അറിയിപ്പ് ലഭിച്ച് മുപ്പത് ദിവസത്തിനകം റീ - ഓപ്ഷൻ നിശ്ചിത ഫാറത്തിൽ നൽകിയിരിക്കണം. (പ്രസ്തുത റീ - ഓപ്ഷൻ ഈ ചട്ടങ്ങൾ അനുശാസിക്കുന്നതും അനുവദിക്കുന്നതുമായ വിധത്തിൽ ഉള്ളതായിരിക്കണം.) അല്ലാത്തപക്ഷം ആദ്യം നൽകിയ ഓപ്ഷൻ നിലനിൽക്കുന്നതായി കണക്കാക്കും. ഈ തത്വം മുൻകാല പ്രാബല്യത്തോടെയുള്ള സ്റ്റേജ് താഴ്ത്തലിനും തരംതാഴ്ത്തലിനും രണ്ടുമുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ ഒഴിവാക്കപ്പെടുകയോ ഭേദഗതി ചെയ്യപ്പെടുകയോ ചെയ്യുന്നവരുടെ കാര്യത്തിലും ബാധകമായിരിക്കും.

## XI. ഓപ്ഷൻ സമർപ്പിക്കൽ

### 1. ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള സമയപരിധി

ഓപ്ഷൻ ക്ഷണിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ തീയതി മുതൽ മുപ്പത് (30) ദിവസം വരെ ഓപ്ഷൻ സമർപ്പിക്കുന്നതിന് അനുവാദമുണ്ടായിരിക്കും. നിശ്ചിത സമയ പരിധിക്കുള്ളിൽ നിശ്ചിത ഫാറത്തിൽ പേരും ജോലിപ്പേരും ഒപ്പും രേഖപ്പെടുത്തി ലഭിക്കാത്ത ഓപ്ഷനുകൾ പരിഗണിക്കുന്നതല്ല. നിശ്ചിത സമയ പരിധിക്കുള്ളിൽ ഓപ്ഷൻ സമർപ്പിക്കാത്തവരുടെ പുതിയ സ്കെയിലിലെ ശമ്പളം അവർ 01.03.2011-ലേക്ക് ഓപ്ഷൻ സമർപ്പിച്ചതായി കണക്കാക്കി നിർണ്ണയിക്കും.

### 2. ഓപ്ഷൻ സ്വീകരിക്കൽ

ഓപ്ഷനുകൾ ആയത് സ്വീകരിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥന് അതാതു ജീവനക്കാരൻ നേരിട്ട് സമർപ്പിക്കണം. പ്രസ്തുത ഉദ്യോഗസ്ഥൻ ഓപ്ഷൻ ഫാറത്തിൽ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള സ്ഥാനത്ത് തീയതിവച്ച് പൂർണ്ണമായ ഒപ്പിട്ട് പേരും ഉദ്യോഗപ്പേരും രേഖപ്പെടുത്തും. അന്നേ ദിവസം തന്നെ ഓപ്ഷൻ സ്വീകരിച്ചുവെന്നുള്ളതിന് രസീത് നൽകും.

### 3. ഓപ്ഷൻ രജിസ്റ്റർ - 2011 സ്കെയിൽ

ഓപ്ഷനുകൾ അവ ലഭിച്ച തീയതിയുടെ മുൻഗണനാ ക്രമത്തിൽ ക്രമ നമ്പരിട്ട് രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ (ഓപ്ഷൻ രജിസ്റ്റർ - 2011 സ്കെയിൽ) എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ കാലാകാലം സൂക്ഷിക്കും. ഓപ്ഷൻ രജിസ്റ്ററിലെ ക്രമനമ്പർ അതാത് ഓപ്ഷൻ ഫാറത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള സ്ഥാനത്ത് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിരിക്കും. ഓപ്ഷൻ രജിസ്റ്ററിൽ, ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള സമയപരിധി അവസാനിച്ച ശേഷവും ഓപ്ഷൻ സമർപ്പിച്ചിട്ടില്ലാത്ത ജീവനക്കാരുണ്ടെങ്കിൽ അവരുടെ പേരും ഉദ്യോഗപ്പേരും രേഖപ്പെടുത്തി എണ്ണം ഒത്തുനോക്കി തിട്ടപ്പെടുത്തും.

## XII. അധിക ആനുകൂല്യം തിരിച്ച് പിടിക്കൽ

നിർദ്ദിഷ്ട ശമ്പള പരിഷ്ക്കരണത്തിലെ തെറ്റായ ശമ്പള നിർണ്ണയത്തെത്തുടർന്ന് ഏതെങ്കിലും ജീവനക്കാരൻ അധികം വേതനം കൈപ്പറ്റിയിട്ടുണ്ടെന്ന് പിന്നീട് കണ്ടെത്തുന്നപക്ഷം അധികം പറ്റിയ തുക തിരികെ പിടിക്കുന്നതാണ്. ഇത് സംബന്ധിച്ചുള്ള തീരുമാനം അന്തിമമായിരിക്കും.

## XIII. ചട്ടങ്ങളെ സംബന്ധിച്ച വിശദീകരണങ്ങൾ

'ടി' ചട്ടങ്ങളെ സംബന്ധിച്ച് കൂടുതൽ വിശദീകരണങ്ങൾ ആവശ്യമായിവരുമെങ്കിൽ ആയത് യഥാസമയം നൽകുന്നതും അവ ഈ ചട്ടങ്ങളുടെ ഭാഗമായി കണക്കാക്കുന്നതുമാണ്.

# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

## സേവന - വേതന കരാർ - 2012

## അനുബന്ധം - III

### പ്രത്യേക അലവൻസുകൾ (Special Allowances)

| ക്രമ നമ്പർ | ഇനം | നിലവിലുള്ളത് | പരിഷ്കരിച്ചത് |
|---|---|---|---|
| 1 | **യൂണിഫാറം അലവൻസ്**<br>(തയ്യൽക്കൂലി ഉൾപ്പെടെ പ്രതിവർഷം)<br>(എ) സ്റ്റേഷൻ മാസ്റ്റർ, വെഹിക്കിൾ സൂപ്പർവൈസർ, ചാർജ്മാൻ, ഗാർഡ്, അസിസ്റ്റന്റ് സാർജന്റ്, സാർജന്റ്. ചീഫ് സാർജന്റ്, ഇൻസ്പെക്ടർ<br>(ബി) യൂണിഫാറത്തിന് അർഹതയുള്ള മറ്റ് പുരുഷ/സ്ത്രീ ജീവനക്കാർക്ക് | 1000<br>800 | 1250<br>1000 |
| 2 | **വാഷിംഗ് അലവൻസ് (പ്രതിമാസം)**<br>(എ) മുകളിൽ ഇനം 1(എ)-യിൽ പറഞ്ഞിരിക്കുന്ന ജീവനക്കാർക്ക്<br>(ബി) മുകളിൽ ഇനം 1(ബി)-യിൽ പറഞ്ഞിരിക്കുന്ന ജീവനക്കാർക്ക് | 30.00<br>25.00 | 40.00<br>30.00 |
| 3 | **പാദരക്ഷ അലവൻസ്**<br>(പ്രതിവർഷം) 'ടി' (1)-ൽ പറഞ്ഞിട്ടുള്ള ജീവനക്കാർക്ക് മാത്രം | 150.00 | 300.00 |
| 4 | രാത്രി ബത്ത (Night Allowance) | 10.00 | 15.00 |
| 5 | **ഇൻസ്പെക്ടർമാരുടെ ബാറ്റ** | 15.00 | 20.00 |
| 6 | **കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കുമുള്ള സ്റ്റേ അലവൻസ്** | 10.00 | 25.00 |
| 7 | പ്രതിദിന ഷണ്ടിംഗ് ബാറ്റ | 10.00 | 15.00 |
| 8 | **ആസ്ഥാനത്ത് നിന്നും 8 കി.മീറ്റർ ചുറ്റളവിൽ ഉണ്ടാകുന്ന അപകട സ്ഥലങ്ങളിൽ നിയോഗിക്കുന്ന സെക്യൂരിറ്റി ഗാർഡിന് നൽകുന്ന അലവൻസ്** | 20.00 | 30.00 |
| 9 | **ഹിൽ ട്രാക്ക് അലവൻസും വാം ക്ലോത്ത് അലവൻസും** | പുതുക്കിയ അടിസ്ഥാന ശമ്പളത്തിന്റെ 2% അല്ലെങ്കിൽ കുറഞ്ഞത് 150/- രൂപ പൊതുവെ | പുതുക്കിയ അടിസ്ഥാന ശമ്പളത്തിന്റെ 1.25% അല്ലെങ്കിൽ കുറഞ്ഞത് 175/- രൂപ പൊതുവെ |

| | | | |
|---|---|---|---|
| 10 | **ലേ ഓവർ അലവൻസ്:-** | | |
| | (എ) ആസ്ഥാനത്ത് നിന്ന് 162 കി.മീറ്ററിൽ കൂടുതൽ ദൂരത്തിലുള്ള സ്ഥലങ്ങളിലേക്ക് സംസ്ഥാനത്തിനകത്ത് നടത്തുന്ന സർവ്വീസുകൾക്ക്:- | | |
| | (1) 3 മണിക്കൂർ വരെ | ഇല്ല | ഇല്ല |
| | (2) 3 മണിക്കൂറിനും 6 മണിക്കൂറിനും ഇടയിൽ | 10.00 | 15.00 |
| | (3) 6 മണിക്കൂറിനും 12 മണിക്കൂറിനുമിടയിൽ | 15.00 | 20.00 |
| | (4) 12 മണിക്കൂറിന് മുകളിൽ | 20.00 | 25.00 |
| | (ബി) ആസ്ഥാനത്ത് നിന്ന് 162 കി.മീറ്ററിൽ കൂടുതൽ ദൂരത്തിലുള്ള സ്ഥലങ്ങളിലേക്ക് നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകൾക്ക്:- | | |
| | (1) 3 മണിക്കൂർ വരെ | ഇല്ല | ഇല്ല |
| | (2) 3 മണിക്കൂറിനും 6 മണിക്കൂറിനും ഇടയിൽ | 10.00 | 15.00 |
| | (3) 6 മണിക്കൂറിനും 12 മണിക്കൂറിനും ഇടയിൽ | 15.00 | 20.00 |
| | (4) 12 മണിക്കൂറിന് മുകളിൽ | 25.00 | 30.00 |
| | (സി) സംസ്ഥാനാതിർത്തിയിൽ നിന്നും 15 കി.മീറ്ററിൽ കൂടുതൽ ദൂരത്തിലുള്ള സ്ഥലങ്ങളിലേക്ക് നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസിന് നൽകുന്ന ഇന്റർ സ്റ്റേറ്റ് അലവൻസ് (ഷെഡ്യൂളൊന്നിന്) | 10.00 | 15.00 |
| 11 | **ബ്രേക്ക്ഡൗൺ ബാറ്റ (മെക്കാനിക്കൽ ജീവനക്കാർക്കും ഡ്രൈവർമാർക്കും)** | | |
| | (എ) സംസ്ഥാനത്തിനകത്ത് ആസ്ഥാനത്ത് നിന്നും 8 കി.മീറ്ററിന് പുറത്ത് ബ്രേക്ക് ഡൗൺ അറ്റൻഡ് ചെയ്യുന്നതിന് | 15.00 | 25.00 |
| | (ബി) അന്തർ സംസ്ഥാന സർവ്വീസുകൾക്ക്:- | | |
| | (1) 15 കി.മീ: വരെ | 15.00 | 25.00 |
| | (2) 15 കി.മീ:-ന് മുകളിൽ 75 കി.മീ: വരെ | 30.00 | 35.00 |
| | (3) 75 കി.മീ:-ന് മുകളിൽ | 50.00 | 55.00 |
| 12 | **സ്പെഷ്യൽ മെസഞ്ചർക്കുള്ള പ്രതിമാസ അലവൻസ്** | 100.00 | 150.00 |

| 13 | അധിക ബത്ത (Additional Bata) (22.00 മണിക്കും 06.00 മണിക്കുമിടയിൽ ജോലി ചെയ്യുന്നവർക്ക്) | ഡ്രൈവർ | | കണ്ടക്ടർ | |
|---|---|---|---|---|---|
| | | നിലവിലുള്ളത് | പരിഷ്ക്കരിച്ചത് | നിലവിലുള്ളത് | പരിഷ്ക്കരിച്ചത് |
| | (1) 2 മണിക്കൂർ വരെ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| | (2) 2 മുതൽ 4 മണിക്കൂർ വരെ | 20.00 | 50.00 | 10.00 | 15.00 |
| | (3) 4 മണിക്കൂറിന് മുകളിൽ | 30.00 | 60.00 | 15.00 | 20.00 |

| | | നിലവിലുള്ളത് | പരിഷ്കരിച്ചത് |
|---|---|---|---|
| 14 | കിലോ മീറ്റർ ബത്ത (Kilometre Bata) | | |
| | കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും പൊതുവെ | | |
| | (എ) ഒരു കിലോ മീറ്ററിന് | 7 പൈസ | 9 പൈസ |
| | (ബി) കുറഞ്ഞ ബത്ത (Minimum Bata) | | |
| | (1) മൊഫ്യൂസിലിൽ | 10.00 രൂപ | 15.00 രൂപ |
| | (2) സിറ്റി | 12.00 രൂപ | 15.00 രൂപ |
| | (3) ഡബിൾ ഡക്കർ | 15.00 രൂപ | 20.00 രൂപ |
| | (4) ലോ ഫ്ളോർ (Jnnurm) | 24.00 രൂപ | 30.00 രൂപ |
| സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഹൈറേഞ്ച് റൂട്ടുകളിൽ സർവ്വീസ് നടത്തുന്ന ജീവനക്കാർക്ക് പരിഷ്ക്കരിച്ച കിലോ മീറ്റർ ബത്തയുടെ 25% വരുന്ന തുക അധിക ബത്ത(Additional Bata)യായി അനുവദിക്കും. | | | |

**കുറിപ്പ്:-**

1. നിശ്ചിത യൂണിഫാറം ധരിക്കാത്ത ജീവനക്കാർക്ക് വാഷിംഗ് അലവൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല.

2. **ലൈൻ ഡ്യൂട്ടി ചെയ്യാത്തവരും എന്നാൽ മറ്റ് ഡ്യൂട്ടിയിലും ലൈറ്റ് ഡ്യൂട്ടിയിലും ഏർപ്പെട്ടിട്ടുള്ളവരുമായ ജീവനക്കാർക്ക് ടി കാലയളവിൽ വാഷിംഗ് അലവൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല.**

**എ. ടാങ്കർ ലോറി ഡ്രൈവർക്കും സഹായിക്കുമുള്ള ബത്തകൾ**

ടാങ്കർ ലോറി ഡ്രൈവർമാർക്ക് നിലവിൽ അനുവദിച്ചുവരുന്ന പ്രതിദിന ട്രാൻസ്പോർട്ടേഷൻ അലവൻസ് 75/- രൂപ എന്നത് 100/- രൂപയായും, സഹായിക്കുള്ള സ്പെഷ്യൽ അലവൻസ് 40/- രൂപ എന്നത് 55/- രൂപയായും കിലോമീറ്റർ അലവൻസ് 20 പൈസയിൽ നിന്ന് 27 പൈസയായും വർദ്ധിപ്പിക്കും. ലോഡുകളുടെ എണ്ണത്തിനനുസരിച്ച് നിലവിൽ നൽകിവരുന്ന ബത്തകളിന്മേൽ 33% വർദ്ധനവ് വരുത്തും.

# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

## സേവന - വേതന കരാർ - 2012

## അനുബന്ധം - IV

### സ്ഥലംമാറ്റത്തിനുള്ള മാർഗ്ഗ രേഖകൾ

കോർപ്പറേഷനിലെ ഭരണ നിർവ്വഹണത്തിന്റെ ഭാഗമായി ഇന്റർമീഡിയറ്റ്, ലോവർ ഡിവിഷനുകളിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് താഴെ പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡങ്ങളും നിയമങ്ങളും ബാധകമായിരിക്കും.

1. **ഹോം യൂണിറ്റ് - ഹോം സർക്കിൾ - ഹോം ഡിസ്ട്രിക്ട്**

1.01 **ഹോം യൂണിറ്റ്**

ഒരു ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയ മേൽവിലാസ പ്രകാരമുള്ള താമസസ്ഥലത്തുനിന്നും കെ.എസ്.ആർ.ടി.സി. ബസ് റൂട്ട് അനുസരിച്ചുള്ള ഏറ്റവും അടുത്ത കെ.എസ്.ആർ.ടി.സി. ഡിപ്പോ / സബ് ഡിപ്പോ / വർക്ക്ഷോപ്പ് ആയിരിക്കും ആ ജീവനക്കാരന്റെ ഹോം യൂണിറ്റ്.

1.02 **ഹോം സർക്കിൾ**

അനുബന്ധം IV-ബി-യിലും സൂചിപ്പിച്ചിട്ടുള്ള വിഭാഗങ്ങളിൽപ്പെട്ടവരൊഴികെയുള്ള ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം ഹോം സർക്കിളായിരിക്കും (അനുബന്ധം IV-എ).

1.03 **ഹോം ഡിസ്ട്രിക്ട്**

ഹോം യൂണിറ്റ് ഉൾപ്പെടുന്ന റവന്യൂ ജില്ലയാണ് ഹോം ഡിസ്ട്രിക്ട്.
അനുബന്ധം IV-ബി-യിലെ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് ഹോം ഡിസ്ട്രിക്ട് ആണ് മാനദണ്ഡം.

1.04 അനുബന്ധം IV-സി-യിലെ വിഭാഗങ്ങളെ സംബന്ധിച്ച് ഏറ്റവും അടുത്ത വർക്ക്ഷോപ്പോ, ടയർ ഷോപ്പോ, മേഖലയോ (Zone) ആയിരിക്കും ഹോം യൂണിറ്റ് / ഹോം സർക്കിൾ / ഹോം ഡിസ്ട്രിക്ട്.

അനുബന്ധം IV-ബി, IV-സി. എന്നിവയിൽ എണ്ണത്തിൽ കുറവായ വിഭാഗങ്ങളായി സൂചിപ്പിച്ചിരിക്കുന്നത് സ്ഥലമാറ്റവുമായി ബന്ധപ്പെട്ട ആവശ്യത്തിന് മാത്രമായിട്ടുള്ളതാണ്. ഗ്രേഡ് പ്രൊമോഷൻ ഉൾപ്പെടെ മറ്റാവശ്യങ്ങൾക്ക് യാതൊരു കാരണവശാലും ഇത് ഒരു മാനദണ്ഡമായി എടുക്കുന്നതല്ല.

1.05 **ചീഫ് ഓഫീസ്**

കോർപ്പറേഷന്റെ മുഖ്യ കാര്യാലയമായ ചീഫ് ഓഫീസ് പ്രത്യേകം യൂണിറ്റായിരിക്കും. ആയതിനാൽ ചീഫ് ഓഫിസിലേക്കുള്ള സ്ഥലം മാറ്റങ്ങൾക്ക് പ്രത്യേകം മാനദണ്ഡങ്ങൾ പാലിക്കുന്നതായിരിക്കും. ഈ മാനദണ്ഡങ്ങൾ ഇനി പറയുന്നു.

(എ) കോർപ്പറേഷൻ സർവ്വീസിൽ പ്രഥമ നിയമനം ലഭിക്കുന്നവരെ യാതൊരു കാരണ വശാലും ചീഫ് ഓഫീസിൽ നിയോഗിക്കുന്നതല്ല.

(ബി) എല്ലാ വിഭാഗങ്ങളിലേക്കും (സിവിൽ വിഭാഗത്തിലെ സാങ്കേതിക വിഭാഗം ഒഴികെ) ആവശ്യമായ ജീവനക്കാരെ സ്ഥലംമാറ്റത്തിന് സമ്മതമുള്ളവരിൽനിന്നും സ്ഥലംമാറ്റി നിയമിക്കും. ഇതിന് പാലിക്കേണ്ട മുൻഗണനാ ക്രമങ്ങൾ ഇനി പറയുന്നു.

(i) മിനിസ്റ്റീരിയൽ വിഭാഗത്തിൽ അസിസ്റ്റന്റും അതിനു മുകളിലെയും തസ്തികയിലുള്ളവർ.

(ii) മറ്റ് അടിസ്ഥാന വിഭാഗങ്ങളിൽ ഗ്രേഡ് I-ലോ അതിനു മുകളിലോ ഉള്ളവർ.

(സി) (i) 'ടി' മാനദണ്ഡങ്ങൾ പാലിച്ച് നിയമിക്കുവാൻ ആവശ്യമായ എണ്ണം ജീവനക്കാരെ ലഭിക്കാതെ വരുന്നപക്ഷം അതാതു വിഭാഗങ്ങളിൽ സ്ഥലം മാറ്റത്തിന് സമ്മതമുള്ളവരിൽ അവശേഷിക്കുന്നവരിൽനിന്നും സ്ഥലംമാറ്റ നിയമം പാലിച്ച് സർവ്വീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമിക്കും.

(ii) 'ടി' ബി (i) - (ii)-കളിലെ മാനദണ്ഡങ്ങളനുസരിച്ച് ആവശ്യത്തിലും കൂടുതൽ ജീവനക്കാരുണ്ടെങ്കിൽ സർവ്വീസ് സീനിയർക്ക് മുൻഗണന നൽകും.

(ഡി) എല്ലാ വർഷവും ഏപ്രിൽ മാസത്തിൽ ചീഫ് ഓഫീസിൽ കൂടുതൽകാലം സർവ്വീസുള്ളവരിൽ നിന്നും പത്ത് (10) ശതമാനം ജീവനക്കാരെ ഹോം യൂണിറ്റിലേക്കോ, ഹോം സർക്കിളിലേക്കോ, ഹോം ഡിസ്ട്രിക്ടിലേക്കോ മാറ്റിയശേഷം നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചു സ്ഥലം മാറ്റത്തിന് സമ്മതമുള്ളവർക്ക് മുൻഗണ നൽകും.

(ഇ) തിരുവനന്തപുരം റവന്യൂ ജില്ലയിലൊഴികെയുള്ള ജീവനക്കാർക്ക് ചീഫ് ഓഫീസിൽ ചെലവഴിച്ചകാലം അവരുടെ ഹോം യൂണിറ്റ് / ഹോം സർക്കിൾ / ഹോം ഡിസ്ട്രിക്ടിന് വെളിയിൽ ചെലവഴിച്ചതായി കണക്കാക്കും.

1.06 **ഹോം യൂണിറ്റ് മാറ്റം**

(എ) പ്രഥമ നിയമന സമയത്ത് സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയ ഹോം യൂണിറ്റ് മാറ്റുന്നതിന് ജീവനക്കാർക്ക് അവകാശമുണ്ടായിരിക്കും. ജീവനക്കാരുടെ അപേക്ഷകളിന്മേൽ ആവശ്യമായ അന്വേഷണം നടത്തി പ്രസ്തുത മാറ്റം അനുവദിക്കുന്നകാര്യം തീരുമാനിക്കും. ഇത് ആകെ സേവന കാലയളവിൽ രണ്ട് തവണയായി പരിമിതപ്പെടുത്തുന്നതാണ്.

എന്നാൽ സ്ഥലംമാറ്റ ഉത്തരവ് നിലവിലിരിക്കുമ്പോൾ ഇങ്ങനെയുള്ള ഹോം യൂണിറ്റ് മാറ്റം അനുവദിക്കുന്നതല്ല.

(ബി) ഹോം യൂണിറ്റ് മാറ്റത്തിന് അപേക്ഷ നൽകാതെ തന്നെ ഹോം യൂണിറ്റ് / ഹോം സർക്കിൾ / ഹോം ഡിസ്ട്രിക്ടിന് പുറത്തുള്ള യൂണിറ്റിൽ തുടർച്ചയായി അഞ്ചു വർഷം പൂർത്തിയാക്കുന്ന ജീവനക്കാരുടെ ഹോം യൂണിറ്റ് / ഹോം സർക്കിൾ / ഹോം ഡിസ്ട്രിക്ട് ആയി പ്രസ്തുത യൂണിറ്റ് സ്വമേധയാ മാറ്റപ്പെടുന്നതാണ്. ഈ വിവരം അതാതു യൂണിറ്റാഫീസർമാർ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. സ്ഥലം മാറ്റത്തിനുള്ള സീനിയോറിറ്റിക്ക് പ്രസ്തുത യൂണിറ്റിൽ പ്രവേശിച്ച തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

1.07 എല്ലാ വിഭാഗം ജീവനക്കാർക്കും താഴെപ്പറയുന്ന യൂണിറ്റുകൾക്ക് ഹോം ഡിസ്ട്രിക്ടിന്റെ പദവി ഉണ്ടായിരിക്കുന്നതാണ്.

(എ) കുമളി

ബി) കട്ടപ്പന

(സി) മാനന്തവാടി

(ഡി) മൂന്നാർ

(ഇ) സുൽത്താൻ ബത്തേരി

(എഫ്) കൽപ്പറ്റ

**2. <u>ഇൻകുംബൻസി</u>**

ഹോം യൂണിറ്റിന് / ഹോം സർക്കിളിന് / ഹോം ഡിസ്ട്രിക്ടിന് പുറത്ത് ജോലി ചെയ്യുന്ന ജീവനക്കാരന് തിരികെ മാറ്റം ലഭിക്കുന്നതിന് അർഹത നേടുന്നതിനായുള്ള ഏറ്റവും കുറഞ്ഞ സേവന കാലയളവാണ് ഇൻകുംബൻസി.

2.01 ഹോം യൂണിറ്റിൽ നിന്ന് 300 കി.മീറ്ററിനകലെയുള്ള യൂണിറ്റുകളിലും, സുൽത്താൻ ബത്തേരി, കൽപ്പറ്റ, മാനന്തവാടി, കുമളി, കട്ടപ്പന, മൂന്നാർ എന്നീ പ്രത്യേക യൂണിറ്റുകളിലും ഒരു വർഷത്തെ സജീവ ഡ്യൂട്ടിയും 100 മുതൽ 300 കി.മീറ്റർ വരെയുള്ള

യൂണിറ്റുകളിൽ രണ്ട് (2) വർഷത്തെ സജീവ ഡ്യൂട്ടിയും 100 കി.മീറ്ററിനകത്തുള്ള യൂണിറ്റുകളിൽ മൂന്ന് (3) വർഷത്തെ സജീവ ഡ്യൂട്ടിയും ആയിരിക്കും ഇൻകുംബൻസി.

(എ) ടയർ റീട്രേഡർ വിഭാഗങ്ങൾക്ക് 200 കി.മീറ്ററിന് അകലെയുള്ള യൂണിറ്റുകളിൽ ഒരു വർഷ സജീവ ഡ്യൂട്ടിയായിരിക്കും ഇൻകുംബൻസി. അവർക്ക് 'ടി' ഖണ്ഡികയിലെ തത്വം ബാധകമല്ല.

(ബി) എന്നാൽ 'ടി' പ്രത്യേക യൂണിറ്റുകൾ സ്ഥിതി ചെയ്യുന്ന റവന്യൂ ജില്ല ഹോം ഡിസ്ട്രിക്ടായിവരുന്ന ജീവനക്കാർക്ക് പ്രസ്തുത യൂണിറ്റുകളിലായാലും നിശ്ചിത ദൂരപരിധിക്കനുസരിച്ചുള്ള ഇൻകുംബൻസി ബാധകമായിരിക്കും.

(സി) നിശ്ചിത ഇൻകുംബൻസിയുടെ ഇരുപത്തിയഞ്ച് ശതമാനത്തിലധികമുള്ള (25) ആർജ്ജിത അവധികൾ ഇൻകുംബൻസി കാലത്തിന് കണക്കാക്കുന്നതല്ല. എന്നാൽ അവശതാവധി (Special Disability Leave) സജീവ ഡ്യൂട്ടിയായി പരിഗണിക്കും.

(ഡി) ആകെ ഇൻകുംബൻസിയുടെ 50 ശതമാനത്തിൽ കുറഞ്ഞ കാലയളവ് മാത്രമേ പൂർത്തിയാക്കിയിട്ടുള്ളുവെങ്കിൽ അത് പിന്നീടുള്ള സ്ഥലം മാറ്റത്തിൽനിന്ന് ഒഴിവാക്കുന്നതിന് പരിഗണിക്കുന്നതല്ല.

(ഇ) സ്വന്തം അപേക്ഷ പ്രകാരം ഹോം യൂണിറ്റ് / ഹോം സർക്കിൾ / ഹോം ഡിസ്ട്രിക്ടിന് പുറത്ത് സ്ഥലം മാറ്റപ്പെട്ടവർ നിശ്ചിത ഇൻകുംബൻസി പൂർത്തീകരിച്ചാൽ മാത്രമേ ഹോം യൂണിറ്റ് / ഹോം സർക്കിൾ / ഹോം ഡിസ്ട്രിക്ട്-ലേക്ക് സ്ഥലം മാറ്റത്തിന് അർഹത നേടുകയുള്ളൂ.

## 3. <u>സ്ഥലം മാറ്റത്തിനുള്ള സീനിയോറിറ്റി</u>

3.01 സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റി നിശ്ചയിക്കുന്നത് ഹോം യൂണിറ്റ് / ഹോം സർക്കിൾ / ഹോം ഡിസ്ട്രിക്ടിലെ തസ്തിക വ്യത്യാസം പരിഗണിക്കാതെയുള്ള തുടർച്ചയായ സേവനകാലം കണക്കിലെടുത്താണ്. സ്വന്തം ഹോം യൂണിറ്റ് / ഹോം സർക്കിൾ / ഹോം ഡിസ്ട്രിക്ട്-ന് പുറത്തുള്ള യൂണിറ്റിൽ ജോലി ചെയ്യുന്ന ജീവനക്കാരെയും അവിടെ നിന്നുള്ള സ്ഥലം മാറ്റത്തിനുള്ള സീനിയറെ നിശ്ചയിക്കുമ്പോൾ ഉൾപ്പെടുത്തുന്നതാണ്.

3.02 പുതിയ യൂണിറ്റുകൾ രൂപീകൃതമാകുമ്പോൾ ഏറ്റവും അടുത്തുള്ള ഹോം സർക്കിളിൽ ആയിരിക്കും പ്രസ്തുത യൂണിറ്റ് ഉൾപ്പെടുക. അതേ ഹോം സർക്കിൾ / ഹോം ഡിസ്ട്രിക്ടിൽപ്പെടുന്ന മാതൃയൂണിറ്റിലെ തുടർച്ചയായ സേവനകാലം കണക്കിലെടുത്ത് സീനിയോറിറ്റി നിശ്ചയിക്കുന്നതാണ്.

3.03 ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിനകത്തുള്ള പുതിയ യൂണിറ്റുകളിലേക്കുള്ള സ്ഥലം മാറ്റത്തിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ യഥാക്രമം പാലിക്കേണ്ടതാണ്.

(എ) സ്ഥലംമാറ്റത്തിന് സമ്മതമുള്ളവർ.

(ബി) പുതിയ യൂണിറ്റ് ഹോം യൂണിറ്റായി വരുന്നവർ.

(സി) പുതിയ യൂണിറ്റിലേക്ക് ഷെഡ്യൂളുകൾ മാറ്റപ്പെടുന്ന മാതൃ യൂണിറ്റുകളിൽ രണ്ടു വർഷം പൂർത്തിയാക്കിയവരിൽ ജൂനിയർ ആയവർ.

(ഡി) മറ്റ് യൂണിറ്റുകളിൽ നിന്ന് സ്ഥലംമാറ്റത്തിന് സമ്മതമുള്ളവരെ സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റി പ്രകാരം.

3.04 ഒരു യൂണിറ്റിൽ നിന്ന് ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിനു പുറത്തുള്ള യൂണിറ്റിലേക്ക് ഷെഡ്യൂളുകൾ മാറ്റപ്പെടുമ്പോൾ ആവശ്യമായ ജീവനക്കാരെ നിയോഗിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ യഥാക്രമം പാലിക്കേണ്ടതാണ്.

(എ) സ്ഥലം മാറ്റത്തിന് സമ്മതമുള്ള ജീവനക്കാരിൽ സ്ഥലം മാറ്റത്തിനുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ.

(ബി) പ്രസ്തുത യൂണിറ്റിൽ രണ്ട് വർഷം പൂർത്തിയാക്കിയവരിൽ സ്ഥലം മാറ്റത്തിനുള്ള സീനിയോറിറ്റി പ്രകാരം ജൂനിയർ ആയവർ.

(സി) മറ്റ് യൂണിറ്റുകളിലെ ജീവനക്കാരിൽ സ്ഥലം മാറ്റത്തിന് സമ്മതമുള്ളവരിൽ സീനിയോറിറ്റി അടിസ്ഥാനത്തിൽ.

3.05 ഓപ്പറേറ്റിംഗ് സെന്ററുകളിലേക്കുള്ള സ്ഥലംമാറ്റങ്ങളിൽ ചീഫ് ഓഫീസ് തലത്തിൽ നടത്തേണ്ടവയൊഴികെയുള്ളവ അതാതു മാതൃ യൂണിറ്റുകളിൽ നടത്തും.

3.06 മൂന്നാർ ഒഴികെയുള്ള ഓപ്പറേറ്റിംഗ് സെന്ററുകളിലേക്ക് ആവശ്യമായ ജീവനക്കാരെ മാതൃ യൂണിറ്റിൽ നിന്ന് മാറ്റി നിയമിക്കുന്നതിനുള്ള മുൻഗണനാക്രമം.

(എ) സ്ഥലം മാറ്റത്തിന് സമ്മതമുള്ളവർ.

(ബി) പ്രസ്തുത ഓപ്പറേറ്റിംഗ് സെന്ററും ജീവനക്കാരന്റെ താമസസ്ഥലവും തമ്മിലുള്ള ദൂരത്തെ അടിസ്ഥാനമാക്കി.

(സി) മാതൃ യൂണിറ്റിൽ രണ്ടു വർഷം പൂർത്തിയാക്കിയവരിൽ സ്ഥലം മാറ്റത്തിനുള്ള സീനിയോറിറ്റി പ്രകാരം ജൂനിയർ ആയവർ.

(ഡി) രണ്ടു വർഷം പൂർത്തിയാക്കാത്തവരിൽ നിന്നും സ്ഥലം മാറ്റത്തിനുള്ള സീനിയോറിറ്റി പ്രകാരം.

## 4. <u>സ്ഥലം മാറ്റത്തിന്റെ പ്രാബല്യം</u>

4.01 മേൽ 2.01 പ്രകാരമുള്ള ഇൻകുംബൻസിയുടെ 50% ഒരു യൂണിറ്റ് / സർക്കിൾ / ഡിസ്ട്രിക്ടിൽ പൂർത്തിയാക്കിയാൽ മാത്രമേ സ്ഥലം മാറ്റം പ്രാബല്യത്തിൽ വന്നതായി കണക്കാക്കുകയുള്ളൂ.

4.02 അവശതാവധി (Special Disability Leave) മേൽപ്പറഞ്ഞ 50% ഇൻകുംബൻസി കണക്കാക്കുന്നതിന് സജീവ ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്. എന്നാൽ 25 ശതമാനത്തിലധികമുള്ള ആർജ്ജിതാവധി ഇതിന് പരിഗണിക്കുന്നതല്ല.

## 5. <u>ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിൽ നിന്നുള്ള സ്ഥലംമാറ്റം</u>

5.01 സ്ഥലംമാറ്റത്തിന്റെ മാനദണ്ഡം സീനിയോറിറ്റിയാണ്. ജീവനക്കാർക്ക് ഒരേ സീനിയോറിറ്റി വന്നാൽ ജൂനിയറെ (ഗ്രഡേഷൻ / അഡ്വൈസ് ലിസ്റ്റ്) പരിഗണിക്കും. പ്രമോഷൻ മുഖേനയോ അല്ലാതെയോ സ്ഥലംമാറ്റം നടത്തുമ്പോൾ സർവ്വീസ് സീനിയറിന് ഒഴിവ് അനുസരിച്ച് കഴിയുന്നത്ര ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിനടുത്ത് നിയമനം നൽകും.

5.02 പുതുതായി പ്രൊമോഷനോ നിയമനമോ ലഭിച്ചവർക്ക് പോസ്റ്റിംഗ് നൽകാൻ വേണ്ടി മറ്റ് ജീവനക്കാരെ ഹോം യൂണിറ്റ് / സർക്കിൾ / ഡിസ്ട്രിക്ടിന് പുറത്ത് സ്ഥലം മാറ്റുന്നതല്ല.

5.03 സാധാരണ സ്ഥലം മാറ്റത്തിന് ഒരു മാസത്തെ അറിയിപ്പ് (One month's Notice) നൽകും. അറിയിപ്പ് കാലാവധി (Notice Period) കഴിഞ്ഞാൽ അടുത്ത ദിവസം മാറ്റൊരറിയിപ്പില്ലാതെ ജീവനക്കാരനെ വിടുതൽ ചെയ്യും.

എന്നാൽ താല്ക്കാലികമോ അടിയന്തിരാവശ്യം പ്രമാണിച്ചോ അച്ചടക്ക നടപടികളുടെ ഭാഗമായ ഭരണതല സ്ഥലം മാറ്റത്തിനോ (Transfer on Administrative Ground / Administrative ground due to disciplinary issue) മുന്നറിയിപ്പുണ്ടായിരിക്കുന്നതല്ല (Without any notice). അച്ചടക്ക നടപടികളുടെ ഭാഗമായല്ലാതെ സ്ഥലം മാറ്റപ്പെടുന്നവർക്ക് അവർ പുതിയ യൂണിറ്റിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ പരമാവധി മൂന്ന് (3) മാസക്കാലവും കുറഞ്ഞത് 75 ദിവസത്തെ സജീവ ഡ്യൂട്ടിയും പൂർത്തിയാക്കുന്ന മുറയ്ക്ക് തിരികെ മാറ്റം അനുവദിക്കും.

5.04 സ്ഥലം മാറ്റ നിയമമനുസരിച്ച് ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിലേക്ക് സ്ഥലം മാറ്റം ചെയ്യപ്പെട്ട ജീവനക്കാരെ ആർജ്ജിതാവധിയുൾപ്പെടെ രണ്ടു വർഷം പൂർത്തിയാക്കുന്നതിനുമുമ്പ് ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിന് പുറത്തേക്ക് സ്ഥലം മാറ്റുന്നതല്ല. എന്നാൽ അച്ചടക്കനടപടികളുടെ ഭാഗമായ ഭരണതല സ്ഥലം മാറ്റത്തിന് (Transfer on Administrative ground due to disciplinary issue) ഇത് ബാധകമല്ല.

## 6. ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിലേക്കുള്ള സ്ഥലംമാറ്റം

6.01 ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിന് പുറത്തുള്ള സേവനകാല ദൈർഘ്യമാണ് ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിലേക്കുള്ള സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം.

6.02 ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിനു പുറത്ത് നിശ്ചിത ഇൻകുംബൻസി പൂർത്തിയാക്കിയ ജീവനക്കാരെ ഹോം യൂണിറ്റിലേക്ക് സ്ഥലം മാറ്റുന്നതാണ്. അങ്ങനെ മാറ്റുന്നതിനുള്ള ഒഴിവ് പ്രസ്തുത യൂണിറ്റിൽ ഇല്ലെങ്കിൽ അവിടെ രണ്ടുവർഷം പൂർത്തിയാക്കിയവരിൽ സീനിയറെ ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിലെ മറ്റേതെങ്കിലും യൂണിറ്റിലേക്ക് പകരം സ്ഥലംമാറ്റുന്നതാണ്. എന്നാൽ അങ്ങനെ സ്ഥലം മാറ്റാൻ തക്ക ജീവനക്കാരില്ലെങ്കിൽ ഇൻകുംബൻസി പൂർത്തിയാക്കിയ ജീവനക്കാരന് ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിലെ ഒഴിവുള്ള ഏതെങ്കിലും യൂണിറ്റിലേക്ക് സ്ഥലം മാറ്റം നൽകുന്നതും ഹോം യൂണിറ്റിലെ സീനിയർ രണ്ടു വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രസ്തുത ജീവനക്കാരന് ഹോം യൂണിറ്റിൽ സ്ഥലം മാറ്റം നൽകുന്നതുമാണ്. മേൽപ്രകാരം ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിലെ ഒരു യൂണിറ്റിലും ഒഴിവില്ലാത്ത അവസ്ഥയുണ്ടായാൽ ഹോം ഡിസ്ട്രിക്ടിനു പുറത്തുള്ള സമീപ യൂണിറ്റുകളിലേതിലെങ്കിലും ഒഴിവിനനുസരിച്ച് സ്ഥലംമാറ്റം നൽകേണ്ടതും തൊട്ടടുത്തുവരുന്ന ഒഴിവിൽ ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിലേക്ക് മാറ്റം നൽകേണ്ടതുമാണ്.

6.03 ഡിസ്ട്രിക്ട് / സർക്കിളിലുണ്ടാകുന്ന പുതിയ ഒഴിവുകളിലേക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ അവിടെ നിന്നും മറ്റ് ഡിസ്ട്രിക്ട് / സർക്കിളുകളിലേക്ക് നേരത്തെ സ്ഥലംമാറ്റപ്പെട്ട ജീവനക്കാർക്ക് തിരികെ സ്ഥലം മാറ്റം നൽകേണ്ടതാണ് (നിലവിൽ സ്ഥലം മാറ്റത്തിനുള്ള ഇൻകുംബൻസി പൂർത്തിയാക്കിയില്ലെങ്കിലും; എന്നാൽ സീനിയോറിറ്റി അടിസ്ഥാനത്തിൽ).

6.04 ഹോം യൂണിറ്റ് / ഹോം സർക്കിൾ / ഹോം ഡിസ്ട്രിക്ടിനു പുറത്ത് ജോലി ചെയ്യുന്ന ജീവനക്കാരനെ ടി ജീവനക്കാരന്റെ സമ്മതം ഇല്ലാതെ തന്നെ ഹോം യൂണിറ്റ് / സർക്കിൾ / ഡിസ്ട്രിക്ടിലേക്ക് സ്ഥലം മാറ്റാവുന്നതാണ്.

## 7. പരസ്പര മാറ്റം

7.01 ഹോം ഡിസ്ട്രിക്ട് / സർക്കിളിനകത്തു മാത്രമേ പരസ്പരമുള്ള സ്ഥലംമാറ്റം അനുവദിക്കുകയുള്ളൂ.

## 8. പ്രൊമോഷനോടനുബന്ധിച്ചുള്ള സ്ഥലംമാറ്റം

8.01 സ്ഥാനക്കയറ്റത്തെത്തുടർന്നുള്ള നിയമനം പ്രസ്തുത സ്ഥാനക്കയറ്റത്തിന് ആസ്പദമായ ഒഴിവുവന്ന യൂണിറ്റിലായിരിക്കും സാധാരണഗതിയിൽ നടത്തുക. എന്നാൽ 'ടി' തസ്തികയിൽ പ്രസ്തുത ഹോം യൂണിറ്റ് / സർക്കിൾ / ഡിസ്ട്രിക്ടിനു പുറത്ത് ജോലി നോക്കിവരുന്ന ജീവനക്കാരുണ്ടെങ്കിൽ അവർക്ക് പ്രസ്തുത ഒഴിവിൽ സ്ഥലംമാറ്റം നൽകി പകരം പുതുതായി സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരനെ നിയമിക്കും.

8.02 ഹോം ഡിസ്ട്രിക്ട് / സർക്കിളിൽ ഒഴിവ് വരുന്നതുവരെ സ്ഥാനക്കയറ്റം താല്ക്കാലികമായി മാറ്റിവയ്ക്കാൻ അപേക്ഷിക്കുന്ന ജീവനക്കാരെ അതിന് അനുവദിക്കും. എന്നാൽ പ്രസ്തുത ഹോം ഡിസ്ട്രിക്ട് / സർക്കിളിന് പുറത്ത് ജോലി നോക്കുന്ന നേരത്തെ പ്രൊമോഷൻ ലഭിച്ച എല്ലാ സീനിയർമാർക്കും സ്ഥലംമാറ്റം അനുവദിച്ചതിനുശേഷമുള്ള ഒഴിവിൽ മാത്രമേ പ്രസ്തുത ജീവനക്കാർക്ക് പ്രൊമോഷന് അർഹത ഉണ്ടാകുകയുള്ളൂ.

ഇങ്ങനെ പ്രൊമോഷൻ താല്ക്കാലികമായി മാറ്റി വയ്ക്കപ്പെടുന്ന ജീവനക്കാരുടെ നിലവിലുള്ള തസ്തികയിലെ സീനിയോറിറ്റിയും റാങ്കും കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് (K.S & S.S.R) റൂൾ 27 അനുസരിച്ച് നേരത്തെ പ്രൊമോഷൻ ലഭിച്ചവരുടെ താഴെ ആയി നിർണ്ണയിക്കും.

8.03 പ്രൊമോഷനോടനുബന്ധിച്ച് സ്ഥലംമാറ്റം നൽകുമ്പോൾ സീനിയറെ ഏറ്റവും അടുത്തുള്ള യൂണിറ്റിൽ നിയമിക്കും.

## 9. സ്ഥലംമാറ്റത്തിൽനിന്ന് ഒഴിവാക്കൽ (Exemption from transfer)

9.01 സ്ഥലംമാറ്റ സംരക്ഷണം (Protection from transfer) ലഭിക്കുന്നതിലേക്ക് അംഗീകൃത തൊഴിലാളി സംഘടന സമർപ്പിച്ചതും കോർപ്പറേഷൻ അംഗീകരിച്ചതുമായ നാമനിർദ്ദേശപ്പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരെ അവർക്ക് സംരക്ഷണം അനുവദിച്ച കാലത്തേക്ക് അനുവദിക്കപ്പെട്ട യൂണിറ്റിൽനിന്നും സ്ഥലം മാറ്റത്തിൽ നിന്ന് ഒഴിവാക്കും.

9.02 സർവ്വീസിൽനിന്ന് വിരമിക്കുന്നതിന് രണ്ടു വർഷമോ അതിൽ കുറവോ സേവനകാലമുള്ള ജീവനക്കാരെ സാധാരണ ഗതിയിൽ ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിൽ നിന്ന് സ്ഥലം മാറ്റുന്നതല്ല.

'ടി' ജീവനക്കാരുടെ എണ്ണം നിലവിലുള്ള ഒഴിവുകളെ അധികരിക്കുന്ന പക്ഷം ഒരു വർഷം വരെ ബാക്കി സർവ്വീസുള്ള ജീവനക്കാരെ പരിഗണിക്കും.

'ടി' ജീവനക്കാരിൽ സൂപ്പർവൈസറി തസ്തികയിലുള്ള ജീവനക്കാർക്ക് ഹോം ജില്ലാ അടിസ്ഥാനത്തിൽ ഒഴിവുള്ള ഏറ്റവും അടുത്ത യൂണിറ്റിലായിരിക്കും സംരക്ഷണം ലഭിക്കുക.

9.03 ഡ്യൂട്ടിക്കിടയിൽ ഗുരുതരമായി പരിക്കേറ്റ് സർക്കാർ ആശുപത്രിയിലോ അംഗീകാരമുള്ള മറ്റ് ആശുപത്രികളിലോ ഒരു മാസക്കാലമോ കൂടുതലോ കിടത്തി ചികിത്സയിലായിരുന്ന (Treatment as Inpatient) ജീവനക്കാരെ ഡ്യൂട്ടിയിൽ പുനഃപ്രവേശിച്ചതിനുശേഷം ഒരു വർഷക്കാലം സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കും.

9.04 ജീവനക്കാരന്റെ ഭാര്യ / ഭർത്താവ് / മക്കൾ / അച്ഛൻ / അമ്മ എന്നിവരിൽ ആരെങ്കിലും മരണപ്പെട്ടാൽ പ്രസ്തുത ജീവനക്കാരനെ ആറ് മാസത്തേയ്ക്ക് സ്ഥലം മാറ്റത്തിൽനിന്ന് ഒഴിവാക്കും. മരണം സംഭവിച്ച് ഒരു മാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് സ്ഥലംമാറ്റ ഉത്തരവിന്റെ തീയതി മുതൽ ആറ് (6) മാസത്തേയ്ക്കും അതിനുശേഷം അപേക്ഷിക്കുന്നവർക്ക് മരണം സംഭവിച്ച ദിവസം മുതൽ ആറ് (6) മാസത്തേയ്ക്കും ഈ ആനുകൂല്യം അനുവദിക്കും.

9.05 സർക്കാരോ സർവ്വകലാശാലകളോ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും പാഠ്യപദ്ധതിയുടെ മുഴുവൻ സമയമല്ലാത്ത (Part time) പഠനത്തിന് ചീഫ് ഓഫീസ് അനുമതിയോടെ ഹാജരാകുന്ന ജീവനക്കാരനെ പ്രസ്തുത പാഠ്യപദ്ധതിയുടെ അദ്ധ്യയന കാലം തീരുന്നതുവരെ ഹോം സർക്കിളിൽ നിന്ന് സ്ഥലം മാറ്റുന്നതല്ല (തപാൽ മാർഗ്ഗമുള്ള പഠനത്തിന് ഈ ആനുകൂല്യം അനുവദിക്കുന്നതല്ല). ഈ ആനുകൂല്യം ലഭിക്കുന്നതിന് ക്ലാസുകൾക്ക് കൃത്യമായി ഹാജരാകുന്നുവെന്നതിന്റെ തെളിവിലേക്ക് തക്ക അധികാരസ്ഥരിൽനിന്നുള്ള സാക്ഷ്യപത്രം ഓരോ വർഷവും ഹാജരാക്കണം.

9.06 പ്രതിരോധ സേനകളിൽ സേവനമനുഷ്ഠിക്കുന്നവരുടെ അച്ഛൻ / അമ്മ / ഭാര്യ / മക്കൾ / സഹോദരങ്ങൾ ആയ ജീവനക്കാരെ ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിന് പുറത്തേയ്ക്ക് സ്ഥലം മാറ്റുന്നതല്ല. ഇങ്ങനെ സംരക്ഷണം ലഭിക്കുന്നതിനുവേണ്ടി അതാതു കമാൻഡിംഗ് ഓഫീസർ മുഖേന ലഭിച്ച പ്രസ്തുത സേനാംഗത്തിന്റെ അപേക്ഷയിന്മേൽ കോർപ്പറേഷൻ ആവശ്യമായ അന്വേഷണം നടത്തി അർഹതയുണ്ടെന്ന് കാണുന്നപക്ഷം ഒരു വർഷക്കാലത്തേയ്ക്ക് സ്ഥലം മാറ്റത്തിൽനിന്ന് ഒഴിവ് അനുവദിക്കും. തുടർന്നും സംരക്ഷണം ലഭിക്കേണ്ടതുണ്ടെങ്കിൽ മേൽനടപടിക്രമം ആവർത്തിക്കേണ്ടതാണ്.

9.07 ചുരുങ്ങിയത് അമ്പത് (50) ശതമാനമെങ്കിലും അംഗവൈകല്യമുണ്ടെന്ന ബന്ധപ്പെട്ട മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കുന്ന വികലാംഗരായ ജീവനക്കാരെ ഹോം യൂണിറ്റ് / ഹോം സർക്കിൾ / ഹോം ഡിസ്ട്രിക്ടിൽ നിയമിക്കും. സ്ഥാനക്കയറ്റം (Promotion) ലഭിക്കുമ്പോഴും കഴിയുന്നത്ര പ്രസ്തുത സംരക്ഷണം അനുവദിക്കും.

9.08 മിശ്രവിവാഹിതനോ, മിശ്ര വിവാഹിതയോ ആയ ജീവനക്കാർക്കും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്കും ആകെ സേവന കാലയളവിൽ പരമാവധി അഞ്ചു വർഷത്തേയ്ക്ക് സ്ഥലംമാറ്റത്തിൽനിന്ന് സംരക്ഷണം ലഭിക്കും. ഈ ആനുകൂല്യത്തിന് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ ബാധകമായിരിക്കും.

9.09 സ്ഥാനക്കയറ്റം വേണ്ടെന്നു വയ്ക്കുന്ന (Foregoing of promotion) ജീവനക്കാരെ നിലവിലുള്ള തസ്തികയിൽ തുടരുന്നിടത്തോളംകാലം ഹോം സർക്കിളിനു പുറത്തേയ്ക്ക് സ്ഥലംമാറ്റുന്നതല്ല.

9.10 കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ സഹകരണ സംഘങ്ങളുടെ ഭരണസമിതി നിർദ്ദേശിക്കുന്ന ഔദ്യോഗിക ഭാരവാഹിയായ ഒരു ജീവനക്കാരന് സ്ഥലംമാറ്റത്തിൽനിന്ന് സംരക്ഷണം ലഭിക്കും. സൂപ്പർവൈസറി തസ്തികയിലുള്ള ജീവനക്കാരനാണെങ്കിൽ റവന്യു ജില്ലാടിസ്ഥാനത്തിൽ തസ്തികയുള്ള യൂണിറ്റിൽ മാത്രമേ പ്രസ്തുത സംരക്ഷണം അനുവദിക്കുകയുള്ളൂ.

9.11 ഗർഭപാത്രം നീക്കംചെയ്യൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ജീവനക്കാരെ ബന്ധപ്പെട്ട വൈദ്യ ചികിത്സാ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു വർഷത്തേയ്ക്ക് സ്ഥലം മാറ്റത്തിൽ നിന്ന് ഒഴിവാക്കും.

9.12 ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കളായ ജീവനക്കാരേയും ബുദ്ധിമാന്ദ്യമുള്ള ഭാര്യ / ഭർത്താവ് ഉള്ള ജീവനക്കാരേയും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റത്തിൽനിന്ന് ഒഴിവാക്കും.

9.13 സ്വാതന്ത്ര്യസമര സേനാനികളുടെ മക്കളായ ജീവനക്കാരെ സ്ഥലംമാറ്റത്തിൽനിന്ന് ഒഴിവാക്കും. ഇതിനായി സ്വാതന്ത്ര്യസമര സേനാനിയുടെ അപേക്ഷ പെൻഷൻ പുസ്തകത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ലഭിച്ചിരിക്കേണ്ടതാണ്.

9.14 'ടി' 9.2 മുതൽ 9.13 വരെയുള്ള സ്ഥലംമാറ്റത്തിൽ നിന്നുള്ള ഒഴിവാക്കൽ അനുവദിക്കാൻ ഒഴിവുകളുടെ അഭാവത്തിൽ (Want of Vacancy) കഴിയാതെ വരുന്നപക്ഷം ട്രാൻസ്ഫർ സീനിയറിനെ സ്ഥലംമാറ്റും. സ്ഥലം മാറ്റത്തിൽനിന്നും ഒഴിവാക്കപ്പെട്ട ജീവനക്കാരനെ കാലാവധി തീരുന്ന മുറയ്ക്ക് സ്ഥലംമാറ്റി പ്രസ്തുത സ്ഥാനത്ത് 'ടി' ട്രാൻസ്ഫർ സീനിയറിനെ നിയമിക്കും.

## 10. <u>അനുകമ്പാർഹമായ തലത്തിലുള്ള (Compassionate ground) സ്ഥലംമാറ്റം</u>

10.01 ഡ്യൂട്ടിക്കിടയിൽ ഗുരുതരമായി പരിക്കേറ്റ് സർക്കാർ ആശുപത്രിയിലോ അംഗീകൃത ആശുപത്രിയിലോ (Notified Hospital) ഒരു മാസക്കാലം കിടത്തി ചികിത്സയ്ക്ക് (Treatment as In-patient) വിധേയനായ ജീവനക്കാരന് ഒരു വർഷത്തേയ്ക്ക് ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിലേക്ക് സ്ഥലം മാറ്റം നൽകും. ഇതിനായി ഒഴിവില്ലെങ്കിൽ ഹോം ഡിസ്ട്രിക്ട് / സർക്കിളിൽ നിന്ന് സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിച്ച് സീനിയറെ സ്ഥലംമാറ്റും.

10.02 ബ്രെയിൻ ട്യൂമർ, ക്യാൻസർ, ക്ഷയം എന്നീ രോഗങ്ങൾ ബാധിച്ചവർക്കും ഹൃദയ ശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ എന്നിവയ്ക്ക് വിധേയരായവർക്കും ഹോം യൂണിറ്റിലേക്ക് സ്ഥലംമാറ്റം അനുവദിക്കും. ഇതിനായി ഒഴിവില്ലെങ്കിൽ ഹോം ഡിസ്ട്രിക്ട് / ഹോം സർക്കിളിൽ നിന്ന് സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിച്ച് സീനിയറെ സ്ഥലം മാറ്റും. പ്രസ്തുത സർക്കിളിനകത്ത് ട്രാൻസ്ഫർ ജൂനിയർ നിൽപ്പുണ്ടെങ്കിൽ ഈ ആവശ്യത്തിലേക്ക് പ്രസ്തുത ജൂനിയറിനെ സ്ഥലംമാറ്റും.

10.03 ഗർഭപാത്രം നീക്കംചെയ്യൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ജീവനക്കാരെ ബന്ധപ്പെട്ട വൈദ്യ ചികിത്സാ സാക്ഷ്യപത്ര(Medical Certificate)ത്തിന്റെ അടിസ്ഥാനത്തിൽ ഹോം യൂണിറ്റിലേക്ക് സ്ഥലംമാറ്റം നൽകും.

10.04 ജീവനക്കാരന്റെ ഭാര്യ / ഭർത്താവ് / മക്കൾ / അച്ഛൻ / അമ്മ എന്നിവരിൽ ആരെങ്കിലും മരണപ്പെട്ടാൽ പ്രസ്തുത ജീവനക്കാരന് മരണദിവസം മുതൽ ആറ് മാസത്തേക്ക് ഹോം ഡിസ്ട്രിക്ട് / സർക്കിളിലേക്ക് ബന്ധപ്പെട്ട രേഖയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം അനുവദിക്കും. ഇതിനായി ഒഴിവില്ലെങ്കിൽ ട്രാൻസ്ഫർ സീനിയറിനെ സ്ഥലംമാറ്റും.

10.05 10.01 മുതൽ 10.03 വരെയുള്ള സ്ഥലം മാറ്റങ്ങൾക്ക് ഒഴിവില്ലാതെ വന്നാൽ പകരം ട്രാൻസ്ഫർ സീനിയറിനെ സ്ഥലം മാറ്റും. സ്ഥലം മാറ്റം ലഭിച്ച പ്രസ്തുത ജീവനക്കാരനെ കാലാവധി തീരുന്ന മുറയ്ക്ക് തിരിച്ച് സ്ഥലം മാറ്റി പ്രസ്തുത സ്ഥാനത്ത് 'ടി' ട്രാൻസ്ഫർ സീനിയറിനെ നിയമിക്കും.

10.06 സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് രണ്ട് (2) വർഷം മാത്രമുള്ളവർക്ക് ഹോം യൂണിറ്റ്, ഹോം സർക്കിൾ, ഹോം ഡിസ്ട്രിക്ടിലേക്ക് സ്ഥലംമാറ്റം (കഴിയുന്നത്ര) നൽകും.

11. **അച്ചടക്ക നടപടികളുടെ ഭാഗമായ ഭരണതല സ്ഥലംമാറ്റം (Transfer on Administrative ground due to disciplinary issues)**

അച്ചടക്ക നടപടികളുടെ ഭാഗമായി ഭരണതല സ്ഥലം മാറ്റ(Transfer on Administrative ground due to disciplinary issues)ത്തിന്റെ കാരണം ബന്ധപ്പെട്ട ഉത്തരവിൽ പ്രതിപാദിക്കും. കുറഞ്ഞത് ആറ് മാസത്തെയെങ്കിലും സജീവ ഡ്യൂട്ടി പൂർത്തിയാക്കിയാൽ മാത്രമേ ഇത്തരം സ്ഥലംമാറ്റം പുനഃപരിശോധിക്കുകയുള്ളൂ.

12. **പൊതു സ്ഥലംമാറ്റം (General Transfer)**

പൊതു സ്ഥലമാറ്റങ്ങൾ (General Transfer) എല്ലാ വർഷവും ഏപ്രിലിൽ നടത്തും. അതാതു വർഷം ഫെബ്രുവരി 28-ന് നിശ്ചിത ഇൻകുംബൻസി പൂർത്തിയായവരെ മാത്രമെ പൊതു സ്ഥലം മാറ്റത്തിന് പരിഗണിക്കുകയുള്ളൂ ഇതിലേക്ക് നിശ്ചിത ഫാറത്തിൽ അതാതു യൂണിറ്റാഫീസർ മുഖേന അപേക്ഷ സമർപ്പിക്കണം. അല്ലാതെയുള്ള അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

13. **നിർബ്ബന്ധിത സേവനം**

കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ റവന്യൂ ജില്ലകളിലെ യൂണിറ്റുകളിലും പ്രത്യേക യൂണിറ്റുകളിൽപ്പെട്ട മൂന്നാർ, കട്ടപ്പന, കുമളി എന്നിവിടങ്ങളിലും എല്ലാ വിഭാഗങ്ങളിലേയും പ്രഥമ നിയമനങ്ങൾക്ക് കുറഞ്ഞത് ഒരു വർഷത്തെ സജീവ സേവനം (Active Duty) നിർബന്ധമാക്കും.

## സ്ഥലം മാറ്റത്തിനുള്ള മാർഗ്ഗരേഖകൾ

## അനുബന്ധം - IV എ

**ഹോം സർക്കിൾ**

1. തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം സെൻട്രൽ, സെൻട്രൽ വർക്ക്സ്, പാപ്പനംകോട്, വികാസ്ഭവൻ, പേരൂർക്കട.
2. നെയ്യാറ്റിൻകര, വെള്ളറട, കാട്ടാക്കട, പാറശ്ശാല.
3. വിഴിഞ്ഞം, പൂവാർ.
4. നെടുമങ്ങാട്, പാലോട്, വിതുര, വെള്ളനാട്, ആര്യനാട്.
5. കിളിമാനൂർ, വെഞ്ഞാറമൂട്, ആറ്റിങ്ങൽ, കണിയാപുരം.
6. കൊല്ലം, കരുനാഗപ്പള്ളി, ചാത്തന്നൂർ.
7. കൊട്ടാരക്കര, ചടയമംഗലം, പത്തനാപുരം, പുനലൂർ, കുളത്തുപ്പുഴ, ആര്യങ്കാവ്.
8. പത്തനംതിട്ട, അടൂർ, പന്തളം.
9. ചെങ്ങന്നൂർ, തിരുവല്ല, മല്ലപ്പള്ളി, എടത്വാ, ചങ്ങനാശ്ശേരി.
10. കോട്ടയം, പാല, ഈരാറ്റുപേട്ട, പൊൻകുന്നം, എരുമേലി, വൈക്കം.
11. തൊടുപുഴ, മൂലമറ്റം.
12. കോതമംഗലം, മൂവാറ്റുപുഴ, പെരുമ്പാവൂർ, പിറവം.
13. മൂന്നാർ.
14. കട്ടപ്പന.
15. കുമളി.
16. ആലപ്പുഴ, ചേർത്തല.
17. കായംകുളം, ഹരിപ്പാട്, മാവേലിക്കര, റീജിയണൽ വർക്ക്ഷോപ്പ് - മാവേലിക്കര.

18. എറണാകുളം, അങ്കമാലി, നോർത്ത് പറവൂർ, റീജിയണൽ വർക്ക്ഷോപ്പ് - ആലുവ, ആലുവ.
19. ചാലക്കുടി, കൊടുങ്ങല്ലൂർ, ഇരിഞ്ഞാലക്കുട, മാള.
20. തൃശ്ശൂർ, പുതുക്കാട്, ഗുരുവായൂർ.
21. പാലക്കാട്, വടക്കാഞ്ചേരി, ചിറ്റൂർ, മണ്ണാർക്കാട്.
22. കോഴിക്കോട്, താമരശ്ശേരി, തൊട്ടിൽപ്പാലം, വടകര, റീജിയണൽ വർക്ക്ഷോപ്പ് - കോഴിക്കോട്.
23. പെരിന്തൽമണ്ണ, നിലമ്പൂർ, മലപ്പുറം.
24. എടപ്പാൾ, പൊന്നാനി.
25. സുൽത്താൻബത്തേരി, കൽപ്പറ്റ, മാനന്തവാടി.
26. കണ്ണൂർ, പയ്യന്നൂർ, തലശ്ശേരി.
27. കാസർഗോഡ്.

**അനുബന്ധം - IV ബി**

**എണ്ണത്തിൽ കുറവുള്ള വിഭാഗങ്ങൾ - എ (സ്ഥലംമാറ്റത്തിന് മാത്രമായിട്ടുള്ളത്)**

**I. മെക്കാനിക്കൽ വിഭാഗം**

1. അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ
2. ചാർജ്മാൻ
3. ഇലക്ട്രീഷ്യൻ
4. മെക്കാനിക്ക്
5. ബ്ലാക്സ്മിത്ത്
6. കോച്ച് ബിൽഡർ
7. പെയിന്റർ
8. ടിങ്കർ
9. വെൽഡർ
10. അപ്ഹോൾസ്റ്ററർ
11. ഗാരേജ് മസ്ദൂർ
12. പമ്പ് ഓപ്പറേറ്റർ
13. ടയർ ഇൻസ്പെക്ടർ

**II. മിനിസ്റ്റീരിയൽ വിഭാഗം**

1. സൂപ്രണ്ട്
2. ഫെയർ കോപ്പി സൂപ്രണ്ട്
3. ടൈപ്പിസ്റ്റ്
4. സ്റ്റെനോഗ്രാഫർ
5. പ്യൂൺ
6. ബൈൻഡർ
7. സെക്യൂരിറ്റി സ്റ്റാഫ്
8. സ്റ്റോർ സ്റ്റാഫ്
9. സാനിട്ടറി സ്റ്റാഫ്

**III. ഓപ്പറേറ്റിംഗ് സ്റ്റാഫ്**

1. സ്റ്റേഷൻ മാസ്റ്റർ
2. വെഹിക്കിൾ സൂപ്പർവൈസർ / ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ

**അനുബന്ധം - IV സി**

**എണ്ണത്തിൽ കുറവുള്ള വിഭാഗങ്ങൾ - ബി (സ്ഥലംമാറ്റത്തിന് മാത്രമായിട്ടുള്ളത്)**

1. മെഷീനിസ്റ്റ്
2. മോൾഡർ
3. ബോയിലർ ഓപ്പറേറ്റർ
4. ഇൻസ്ട്രമെന്റ് മെക്കാനിക്ക്
5. ഗ്ലാസ്സ് കട്ടർ
6. ടയർ റീട്രേഡർ
7. ചാർജ്മാൻ (ടയർ റീട്രേഡർ)
8. ചാർജ്മാൻ (ജനറൽ)
9. അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ
   (ജനറൽ, ടയർ റീട്രേഡർ, ടയർ മെയിന്റനൻസ്, ഇലക്ട്രീഷ്യൻ)

# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

## സേവന - വേതന കരാർ - 2012

## അനുബന്ധം - V

## പുതുക്കിയ യാത്രാബത്ത നിരക്കുകൾ

സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കുകൾ അവർക്ക് ബാധകമായ വ്യവസ്ഥകളിന്മേൽ അനുവദിച്ചുവരുന്നത് തുടരും. യാത്രാബത്തയുടെ പരിഷ്കരിച്ച സർക്കാർ നിരക്കുകൾ ചുവടെ ചേർക്കുന്നു.

**ജീവനക്കാരുടെ ഗ്രേഡനുസരിച്ചുള്ള തരംതിരിച്ചുള്ള നിരക്കുകൾ**

| ഗ്രേഡ് | അടിസ്ഥാന ശമ്പളത്തിന്റെ പരിധി | ദിന ബത്ത (Daily Allowance) നിരക്ക് | | അനുബന്ധ ചെലവുകൾ (Incidental expenses) രൂപ |
|---|---|---|---|---|
| | | സംസ്ഥാനത്തിനകത്ത് രൂപ | സംസ്ഥാനത്തിന് പുറത്ത് രൂപ | |
| ഗ്രേഡ് I | 25280/-നും അതിനു മുകളിലും | 250 | 350 | 0.50 |
| ഗ്രേഡ് II (എ) | 21240/-നും അതിനു മുകളിലും എന്നാൽ 25280/-ന് താഴെയും | 200 | 250 | 0.40 |
| ഗ്രേഡ് II (ബി) | 13900/-നും അതിന് മുകളിലും എന്നാൽ 21240/-ന് താഴെയും | 200 | 225 | 0.35 |
| ഗ്രേഡ് III | 8960/-നും അതിന് മുകളിലും എന്നാൽ 13900/-ന് താഴെയും | 150 | 175 | 0.30 |
| ഗ്രേഡ് IV | 8960/-ന് താഴെ | 150 | 175 | 0.30 |

**അനുവദനീയമായ മുറിവാടകയുടെ പ്രതിദിന നിരക്കുകൾ**

| ഗ്രേഡ് | ന്യൂഡൽഹി, മുംബൈ, കൽക്കട്ട, ചെന്നൈ | സംസ്ഥാനത്തിന് പുറത്തുള്ള മറ്റ് നഗരങ്ങളിൽ |
|---|---|---|
| ഗ്രേഡ് I | 1500 | 1000 |
| ഗ്രേഡ് II (എ) | 1500 | 1000 |
| ഗ്രേഡ് II (ബി) | 1200 | 750 |
| ഗ്രേഡ് III | 1200 | 750 |
| ഗ്രേഡ് IV | 800 | 700 |

**അനുവദനീയമായ അന്തർസംസ്ഥാന തീവണ്ടി (ട്രെയിൻ) യാത്രാ സൗകര്യത്തിന്റെ സ്വഭാവം**

| | |
|---|---|
| ഗ്രേഡ് I | II ക്ലാസ് എ.സി |
| ഗ്രേഡ് II (എ) | I ക്ലാസ് (I ക്ലാസ് ലഭ്യമല്ലാത്ത തീവണ്ടിയിൽ II ക്ലാസ് എ.സി) |
| ഗ്രേഡ് II (ബി) | III ക്ലാസ് എ.സി. (III ക്ലാസ് എ.സി. ലഭ്യമല്ലാത്ത ട്രെയിനിൽ I ക്ലാസ്) |
| ഗ്രേഡ് III | II ക്ലാസ് |
| ഗ്രേഡ് IV | II ക്ലാസ് |

സംസ്ഥാനത്തിന് പുറത്തായാൽപോലും തീവണ്ടി (ട്രെയിൻ) യാത്രയ്ക്ക് മുൻകൂർ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. ടിക്കറ്റ് ചാർജ് അനുവദിച്ചുകിട്ടണമെങ്കിൽ അസ്സൽ ടിക്കറ്റ് തന്നെ ഹാജരാക്കേണ്ടതുമാണ്. എന്നാൽ സംസ്ഥാനത്തിനകത്ത് നടത്തുന്ന തീവണ്ടി (ട്രെയിൻ) യാത്രയ്ക്ക് ടിക്കറ്റ് ചാർജ് അനുവദിക്കുന്നതല്ല.

യാത്രബത്തയെ സംബന്ധിക്കുന്ന നിലവിലുള്ള ഉത്തരവിലെ ഇതര വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരും.

# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

## സേവന - വേതന കരാർ - 2012

## അനുബന്ധം - VI

**കോർപ്പറേഷൻ ജീവനക്കാർക്കും അവരുടെ ബന്ധുക്കൾക്കും ഖണ്ഡം XXIII അനുസരിച്ചുള്ള ചികിത്സാ ചെലവ് അനുവദിക്കുന്നതിനുള്ള ആശുപത്രികളുടെ പട്ടിക (കേരള സർക്കാർ അംഗീകൃതം)**

| ക്രമ നമ്പർ | ആശുപത്രി | സർക്കാർ ഉത്തരവ് | അംഗീകരിച്ചിട്ടുള്ള ചികിത്സ |
|---|---|---|---|
| 1. | അമലാ ക്യാൻസർ സെന്റർ, തൃശ്ശൂർ | ജി.ഒ.(എം.എസ്) നമ്പർ 195/84/എച്ച്.ഡി. തീയതി: 25.07.1984 | ക്യാൻസർ |
| 2. | കാരിത്താസ് ആശുപത്രി, കോട്ടയം | ജി.ഒ.(പി) നമ്പർ 524/11/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 24.10.2011 | |
| 3. | റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം | ജി.ഒ.(എം.എസ്.) നമ്പർ 81/89/എച്ച് & എഫ് ഡബ്ല്യൂ.ഡി. തീയതി: 07.04.1989 | |
| 4. | മോൺ: ജോസഫ് കണ്ടത്തിൽ മെമ്മോറിയൽ ക്യാൻസർ റിസർച്ച് സെന്റർ, ചേർത്തല | നമ്പർ 558/2010/എച്ച് & എഫ്.ഡബ്ല്യൂ.ഡി. തീയതി: 21.08.2010 (എം.ആർ.സി. & ഐ.എഫ്.എൽ) | |
| 5. | ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, തിരുവനന്തപുരം | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | സി.എ.ഡി |
| 6. | ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, തിരുവനന്തപുരം | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി. തീയതി: 18.02.1997 | **പീഡിയാട്രിക്സ്**<br>1. ട്രീറ്റ്മെന്റ് ഓഫ് സ്പ്ലാസ്റ്റിക് അനീമിയ തലസീമിയ റിക്വയറിംഗ് ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ<br>2. എ.റ്റി.ജി. / എ.എൽ.ജി ട്രീറ്റ്മെന്റ്.<br>3. ലൈഫ് സേവിംഗ് സർജറി ഫോർ കൺജനിറ്റൽ ഹാർട്ട് ഡിസീസസ്.<br>4. ട്രീറ്റ്മെന്റ് ഓഫ് അക്യൂട്ട് ലുക്കീമിയ ഇൻ ചിൽഡ്രൻ.<br>5. എൻഡ് സ്റ്റേജ് റീനൽ ഡിസീസസ് ഇൻ പ്രിപ്പറേഷൻ ഫോർ റീനൽ ട്രാൻസ്പ്ലാന്റേഷൻ. |
| 7. | മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, കൊച്ചി | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | |
| 8. | കൊമരൻചന്ദ് യൂറോളജി & റീനൽ ട്രാൻസ്പ്ലാന്റേഷൻ സെന്റർ, എറണാകുളം | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | |
| 9. | ലിസി ആശുപത്രി, എറണാകുളം | | |

| | | | |
|---|---|---|---|
| 10. | കോസ്മോപോളിറ്റൻ ആശുപത്രി, തിരുവനന്തപുരം | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | **ഓർത്തോപീഡിക്സ്**<br>1. ട്യൂമർ റീസെക്ഷൻ & പ്രോസ്തെസിസ്.<br>2. ട്യൂമർ ഓഫ് ലുംബർ & തൊറാസിക്, വെർട്രിബ്രൽ ബോഡീസ് - ആന്റീരിസ് & പോസ്റ്റീരിയർ ഫ്യൂഷൻ നീഡഡ്.<br>3. ടോട്ടൽ നീ (Knee) റീപ്ലേസ്മെന്റ്<br>4. സ്കോളിയോസിസ് സർജറി,<br>5. ഇന്റർനോക്കിംഗ് നെയിൽ |
| 11. | എസ്.യു.റ്റി. ആശുപത്രി, തിരുവനന്തപുരം | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | |
| 12. | എറണാകുളം മെഡിക്കൽ സെന്റർ, കൊച്ചി | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | |
| 13. | മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം & തൃശ്ശൂർ | | |
| 14. | മാതാ ആശുപത്രി, തൃശ്ശൂർ | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | |
| 15. | എൻ.എസ്. മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് പാലത്തറ, കൊല്ലം | ജി.ഒ.(പി) നമ്പർ 94/2011 തീയതി: 14.02.2011 | |
| 16. | മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, കൊച്ചി | | |
| 17. | ശ്രീ. ഉത്രാടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | ഫാറ്റ് എംബോളിസം കേസസ് റിക്വറിംഗ് വെന്റിലേറ്ററി സപ്പോർട്ട്. |
| 18. | ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, തിരുവനന്തപുരം | | |
| 19. | മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | ജോയിന്റ് റിപ്ലേസ്മെന്റ് സർജറി ഫോർ നീ & ഹിപ്പ് |
| 20. | മെഡിക്കൽ കോളേജ്, ആശുപത്രി, തൃശ്ശൂർ | | |
| 21. | എസ്.യു.റ്റി. ആശുപത്രി, തിരുവനന്തപുരം | | |

| | | | |
|---|---|---|---|
| 22. | ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | **<u>ജനറൽ സർജറി</u>**<br>1. റാഡിക്കൽ കാൻസർ സർജറി<br>2. ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ<br>3. വാസ്ക്കുലർ ഗ്രാഫ്റ്റ് സർജറി |
| 23. | മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | |
| 24. | മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, കൊച്ചി | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | |
| 25. | കൊമരൻചന്ദ് യൂറോളജി & റീനൽ ട്രാസ്പ്ലാന്റേഷൻ സെന്റർ, എറണാകുളം | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | |
| 26. | റീജിയണൽ ക്യാൻസർ സെന്ററുകൾ (കേരളം) | | |
| 27. | എസ്.യു.റ്റി. ആശുപത്രി, തിരുവനന്തപുരം | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | <u>കാർഡിയോളജി & കാർഡിയോ വാസ്കുലർ സർജറി</u><br>1. കൊറോണറി ആർട്ടറി ബൈപാസ് സർജറി.<br>2. എമർജൻസി ഹാർട്ട് ഓപ്പൺ സർജറി.<br>3. പീഡിയാട്രിൽ കാർഡിയാക്ക് സർജറി ഇൻ ന്യൂ ബോൺ & ഇൻഫന്റ്സ്.<br>4. വാൽവ് റീ-പ്ലേസ്മെന്റ് സർജറി.<br>5. പേസ് മേക്കർ ഇംപ്ലാന്റേഷൻ |
| 28. | മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, കൊച്ചി | ജി.ഒ.(പി) നമ്പർ 45/97/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.1997 | |
| 29. | ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, തിരുവനന്തപുരം | | |
| 30. | ലിസി ആശുപത്രി, എറണാകുളം | | |
| 31. | അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, എറണാകുളം | ജി.ഒ.(പി) നമ്പർ 230/00/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.08.2000 | കാർഡിയോളജി |
| 32. | പി.ആർ.എസ്. ആശുപത്രി, തിരുവനന്തപുരം | ജി.ഒ.(പി) നമ്പർ 71/01/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 15.03.2001 | |
| 33. | സ്പെഷ്യലിസ്റ്റ് ആശുപത്രി | ജി.ഒ.(പി) നമ്പർ 71/01/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 15.03.2001 | ഓർത്തോപീഡിക്സ് |
| 34. | പി.ആർ.എസ്. ആശുപത്രി, തിരുവനന്തപുരം | ജി.ഒ.(പി) നമ്പർ 71/01/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 15.03.2001 | |

| | | | |
|---|---|---|---|
| 35. | എസ്.പി. ഫോർട്ട് ആശുപത്രി, തിരുവനന്തപുരം | ജി.ഒ.(പി) നമ്പർ 71/01/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 15.03.2001 | ഓർത്തോപീഡിക്സ് |
| 36.<br><br>37.<br><br>38.<br><br>39. | നാഷണൽ ആശുപത്രി, കോഴിക്കോട്<br><br>മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്<br><br>മെഡിക്കൽ കോളേജ് ആശുപത്രി, കൊച്ചി<br><br>കൊമരൻചന്ദ് യൂറോളജി & റീനൽ ട്രാൻസ്പ്ലാന്റേഷൻ സെന്റർ, കൊച്ചി | ജി.ഒ.(പി) നമ്പർ 71/01/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 15.03.2001 | റീനൽ ട്രാൻസ്പ്ലാന്റേഷൻ ഫോർ റീനൽ ഡിസീസസ്. |
| 40. | സ്പെഷ്യലിസ്റ്റ് ആശുപത്രി, എറണാകുളം | ജി.ഒ.(പി) നമ്പർ 71/01/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 15.03.2001 | പ്ലാസ്റ്റിക് റീകൺസ്ട്രക്ടീവ് സർജറി |
| 41.<br><br>42. | പി.ആർ.എസ്. ആശുപത്രി, തിരുവനന്തപുരം<br><br>സ്പെഷ്യലിസ്റ്റ് ആശുപത്രി, എറണാകുളം | ജി.ഒ.(പി) നമ്പർ 71/01/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 15.03.2001 | യൂറോളജി |
| 43. | എസ്.പി. ഫോർട്ട് ആശുപത്രി, തിരുവനന്തപുരം | ജി.ഒ.(പി) നമ്പർ 71/01/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 15.03.2001 | തൊറാസിക് സർജറി |
| 44. | എൻ.എസ്.എസ്. മെഡിക്കൽ മിഷൻ ആശുപത്രി, പന്തളം, പത്തനംതിട്ട | ജി.ഒ.(പി) നമ്പർ 257/86/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 22.12.1986 | ആൾ ഡിസീസസ് |
| 45. | അൽ ഷിഫാ ആശുപത്രി, പെരുന്തൽമണ്ണ | ജി.ഒ.(പി) നമ്പർ 2175/03/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 21.07.2003 | ഓർത്തോപീഡിക്സ് |
| 46. | നാഷണൽ ആശുപത്രി, കോഴിക്കോട് | ജി.ഒ.(പി) നമ്പർ 71/01/എച്ച് & എഫ്.ഡബ്ല്യൂ.ഡി. | റീനൽ ട്രാൻസ്പ്ലാന്റേഷൻ ഫോർ റീനൽ ഡിസീസസ് |

| | | | |
|---|---|---|---|
| 47. | കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് & സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് ലിമിറ്റഡ്, പരിയാരം | ജി.ഒ.(പി) നമ്പർ 182/05/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 13.07.2005 | 1. കാർഡിയോളജി<br>2. കാർഡിയോ തൊറാസിക് സർജറി<br>3. നെഫ്രോളജി<br>4. ഓർത്തോപീഡിക്സ് |
| 48. | ലക്ഷ്മി ആശുപത്രി, എറണാകുളം | ജി.ഒ.(പി) നമ്പർ 136/02/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 15.06.2002 | 1. കാർഡിയോളജി<br>2. നിയോനറ്റോളജി<br>3. പീഡിയാട്രിക്സ്<br>4. പീഡിയാട്രിക് സർജറി |
| 49.<br>50. | മൗലാനാ ആശുപത്രി, പെരുന്തൽമണ്ണ<br>കെ.പി.എം.ആശുപത്രി, പ്രൈവറ്റ് ലിമിറ്റഡ്, മലപ്പുറം | ജി.ഒ.(പി) നമ്പർ 71/01/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 15.03.2001 | കാർഡിയോളജി |
| 51. | ഫാത്തിമ ആശുപത്രി, കോഴിക്കോട് | ജി.ഒ.(പി) നമ്പർ 104/01/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 31.03.2001 | കാർഡിയോളജി |
| 52. | മലബാർ ക്യാൻസർ സെന്റർ സൊസൈറ്റി, കണ്ണൂർ | ജി.ഒ.(പി) നമ്പർ 251/02/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 01.10.2002 | ക്യാൻസർ |
| 53. | അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എറണാകുളം | ജി.ഒ.(പി) നമ്പർ 263/02/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 21.10.2002 | 1. ഗാസ്ട്രോ ഇന്റസ്റ്റൈനൽ ഡിസീസസ് & സർജറി (ഗാസ്ട്രോ എന്ററോളജി)<br>2. ഓർത്തോപീഡിക്സ്<br>3. റീനൽ ട്രാൻസ്പ്ലാന്റേഷൻ & ഡയാലിസിസ്<br>4. ന്യൂറോളി & ന്യൂറോ സർജറി<br>5. ഇൻവെസ്റ്റിഗേഷൻ ഇൻ റേഡിയോ ഡയഗ്ണോസിസ് ഡിപ്പാർട്ട്മെന്റ് ഇൻക്ലൂഡിംഗ് സി.റ്റി.സ്കാൻ, എം.ആർ.ഐ., അൽട്രാ സൗണ്ട് മുതലായവ<br>6. ആൾ ടൈപ്സ് ഓഫ് ലബോറട്ടറി ഇൻവെസ്റ്റിഗേഷൻസ്<br>7. യൂറോളജി ഇൻക്ലൂഡിംഗ് ലിത്തോർപ്സി<br>8. പീഡിയാട്രിക്സ് കാർഡിയോളജി<br>9. ന്യൂക്ലിയർ മെഡിസിൻ ഡിപ്പാർട്ട്മെന്റ് |

| | | | |
|---|---|---|---|
| 54. | തലശ്ശേരി സഹകരണ ആശുപത്രി, തലശ്ശേരി | ജി.ഒ.(പി) നമ്പർ 126/07/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 02.06.2007 | 1. കാർഡിയോളജി & കാർഡിയോ വസ്കുലാർ ഡിസീസ്<br>2. ന്യൂറോ മെഡിസിൻ<br>3. ന്യൂറോ സർജറി<br>4. യൂറോളജി<br>5. പീഡിയാട്രിക് മെഡിസിൻ & സർജറി<br>6. പ്ലാസ്റ്റിക് സർജറി<br>7. ഓങ്കോളജി<br>8. ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി<br>9. ഓർത്തോപീഡിക്സ്<br>10. ഇ.എൻ.ടി.<br>11. ഡെർമറ്റോളജി.<br>12. ജനറൽ മെഡിസിൻ.<br>13. ഒപ്താൽമോളജി<br>14. ജനറൽ സർജറി |
| 55. | എ.കെ.ജി. സ്മാരക ആശുപത്രി, കണ്ണൂർ | ജി.ഒ.(പി) നമ്പർ 126/07/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 02.06.2007 | |
| 56. | തലശ്ശേരി സഹകരണ ആശുപത്രി | ജി.ഒ.(പി) നമ്പർ 316/2009 തീയതി: 09.09.2009 | എൻഡോക്രിനോളജി |
| 57. | ഇ.എം.എസ്. സ്മാരക സഹകരണ ആശുപത്രി & റിസർച്ച് സെന്റർ, പെരിന്തൽമണ്ണ | ജി.ഒ.(പി) നമ്പർ 126/07/എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി: 18.02.2007 | 1. കാർഡിയോളജി<br>2. ന്യൂറോളജി<br>3. നെഫ്രോളജി<br>4. ഗ്യാസ്ട്രോ എന്ററോളജി<br>5. ആന്ത്രോളജി<br>6. യൂറോളജി<br>7. ഇൻഫെർട്ടിലിറ്റി<br>8. പീഡിയാട്രിക് സർജറി<br>9. ന്യൂറോസർജറി<br>ഇൻവെസ്റ്റിഗേഷൻസ്<br>എം.ആർ.ഐ.സ്കാൻ, സി.റ്റി.സ്കാൻ, എക്കോ കാർഡിയോഗ്രാഫി, ടി.എം.ടി., ഇ.ഇ.ജി. നെർവ് കണ്ടക്ഷൻ സ്റ്റഡീസ്. |
| 58. | ലിസി ആശുപത്രി, എറണാകുളം | ജി.ഒ.(പി) നമ്പർ 291/2011/ എച്ച്. & എഫ്.ഡബ്ല്യൂ.ഡി. തീയതി: 30.04.2011 | 1. കാർഡിയോളജി<br>2. കാർഡിയോ തൊറാസിക് സർജറി.<br>3. ന്യൂറോ സർജറി.<br>4. ഓർത്തോപീഡിക്സ്.<br>5. നെഫ്രോളജി.<br>6. യൂറോളജി. |
| 59. | ലക്ഷ്മി ആശുപത്രി, തൃപ്പൂണിത്തറ | ജി.ഒ.(പി) നമ്പർ 291/2011/ എച്ച് & എഫ്. ഡബ്ല്യൂ. ഡി. തീയതി: 30.04.2011 | ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി. |
| 60. | ലക്ഷ്മി ആശുപത്രി, ഉദ്യോഗമണ്ഡൽ, എറണാകുളം | | ജനറൽ മെഡിസിൻ, പീഡിയാട്രിക്സ് |

| | | | |
|---|---|---|---|
| 61. | ലക്ഷ്മി ആശുപത്രി, ആലുവ | ജി.ഒ.(പി) നമ്പർ 291/2011/ എച്ച് & എഫ്. ഡബ്ല്യൂ. ഡി. തീയതി: 30.04.2011 | പീഡിയാട്രിക്സ്, ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി. |
| 62. | ലക്ഷ്മി ആശുപത്രി, പെരുമ്പാവൂർ | | പീഡിയാട്രിക്സ്, ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി, ജനറൽ മെഡിസിൻ. |

***